Rev. K. K. George

നമ്പർ 1.

മാരാമൺ കൺവൻഷൻ പ്രസംഗങ്ങൾ.

പ്രാരംഭയോഗം 7—7—1114 ഞായർ

പ്രാസംഗികൻ, ഡാക്ടർ സ്റ്റാൻലിജോൺസ് എം. എ.

പരിഭാഷകൻ

റവ: കെ. ഇ. ഉമ്മൻ ബി. എ.

പ്രസാധകൻ,

എം. എം. മാമ്മൻ.

നമ്മുടെ ആദ്യത്തെ ഈ യോഗത്തിൽ ദൈവം നമ്മോടുകൂടെ ഉണ്ടായിരിക്കുന്നതിനു ദൈവത്തോടു നമ്മുടെ തലകുളെ കുനിച്ചുകൊണ്ടു പ്രാർത്ഥിക്കാം. നിങ്ങളോടുകൂടി ഈ മഹായോഗത്തിൽ ഞാൻ വന്നിട്ട് ഇപ്പോൾ ഒരു വർഷം ആയിരിക്കുന്നുവല്ലോ. ഞാൻ ഭൂലോകം മുഴുവൻ ഒരു പ്രാവശ്യം ചുറ്റിസഞ്ചരിച്ചു വന്നിരിക്കയാണു്. ആദ്യം ഞാൻ ഓസ്ട്രേലിയായിൽ പോയി. അവിടെനിന്നും ന്യൂസിലാൻഡിലും പിന്നീട് അമേരിക്കയ്ക്കും പോയി. അവിടെ വെച്ചു വിദ്യാർത്ഥികളുടെ ഒരു യോഗത്തിൽ സംബന്ധിച്ചു. തദനന്തരം ഇംഗ്ലണ്ടിൽ എത്തി. അവിടെ നിന്നും വിമാനംവഴി ഇൻഡ്യയിൽ വന്നു. ഭൂലോകം ഉരുണ്ടതാണെന്നു് എനിക്കു് ഇപ്പോൾ ബോധ്യമായി. അതിന്റെ ഒരു വശത്തുകൂടി സഞ്ചരിച്ചു മറുവശത്തെത്തി. ഞാൻ തിരുവിതാംകൂറിൽനിന്നും കഴിഞ്ഞപ്രാവശ്യം പോയ

പ്പോൾ തിരുവിതാംക്കൂർ വളരെ ശാന്തമായിരുന്നു ഞാൻ പോയശേഷം തിരുവിതാംക്കൂറിൽ നടന്നസംഭവങ്ങൾ ഞാൻ കേട്ടുകൊണ്ടാണിരുന്നതു്. നിങ്ങൾ ഈ സംഗതിയിൽ അനുക്രൂലികളോ പ്രതിക്രൂലികളോ ആയിരുന്നാലും തിരുവിതാംക്കൂർ മുമ്പിലത്തെക്കാൾ ക്രൂടുതൽ ചൈതന്യമുള്ള ഒരു രാജ്യമായിട്ടാണു് തീർന്നിരിക്കുന്നതു്. ഇപ്രകാരമുള്ള ഒരു വായുമണ്ഡലത്തിൽ നിന്നുകൊണ്ടു് സുവിശേഷം പറയുന്നതിനും കേൾക്കുന്നതിനും ആണു് നാം ക്രൂടിയിരിക്കുന്നതു്. മനുഷ്യജീവിതത്തിൽ സാമൂഹ്യമായും ധനസംബന്ധമായും രാഷ്ട്രീയമായും വളരെ മാറങ്ങൾ വന്നുകൊണ്ടിരിക്കുന്നു. പല മനുഷ്യരുടെയും ആവശ്യങ്ങൾ ഒന്നുതന്നെ. മനുഷ്യക്കു് പണ്ടു മുതലേയുള്ള ആവശ്യങ്ങളും ഇപ്പോഴുള്ള ആവശ്യങ്ങളും നാം ഈ ദിനങ്ങളിൽ കേൾക്കുന്നതായിയിരിക്കും. അമേരിക്കയിൽ ഒരു യോഗത്തിൽ ഞാൻ പ്രസംഗിക്കുന്നതിനു മുമ്പായി 3 പേർ പ്ലാറ്റുഫോറത്തിനടുത്തുവന്നു അവക്കു് കേൾക്കേണ്ടതു് എന്താണ് എന്നു പറകയുണ്ടായി ആദ്യമായി വന്നതു് പട്ടക്കാരനായിരുന്നു. അവിടെ ക്രൂടിയിരുന്ന പട്ടക്കാക്കുള്ള ആവശ്യമെന്തെന്നു് എന്നോടു പറഞ്ഞു. രണ്ടാമതു വന്നയാൾ ഒരു ജോലിക്കാരനായിരുന്നു. ജോലിക്കാക്കു് ആവശ്യമുള്ളതെന്തെന്നു് അയാൾ എന്നോടു പറഞ്ഞു. മൂന്നാത്തെ ആൾ ഒരു യുവാവായിരുന്നു. അയാൾ ഒരു വിദ്യാർത്ഥിയുമായിരുന്നു. വിദ്യാർത്ഥികളുടെ ആവശ്യം എന്തെന്നു അദ്ദേഹം എന്നോടു പറഞ്ഞു. അതിന്റെ ശേഷം അവർ ഇങ്ങനെ പറകയുണ്ടായി. ഇവിടെ ക്രൂടിയിരിക്കുന്ന ജനതയുടെ ആവശ്യം ഞങ്ങൾ നിങ്ങളോടറിയിച്ചിരിക്കുന്നു. ഇനിയും ഞങ്ങളോടു് പ്രസംഗിച്ചാട്ടെ. ഈയാണ്ടിൽ ഞാൻ നിങ്ങളുടെ ഇടയിൽ വന്നിരിക്കുന്നതു് നിങ്ങളുടെ ആവശ്യം എന്തെന്നറിഞ്ഞു് നിങ്ങളോടു സംസാരിക്കുന്നതിനായിട്ടാണു്. അതുകൊണ്ടു് നിങ്ങളോടു് സംസാരിക്കുന്നതിനു മുമ്പായി നിങ്ങളുടെ ആവശ്യം എന്താണെന്നു് എന്നോടു പറയാൻ ഞാൻ നിങ്ങളോടു ആവശ്യപ്പെടണമെന്നു വിചാരിക്കുന്നു. ഈ മഹായോഗത്തിൽ വന്നിരിക്കുന്ന നിങ്ങളുടെ ആവശ്യം എന്താണു്. ഈ ആഴ്ചയിൽ ഞാൻ നിങ്ങളോടു എന്റെ ദൂതകർം പറയുന്നതിനു മുമ്പായി നിങ്ങളുടെ ആവശ്യങ്ങൾ എന്നോടു പറയു

ക. എന്നെറയും എന്നെ തുടന്ന ഇവിടെ വരുന്ന പ്രസംഗക രുടെയും നിങ്ങളുടെയും ആവശ്യങ്ങൾ എന്തെന്ന പറയുന്നത് പ്രയോജനമായിരിക്കും. അതുകൊണ്ട് അല്പസമയത്തേക്ക് തലകുനിച്ച പ്രാത്ഥിക്കാൻ ഞാൻ ആവശ്യപ്പെടുന്ന അതിന ശേഷം ദൈവത്തിന്റെ ആത്മാവ് ഈ മഹായോഗത്തിലേ ക്കുള്ള ആവശ്യം എന്തെന്ന നിങ്ങളോടു പറയുന്നവോ അത് ഒന്നോ രണ്ടോ വാക്കുകളായി പറയണമെന്ന് ഞാൻ നിങ്ങ ളോട് അപേക്ഷിക്കുന്ന. തല കുനിച്ച നമുക്ക് പ്രാത്ഥിക്കാം. ഈ കായ്ത്തിന പത്ത മിനിററിൽ കൂടുതൽ എടുക്കണമെന്നാ ഗ്രഹിക്കുന്നില്ല. അതുകൊണ്ട് വേഗത്തിൽ പറയണം. നിങ്ങൾ പറയുന്നത് ഞാൻ ഇവിടെ എഴുതിക്കൊള്ളാം യു വാക്കന്മാക്കും, സ്ത്രീകൾക്കും പറയാം. പട്ടക്കാക്കും പറയുന്ന തിന സ്വാതന്ത്ര്യമുണ്ട്. നമുക്ക് ആവശ്യമായിരിക്കുന്നത് എന്താണെന്നാണ് നിങ്ങൾക്ക തോന്നുന്നത്. ഈ യോഗത്തി ൽ ഏതെല്ലാം സംഗതികളെക്കുറിച്ചാണ് പ്രസംഗിക്കേണ്ടത്. ഓരോരുത്തക്കും പറയാം.

ആവശ്യങ്ങൾ.

1 സമാധാനം എങ്ങനെ ഉണ്ടാകും.

2 ഒരു ഇടയനും ഒരാട്ടിൻ കൂട്ടവുംആകണം.

3 മനുഷ്യർ അന്യോന്യം സ്നേഹമുള്ളവരായിരിക്കുന്നതിനെന്തു വേണം?.

4 പ്രതിക്രൂലങ്ങളുടെ മധ്യേ വിജയ ജീവിതം ചെയ്യുന്നതെ ങ്ങനെ?.

5 പരിശുദ്ധാത്മ വ്യാപാരം ഉണ്ടാകണം.

6 സർവജഡത്തിന്മേലും ദൈവാത്മാവു പകരണം എന്നവാ ശത്തം നിറവാകുന്നതെങ്ങനെ.

7 ആത്മാവിന ശാന്തിഎങ്ങനെലഭിക്കും?.

8 ക്രിസ്തുവിന്റെ സ്നേഹവും ത്യാഗവും പ്രായോഗികമാക്കുന്ന തെങ്ങനെ.

9 കഷ്ടതകൾ സഹിക്കുവാനുള്ള ശക്തി ലഭിക്കണം.

10 പുതിയ ഹൃദയവും ആത്മാവും ലഭിക്കണം.

11 രാഷ്ട്രീയവും ആത്മീയവുമായുള്ള ബന്ധം.

12 രാഷ്ട്രീയമായി യോജിച്ചു പ്രവത്തിക്കുമ്പോൾ ക്രിസ്തുവിനെ എങ്ങനെ വെളിപ്പെടുത്താം?

13 പരിപൂർണ്ണമായ ക്രിസ്തീയജീവിതവും സുവിശേഷവേലയും എങ്ങനെസാധിക്കാം?

14 യുവലോകത്തിൽ ആത്മീയതപം കുറഞ്ഞുവരുന്നതു എങ്ങനെ പരിഹരിക്കാം?

15 മനുഷ്യർക്കു ദൈവത്തെപ്പറ്റിയുള്ള വിശ്വാസനിലയ്ക്കു അഭിവൃദ്ധിഉണ്ടാകുന്നതിനും, ആ വിശ്വാസത്തിൽ ശക്തി പ്രാപിക്കുന്നതിനുമുള്ള പ്രാപ്തി ഉണ്ടാകുന്നതെങ്ങനെ?

നിങ്ങൾ ഇപ്പോൾ പറഞ്ഞ ആവശ്യങ്ങളെപ്പറ്റിയും കൂടുതലായി പറയുന്ന കാര്യങ്ങളെക്കുറിച്ചും അന്വേഷിക്കാം. അപ്പോസ്തോലപ്രവത്തികളുടെ പുസ്തകത്തിൽ നിന്നും രണ്ടു ചെറിയ വാക്യങ്ങൾ വായിക്കണമെന്നാഗ്രഹിക്കുന്നു. പ്രവത്തികളുടെ പുസ്തകം 1:1-ം 2:4-ം വായിച്ചു. യേശു തുടങ്ങി; അപ്പോസ്തോലന്മാരും തുടങ്ങി. യേശുക്രിസ്തു ചെയ്തതിനെച്ചു കാര്യങ്ങൾ വീണ്ടും ആവത്തിക്കേണ്ട ആവശ്യമില്ല. അവൻ ക്രൂശിൽ മരിക്കുമ്പോൾ നമ്മുടെ രക്ഷയുടെ വാങ്ദാനം അവൻ ക്രൂശിൽ നിറവേറി എന്നതു് പ്രത്യക്ഷമാണു്.

അതു എന്നന്നേക്കുമായി നിവൃത്തിച്ച യാഗമാണു്. അതു ഇനിയും ആവത്തിക്കേണ്ടതില്ല. അതു പാപത്തിനുവേണ്ടിയുള്ള പൂർണ്ണവും മതിയായതുമായ പ്രതിശാന്തിയാണു്. എന്നാൽ അവൻ തുടങ്ങിയിട്ടുള്ള ഏതാനും കാര്യങ്ങൾ ഉണ്ടു്. അവൻ തുടങ്ങിയ കാര്യങ്ങളെക്കുറിച്ചു ചിന്തിക്കുമ്പോൾ നമുക്കു അതിശയം തോന്നും. യേശുക്രിസ്തു എന്തെല്ലാം കാര്യങ്ങൾ തുടങ്ങി എന്നു ചിന്തിക്കുവിൻ! താൻ എന്തെല്ലാം കാര്യങ്ങൾ നിവൃത്തിയാക്കിയെന്നല്ല; എന്തെല്ലാമാണു് തുടങ്ങിയതു് എന്നാണ് ചിന്തിക്കേണ്ടതു്.

കാലത്തെ ക്രിസ്തുവിനു മുൻപും പിമ്പും എന്ന് രണ്ടായിട്ടാണല്ലോ ഭാഗിക്കുന്നത്. ക്രിസ്തുവിന്റെ കാലത്തിനുശേഷം മനുഷ്യജാതിയുടെ ജീവിതത്തിൽ ഒരു മാറ്റം സംഭവിച്ചു. മനുഷ്യചരിത്രം വ്യത്യാസപ്പെട്ടു. പുതിയ ജീവനും ശക്തിയും മനുഷ്യചരിത്രത്തിൽ പ്രവേശിച്ചു. സൃഷ്ടിപരമായി ചിന്തിച്ചു. പുതുശക്തികളെ ദാനംചെയ്തവരുടെ കൂട്ടത്തിൽ പ്രഥമസ്ഥാനം ക്രിസ്തുവിനാണ്. ഒരു മനുഷ്യന്റെ ശ്രേഷ്ഠത അവൻ എന്തെല്ലാം കാര്യങ്ങൾ തുടങ്ങി പുരോഗമനം കൊടുത്തിട്ടുണ്ട് എന്നുള്ളതിലാണ് സ്ഥിതി ചെയ്യുന്നത്. ദൈവത്തെക്കുറിച്ചു ദൈവം പുതിയ ദർശനം തന്നു. ദൈവത്തെപ്പറ്റി പല ധാരണകളാണ് ലോകത്തിലുണ്ടായിരിക്കുന്നത്. ചിലർ ദൈവത്തെ ഒരു വലിയ മനുഷ്യനായി വിചാരിച്ചിരുന്നു. ദൈവം മനുഷ്യനെ തന്റെ സ്വന്ത സാദൃശത്തിൽ സൃഷ്ടിച്ചു എന്നു നാം വായിക്കുന്നു. എന്നാൽ പലപ്പോഴും മനുഷ്യർ അവരുടെ സാദൃശത്തിൽ ദൈവത്തെ സൃഷ്ടിക്കുന്നുണ്ട്.

സന്ധ്യക്കു ഒരുത്തൻ ഒരു കുന്നിൻമുകളിൽ നില്ക്കുന്നു. അസ്തമയസൂര്യന്റെ പ്രകാശം അവന്റെ മേൽ തട്ടീട്ട് അവന്റെ നിഴൽ ആകാശത്തോളം ചെല്ലുന്നതായി അവൻ കാണുന്നു. അതുപോലെ നമ്മുടെ മരായയും സ്വർഗ്ഗംവരെഎത്തിച്ചിട്ട് അതിനെ ദൈവം എന്നു വിളിക്കുന്നു. അതിനാൽ ദൈവദർശനം സർവപ്രധാനമായ കാര്യമാണ്. ദൈവത്തെക്കുറിച്ചുള്ള നിങ്ങളുടെ ധാരണ എന്താണ്? ദൈവത്തെക്കുറിച്ചുള്ള നിങ്ങളുടെ ദർശനപ്രകാരമേ നിങ്ങൾക്കു ചിന്തിക്കാൻ കഴിയു. അതുകൊണ്ട് യഥാർത്ഥമായ ദൈവദർശനം നമുക്കുണ്ടായിരിക്കണം. ദൈവത്തെപ്പറ്റി തെറ്റായ ധാരണ ഉണ്ടായിരിക്കുന്നതിനേക്കാൾ ഒരു ധാരണയും ഇല്ലാതിരിക്കുന്നതാണു നല്ലത്. ദൈവത്തെക്കുറിച്ചുള്ള ധാരണ ശരിയല്ലെങ്കിൽ ആ തെറ്റായ വഴിയിൽക്കൂടി പുരോഗമിക്കേണ്ടിവരും. ഏതു വിധത്തിലുള്ള ദൈവത്തെയാണ് ക്രിസ്തു വെളിപ്പെടുത്തിയതെന്നു നോക്കാം. ഒരു ദിവസം ശിഷ്യന്മാർ ക്രിസ്തുവിനോടു ഞങ്ങൾക്കു പിതാവിനെ കാണിച്ചുതരേണം എന്നു പറഞ്ഞു. കർത്താ

വു് അവരോടു പറഞ്ഞതു് പീലിപ്പോസേ, നീ ഇത്രയും നാൾ എന്നോടുകൂടെ ഇരുന്നിട്ടും അറിഞ്ഞില്ലയോ. എന്നെ കണ്ട വൻ പിതാവിനെ കണ്ടിരിക്കുന്നു. ദൈവം എങ്ങനെയുള്ള വൻ എന്നറിയണമെങ്കിൽ എന്നെ നോക്കുക. അപ്പോൾ ദൈവം ക്രിസ്തുവിനെപ്പോലെ ആണോ എന്ന ചോദ്യ മുണ്ടാകുന്നു. ദൈവം സ്വഭാവപ്രകാരം ക്രിസ്തുവിനെ പ്പോലെ ഉള്ളവനാണൊ എന്ന പലരും ചിന്തിക്കുന്നി ല്ല. ക്രിസ്തുവിനെക്കാൾ സ്വഭാവത്തിൽ വ്യത്യാസപ്പെട്ടവനാ ണു ദൈവം എന്നു് അവർ ചിന്തിക്കുന്നു. സണ്ടേസ്കൂളിൽ പഠിക്കുന്ന ഒരു പെൺകുട്ടി ഇപ്രകാരംപറഞ്ഞു. "ഞാൻ ക്രി സ്തുവിനെ സ്നേഹിക്കുന്നു. ദൈവത്തെ വെറുക്കുന്നു" നീ ഇങ്ങി നെ പറയുന്നതെന്തെന്നു ആരോചോദിച്ചു. "ദൈവത്തിന്റെ പ്രകൃതം പാപികളെ നശിപ്പിക്കുകയാകുന്നു. എന്നാൽ ക്രി സ്തു അതിനു സമ്മതിക്കുന്നില്ല, ദൈവത്തിന്റെ സ്വഭാവ വും ക്രിസ്തുവിന്റെ സ്വഭാവവും തമ്മിൽ വ്യത്യാസമുണ്ടു്. എ ന്നിങ്ങനെ അവൾ മറുപടി പറഞ്ഞു. നമ്മെ നരകത്തിൽ വിടണമെന്നുള്ള ഭയങ്കര ചിന്ത ദൈവത്തിനുണ്ടു്. പക്ഷെ ക്രിസ്തു അതു സമ്മതിക്കയില്ല". ദൈവം എങ്ങിനെയുള്ളവനെ ന്നു് എന്നെ നോക്കി അറിയുവിൻ എന്നു ക്രിസ്തു പറയുന്നു. നിങ്ങൾക്കു ഗ്രഹിക്കാവുന്ന ഭാഷയിൽ ദൈവത്തെക്കുറിച്ചു പ റയുന്നവനാണു് ഞാൻ. ദൈവ സ്വഭാവം മനുഷ്യ ജീവിത ത്തിൽ എങ്ങിനെ പ്രതിഫലിക്കുന്നു എന്നു് ഞാൻ കാണിക്കു ന്നു. ക്രിസ്തുവിന്റെ മുഖത്തു നോക്കി ദൈവം എങ്ങിനെയുള്ള വനെന്നു മനസ്സിലാക്കുക. ദൈവം അതുപോലുള്ളവനെങ്കി ൽ വിശ്വാസയോഗ്യനാണു്. ഈ അഖിലാണ്ഡത്തിന്റെ കേന്ദ്രത്തിൽ സ്ഥിതി ചെയ്യുന്ന ക്രൂശിന്മേൽ സമർപ്പിച്ച ഹൃദ യം ക്രിസ്തുവിന്റേതെങ്കിൽ അതിന്റെ മുമ്പിൽ എന്നെത്ത ന്നെ സമർപ്പിക്കുന്നതിനു എനിക്കു മടിയില്ല. ഇതു് ഞാൻ ഒ രിക്കൽ പറഞ്ഞു ഞാൻ ഇതു പറയുമ്പോൾ സാമർത്ഥ്യമുള്ള ഒരു ചൈനീസു് ഡോക്ടർ കേട്ടിട്ടു് അദ്ദേഹം എന്തുകൊണ്ടു നിങ്ങൾ ഇങ്ങിനെ പറയുന്നു എന്നു ചോദിച്ചു. ഭൂലോകത്തി നു പുറകിലായി ഒരു ഹൃദയമില്ല. അവിടെ ഇതു് ഒരു നിവൃ

ചാർമാണ്. മനുഷ്യരുടെ കഷ്ടതകളെക്കുറിച്ച് ചിന്തിക്കാത്ത ഒരു ഹൃദയമാണുള്ളത്. ക്രിസ്തു ഇതെല്ലാം നിഷേധിക്കുന്നു. തന്നെത്താൻ ഉപേക്ഷിക്കുന്നു. ക്രിസ്തുഹൃദയം നിന്നെക്കുറിച്ചു ചിന്തിക്കുന്നു. സ്നേഹിക്കുന്നു. കരുതുന്നു. ദൈവം എങ്ങനെയുള്ളവനെന്നറിയണമെങ്കിൽ എന്നെ നോക്കുക എന്നു ക്രിസ്തു പറയുന്നു. യേശു ദൈവത്തെക്കുറിച്ചുള്ള പുതിയ ചിന്ത ആരംഭിക്കുന്നു. ദൈവം ക്രിസ്തുവിനെപ്പോലെ എന്ന ചിന്ത പുതുതാകുന്നു. യേശു ആരംഭിക്കുന്ന ആ തരത്തിലുള്ള ദൈവത്തെപ്പറ്റി അല്ലാതെ തൃപ്തിയടയാൻ സാധ്യമല്ല. ക്രിസ്തുവിനെപ്പോലെ ക്രിസ്തു ഹൃദയമുള്ള ഒരു ദൈവം ലോകത്തിലില്ലെങ്കിൽ നമുക്കു ജീവിക്കാൻ പ്രയാസമാണ്.

ക്രിസ്തു രണ്ടാമതു തുടങ്ങിയതു് മനുഷ്യനെക്കുറിച്ചുള്ള ചിന്തയാണു്. ക്രിസ്തുവിന്റെ കാലത്തിനു മുമ്പു് മനുഷ്യരെ ഉയർന്നവരെന്നും താണവരെന്നും തരംതിരിച്ചിരുന്നു, ക്രിസ്തു മനുഷ്യരെക്കുറിച്ചു ഒരു പുതിയ ധാരണ നൽകുന്നു. മനുഷ്യർ ദൈവത്തിന്റെ കണ്ണിനു വില തീരാത്തവരെന്നു് ക്രിസ്തു പറയുന്നു. ഓരോരുത്തരും ദൈവത്തിന്റെ മുമ്പാകെ വിലയുള്ളവരാണു്. ക്രിസ്തുവിന്റെ യഥാർത്ഥ ശിഷ്യൻ ആയിതീരേണ്ടതാണു്.

ക്രിസ്തുവിന്റെ കാലത്തിനുശേഷം ഓരോരുത്തർ നിവർന്നു നില്ക്കാൻ തുടങ്ങി. ഭൂലോകത്തിൽ ജനസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പ്രസ്ഥാനം അവർ ആരംഭിച്ചു. യജമാനനും ദാസനും തിരുശരീരം അനുഭവിക്കാൻ വിശുദ്ധമേശയിൽ ഒരുമിച്ചു അടുത്തുവരാമെങ്കിൽ എന്തുകൊണ്ടു് പുറത്തും അങ്ങനെ ആവാൻ പാടില്ല ദൈവമുമ്പാകെ നാം സമന്മാർ എങ്കിൽ മനുഷ്യരുടെ മുമ്പാകെ എന്തുകൊണ്ടു് അങ്ങനെയല്ല. ഞാൻ ദൈവത്തിന്റെ വകയാണെങ്കിൽ എന്തുകൊണ്ടു് മനുഷ്യവഴ്ത്തിൽ പെട്ടുക്കൂടാ. ഇതു മനുഷ്യനെ സംബന്ധിച്ച ശക്തീകരിക്കുന്ന ചിന്തകളാണു്. ദൈവൈപൈതൽ ഒരുവന്റെ അടിമയായിരുന്നുക്കൂടാ. മനുഷ്യരുടെ അളതപത്തിനു ക്രിസ്തു വില കല്പിക്കുന്നു. മൂന്നാമതായിട്ടുള്ളതു് ലോകത്തെക്കുറിച്ചുള്ള ഒരു വിവരണമാണു്. ക്രിസ്തുലോകത്തിൽ വരുന്നതിനുമുമ്പു് ലോകം

അതിന്റെ ചക്രത്തിൽ കറങ്ങുംപോലെ യാതൊരു പുരോഗമനചിന്തയും ക്രൂടാത്ത ഒരു മട്ടിലായിരുന്ന മനുഷ്യന്റെനില. സൂര്യനു ചുറും ഭ്രമി കറങ്ങുംപോലെ ലോകം തുടങ്ങിയ സ്ഥാനത്തുവരുവാൻ തക്കവണ്ണം പുരോഗമനം ഇല്ലെന്നാണ് ഹൈന്ദവരുടെ മതം നാം കലിയുഗത്തിലെത്തിച്ചേരുമ്പോൾ എല്ലാം അഴിഞ്ഞുപോകും ലോകത്തെക്കുറിച്ചു ദൈവത്തിനു ഒരു ഉദ്ദേശമുണ്ട്. അർത്ഥമില്ലാതെയല്ല താൻ യതിക്കുന്നത്. ദൈവം തന്റെ രാജ്യം ഭ്രലോകത്തിൽ സ്ഥാപിക്കുവാൻ ആഗ്രഹിക്കുന്നു, അർത്ഥമില്ലാത്ത ഒന്നല്ല മനുഷ്യജീവിതം. അതു് അർത്ഥമുള്ളതെന്നു ദൈവം വെളിപ്പെടുത്തുന്നു. ലോകം വിഷമം എന്നു പറഞ്ഞു അതിനെ വിട്ടോടേണ്ട ആവശ്യമില്ല ദൈവഇഷ്ടം ചെയ്യാൻ അതിനുള്ളിൽ നിന്നു പോരാടേണ്ടതാണു്. നാം ലോകത്തോടു് ഇടപ്പെടുമ്പോൾ ഉടഞ്ഞ ഒരു കപ്പലിനോട നാം ഇടപ്പെടുംപോലെയല്ല പെരുമാറേണ്ടതു്. ലോകം ദൈവത്തിന്റേതാണു്. പാപം അതിൽ പ്രവേശിച്ചു ലോകത്തെ നശിപ്പിച്ചു. യേശു പാപത്തെ നീക്കുവാൻ മരിച്ചിരിക്കുന്നു തന്റെ സ്വന്തം ക്രൂശു് ഭ്രലോക മധ്യത്തിൽ നാട്ടി ലോകത്തെ താൻ ഉപേക്ഷിച്ചില്ലെന്നു തെളിയിച്ചു.

ജീവിതത്തിൽ വന്നുകൂടുന്ന എല്ലാ സ്ഥിതിമാറ്റത്തിന്റെയും മധ്യത്തിൽക്കൂടി ദൈവം നമ്മുടെ കായ്യങ്ങൾ സാധിച്ചുതരുന്നു എന്ന വിശ്വാസം അവൻ ഉണ്ടാക്കിത്തന്നു. ഈ ലോകത്തിന്റെ പ്രവർത്തികൾ നടത്തുന്നതു് ദൈവം ലോകത്തെ തന്റെ കയ്യിൽ എടുത്തിട്ടതിൽക്കൂടിയാണു്. ലോകത്തെപ്പറ്റിതന്നെയല്ല പാപത്തെപറ്റിയും ഒരുപുതിയധാരണയാണു അതു്. പാപം മഹാ കഷ്ടമാണെങ്കിലും അതിന്റെ പ്രകൃതി നോക്കിയാൽ നാം പാപം ചെയ്യുപോകും എന്നു പറയുന്നു. പാപം നമ്മുടെ ജീവിതത്തിൽ കടന്നിരിക്കുന്ന ഒന്നാണു്. അതു മനുഷ്യജീവിതത്തിൽ സ്വഭാവികമായിട്ടുള്ളതല്ല. പാപപ്രകൃതമുള്ളവർ പ്രകൃതിക്കു വിരുദ്ധമായി ജീവിക്കുന്നവനാണു്. പാപം ഉള്ളിടത്തു് സന്തോഷമില്ല.

പാപത്തെ ജയിക്കേണ്ടതെങ്ങനെയെന്നു യേശു പഠിപ്പിക്കുന്നു. അതു് ഏറ്റവും ആശ്ചര്യകരംതന്നെ. എല്ലാംചു

റിക്കുന്നു എന്ന രീതിയിലുള്ള വിശ്വാസം കളഞ്ഞു് മനുഷ്യനെ പാപത്തിൽ നിന്നു സ്വതന്ത്രനാകാം എന്നുള്ള ധൈര്യം ദൈവം നൽകിയിരിക്കുന്നു. ദൈവകൃപയിൽ കൂടെ പാപത്തെ ജയിക്കാനുള്ള ശക്തിയുടെ ദൂതു് തന്നിരിക്കുന്നു. ക്രിസ്തു എന്തെല്ലാം ചെയ്തെന്നു, നിങ്ങൾ ചിന്തിക്കുക. ചിന്തിച്ചു. ലിസ്റ്റ് എന്റെ അടുത്തു കൊണ്ടുവരുവിൻ. അവൻ എന്തെല്ലാം തുടങ്ങി. ഈവിധമുള്ള ഒരു ലിസ്റ്റ് കുറച്ചുനാൾ മുമ്പു ഞാൻ എഴുതാൻ തുടങ്ങി. ആ ലിസ്റ്റ് കൂടിക്കൂടിവന്നു. താൻ അധികം പ്രസംഗിക്കുന്നില്ല. അധികം പ്രവർത്തിക്കുന്നു. ക്രിസ്തു അങ്ങനെ ചെയ്തു. ഞങ്ങൾ എന്തു ചെയ്യുന്നു പരിശുദ്ധാത്മാവു് അപ്പോസ്തോലന്മാരുടെ മേൽ വന്നപ്പോൾ അവർ തുടങ്ങി എന്നു പറയുന്നു. പരിശുദ്ധാത്മാവു ക്രിസ്തുവിന്റേതാണു്. ആആത്മാവിനെ നമ്മിലേക്കു് പകരേണ്ട ആവശ്യമുണ്ടു്. ക്രിസ്തു നമ്മുടെ ഉള്ളിലായാൽ എന്തു ഭവിക്കുമെന്നു സൂക്ഷ്മപരമായി ചിന്തിക്കാം. ഫിലിപ്പ്യരുടെ ലേഖനത്തിൽ സകലവിധ പ്രേരണയാലും ശക്തിയാലും എന്നു കാണുന്നു. ഇതിൽ പ്രേരണയെന്നതു് മോഫറിന്റെ തർജ്ജമയാണു്. ക്രിസ്തു നമ്മെ രക്ഷിക്ക മാത്രമല്ല ശക്തികരിക്കയും ചെയ്യുന്നു. അവൻ പ്രവർത്തിക്കമാത്രമല്ല പൂർത്തികരിക്കയും ശക്തീകരിക്കയും ചെയ്യുന്നു. ക്രിസ്തു എവിടെ ചെല്ലുന്നുവോ ആരാജ്യത്തുള്ളവർ വിദ്യാഭ്യാസം ഉള്ളവർ ആകും. അമേരിക്കയിൽ 100-ക്കു 90-ം മാട്ട്സംബന്ധമായ കാര്യങ്ങളിൽ താല്പര്യമുള്ളവരാണു്. ക്രിസ്തുവിനോടു ചേർന്നതോടുകൂടി അവരുടെ മനസ്സു പ്രകാശിച്ചു. സുറിയാനിക്കാക്കു് ആത്മീയവെളിച്ചം ഉണ്ടായതോടുകൂടി നിങ്ങളും വിദ്യാഭ്യാസം ആരംഭിച്ചു. മാത്തോമ്മാക്കാർ 100-നു് 100-ം വിദ്യാഭ്യാസമുള്ളവരാണു് എന്നു ഞാൻ വിചാരിക്കുന്നു. ക്രിസ്തുവിനെ കാണുന്നതോടുകൂടി മാനസീകമായ ഉണർവുണ്ടാകുന്നു. ഞാൻ മാനസാന്തരപ്പെടുന്നതിനു മുമ്പു് ക്ലാസ്സിൽ ഒടുവിലത്തെ സ്ഥാനമാണു് എനിക്കുണ്ടായിരുന്നതു്. ക്രിസ്തുവിനെ സ്വീകരിച്ചതോടുകൂടി പഠിത്തത്തിൽ മുമ്പോട്ടുപോയി. ക്ലാസ്സിൽ ഒന്നാംസ്ഥാനം കിട്ടിയില്ലെങ്കിൽ എനിക്കു തൃപ്തിയില്ല. ക്രിസ്തു എന്റെ ചിന്താശ

ക്തിയെ വർദ്ധിപ്പിച്ചു. ക്രിസ്തു ഉള്ളെടുത്തു ശക്തിയും ഉണ്ട്. അവൻ ചിന്താഗതിയെ മാത്രമല്ല നമ്മുടെ പ്രവൃത്തിയെയും ശക്തീകരിക്കുന്നു. ലോകത്തിൽ എങ്ങും കാണപ്പെടുന്നതു നിരാശയാണു്. മനുഷ്യരുടെ ധൈര്യംപോയി. വരുന്നതുപോലെ വരട്ടെ എന്നു ഭ്രമിക്കുന്നു. ക്രിസ്ത്യാനി പ്രത്യാശയുള്ളവൻ ആകുന്നു. യുദ്ധം ആവശ്യമില്ലെന്നാണു് അവന്റെ വിശ്വാസം. ക്രിസ്ത്യാനിയുടെ ധൈര്യം ഒരിക്കലും പോകുന്നില്ല. ആശയില്ലാത്ത ലോകത്തിൽ ക്രിസ്തുയേശു തന്റെ ശിഷ്യന്മാരിൽക്കൂടി ആശയുള്ളവനാകുന്നു. സുറിയാനിക്കാരുടെ ആവശ്യം എന്റെ മനസ്സിൽ വന്നിട്ടുള്ളതു് ഞാൻ പറയട്ടെ. ഇൻഡ്യയ്ക്കു കൊടുക്കുന്നതിനു എന്തെങ്കിലും ഒരു ദൂതു് ഉണ്ടെങ്കിൽ വിധിയെപ്പറ്റിയുള്ള അവരുടെ ചിന്ത ഇല്ലാതാക്കണമെന്നുള്ളതാണു്. എന്തുചെയ്യുന്നു എല്ലാം വിധിപോലെ വരട്ടെ എന്നു കൈമലത്തിക്കാണിക്കുന്നു. ഇൻഡ്യയുടെ ഈ അവസ്ഥ നാം ദൂരീകരിക്കണം.


വിഷമങ്ങളുടെ മധ്യത്തിൽ ഞാൻ എന്തുചെയ്യുന്നു വരുന്നതുവരട്ടെ എന്നു തലകുനിച്ചിരിക്കുന്ന അവസ്ഥ മാറേണ്ടതാണു്. ഇൻഡ്യക്കു ഒരു പ്രത്യാശയുള്ള ഹൃദയം കൊടുക്കണമെന്നു ഞാൻ ആശിക്കുന്നു. കുറെ നാളുകൾക്കു മുമ്പു നമ്മുടെ കൊച്ചുതിരുമേനി ഒരു പള്ളിക്കൂടത്തിനു് അടിസ്ഥാനമിട്ടു. വാനംകുഴിക്കുന്നതിനുപോലും പണം കാണാതെയാണു് ആരംഭിച്ചതു്. ഞാൻ മൂലക്കല്ലു് വായുവിലേക്കു വയ്ക്കുന്നു എന്നാണു് അദ്ദേഹം പറഞ്ഞതു്. 'ആശയില്ലാത്ത ഇമ്മാതിരി സ്ഥാനങ്ങൾക്കു എന്തു ചെയ്യുന്നു എന്നാണു ചിലരുടെ വിചാരം കുറച്ചുനാൾ കഴിഞ്ഞു ഞാൻ അതു വഴി കടന്നുപോകുമ്പോൾ 5 കെട്ടിടങ്ങൾ അവിടെ കണ്ടു. ദൈവത്തിൽ വിശ്വസിച്ചു പ്രവർത്തിച്ചു. ഈ വിധത്തിലുള്ള ഒരു ധൈര്യമാണു് നമുക്കാവശ്യം ഈ യോഗം മുഖാന്തിരം ദൈവം ചിലതെല്ലാം പ്രവർത്തിക്കാൻപോകുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. ഇവിടെ എന്തെല്ലാം ചെയ്യുതീർത്തു എന്നല്ല; എന്തെല്ലാം ആരംഭിച്ചു. എന്നാണു എന്റെ ചിന്ത. ക്രിസ്തുവിന്റെ ആ ജീവശക്തി എല്ലാ ഹൃദയങ്ങളിലും പുതിയ ശക്തിയായി പ്രവർത്തിക്കേണ്ടതാ

ണ്ട്. കുറച്ചുകാലം മുമ്പ് ഞാൻ ഒരു പുസ്തകം വായിച്ചു. ജോൺ "വെസ്ളിയുടെ കാലത്തിനു മുമ്പും പിമ്പും ഇംഗ്ലണ്ടു" എന്നാണ് ആ പുസ്തകത്തിന്റെ പേരു് അദ്ദേഹത്തിനു മുമ്പും പിമ്പും ഉള്ള ഇംഗ്ലണ്ടിന്റെ ചരിത്രം അതിലുണ്ട്. ജോൺ വെസ്ളി എന്തെല്ലാം ആരംഭിച്ചു എന്നു് അതിൽ പറയുന്നു. ക്രൂരിവേലക്കാരുടെ ഇടയിലെ സംഘടന അദ്ദേഹം തുടങ്ങി ക്രൂരിവേലക്കാരോടു് ക്രിസ്തുവിന്റെ ശക്തിയെക്കുറിച്ചു പറഞ്ഞതോടുകൂടി അവരുടെ ഉദ്ധാരണത്തിനുള്ള ശക്തി ഉണ്ടായി അദ്ദേഹത്തിന്റെ ഈ ശ്രമത്തിനു മുമ്പു യൂറോപ്പിലെ തടവുകാരുടെ സ്ഥിതി ദയനീയമായിരുന്നു. ഇദ്ദേഹത്തിന്റെ പ്രവർത്തനത്താൽ ഹൗവ്വേർഡ് ഏലിസബേത്തു എന്നിവരുടെ മനസ്സു ചലിച്ചു അവരുടെ സഹായത്തോടുകൂടി അദ്ദേഹം പ്രവർത്തിച്ചു. ഭ്രാന്താലയത്തിൽ സുബുദ്ധിയുള്ളവർ വന്നു അവരെ കളിയാക്കയും ഉപദ്രവിക്കയും ചെയ്യുന്ന സമ്പ്രദായം ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ കാലത്തു ഭ്രാന്തന്മാരെ വീക്ഷിക്കാൻ ശ്രദ്ധിച്ചുതുടങ്ങി. മാനസിക രോഗത്തെപ്പറ്റി ചിന്തിച്ചുതുടങ്ങി. ഇവയെല്ലാം ജോൺവെസ്ളിയുടെ ഹൃദയം മാറ്റി ക്രിസ്തു അവന്റെ ഹൃദയത്തിൽ പുതുശക്തി കൊടുത്തു ഈ ശക്തി പ്രവർത്തിക്കു മാർഗ്ഗമുണ്ടാക്കി. അതുപോലെ ഈ കൺവൻഷൻ മുഖാന്തിരം പുതിയ പ്രസ്ഥാനം ഉണ്ടാകണം ഇതു മാരാമൺ കൺവൻഷനിൽ പ്രവർത്തിച്ച ഇന്നാർമുഖാന്തിരം ഉണ്ടായതാണെന്നു പറയത്തക്കവണ്ണം പല പുതിയ പ്രസ്ഥാനങ്ങളും ഉണ്ടാകണം അധഃകൃതരുടെ സംരക്ഷണത്തിനും ക്രൂരിവേലക്കാരുടെ കഷ്ടത പരിഹരിക്കുന്നതിനും ഇന്നായിന്ന ആളുകളാണു് പരിശ്രമിച്ചതെന്നു നിങ്ങളെക്കുറിച്ചു പറവാൻ ഓരോരുത്തക്കും സാധിക്കും ദൈവാത്മാവു നമുക്കു് സന്തോഷം തരട്ടെ. എല്ലാ ദുഃഖചിന്തകളും ഹൃദയത്തിൽ നിന്നും നീക്കണം. ദൈവാത്മാവു് പാപചിന്തകളും ഇല്ലാതാക്കണം ചിന്താഗതി ദൈവസന്നിധിയിലേക്കു് ഉയരണം സൃഷ്ടിപരമായ കാര്യങ്ങളിലേക്കു് നയിക്കുന്നതിനുള്ള ശക്തി തരുവാൻ ദൈവാത്മാവു് നമ്മിൽ വരണം. സൃഷ്ടിപരമായ ആത്മാവു് നിങ്ങൾക്കില്ല. മറ്റുള്ളവർ പറയുന്നതു കേൾക്കുവാനും കഴിവില്ല. നിങ്ങൾക്കു തനിച്ചു പ്രവർത്തിക്കാൻ ദൈവാത്മാവു ശക്തിതരുവാൻ നിങ്ങൾ ആഗ്രഹിക്കണം. നിങ്ങൾ ചിലർ അൻപതു കൊല്ലമായി സ്വപ്നംപോലെ വെള്ളമെടുക്കുന്നു.

ദൈവം നിങ്ങളെ സ്നേഹപൂർവ്വം തെരഞ്ഞെടുത്തിരിക്കുന്നു. നിങ്ങളിൽക്കൂടി ചിലതു ചെയ്വാൻ ആഗ്രഹിക്കുന്നു. വലിയ കാര്യങ്ങൾ മാത്രം പ്രവർത്തിച്ചാൽ പോരാ ഓരോരുത്തരും സൂക്ഷ്മപരമായി പ്രവർത്തിക്കണം. ഇങ്ങനെയാണെങ്കിൽ നമ്മുടെ യോഗം മഹായോഗമായിത്തീരും. ദൈവം വെള്ളത്തെ വിലിപ്പിച്ചു തിരുവിതാംകൂർ കലക്കിയിരിക്കുന്നു. രാഷ്ട്രീയമായും ധനസംബന്ധമായും അസ്വസ്ഥതകൾ ഉണ്ട്. ദൈവം കലക്കുന്ന വെള്ളത്തിലേക്കു ഇറങ്ങിച്ചെന്ന് സുഖംപ്രാപിക്കണം. നീ സുഖപ്പെട്ടാൽ പോരാ മറ്റുള്ളവരെയും സുഖപ്പെടുത്തണം. മറ്റുള്ളവരെ സുഖപ്പെടുത്തുന്നില്ലെങ്കിൽ നീ രോഗിയാകും. ദൈവാത്മാവു് ഇവിടെ പ്രവർത്തിക്കേണ്ടതാണു്. അതിലേക്കായി നമ്മുടെ ഹൃദയം നേർകൊടുക്കണം. യേശു നമ്മിൽ ചിലതു ആരംഭിക്കണം. ഇവിടെനിന്നും പോയ ശേഷം വിചിലതെല്ലാം പ്രവർത്തിക്കേണ്ടതുണ്ട്. ഞാൻ അതു എങ്ങനെ ചെയ്യുമെന്നു ചിന്തിക്കുന്നുവോ? എന്റെ ചെറുപ്പം പോയെന്നു നീ നിരാശപ്പെടേണ്ടാ. പ്രായമായാലും സാധ്യമാണ് ഞാൻ കുറച്ചു നാൾക്കു മുമ്പു് ഒരു സ്ത്രീയോടുകൂടെ കപ്പൽയാത്രചെയ്തു അവൾക്കു 50 വയസ്സിനുമേൽ പ്രായമുണ്ടായിരുന്നു. അവൾക്കു കുറച്ചുകാലമായി ചിത്രംവരയ്ക്കണമെന്നു ആഗ്രഹമുണ്ടായിരുന്നു. വളരെ പ്രായമാകുന്നതുവരെ അവൾക്കു അതു സാധ്യമായില്ല. ഇപ്പോൾ അവൾ ഒരു വലിയ ചിത്രകാരിയായി തീർന്നു. അവർ വരയ്ക്കുന്ന ചിത്രം ഇന്നു ലോകർ ആശയോടു കാണുന്നു നിന്നെക്കൊണ്ടു ചിലതു പ്രവർത്തിക്കാൻ ദൈവം ആഗ്രഹിക്കുന്നു. നിന്റെ മനസ്സു ദൈവത്തിനു കൊടുക്ക. നിന്നെക്കൊണ്ടു അതു സാധിക്കും. ഈ സഭയോടു അവൻ സംസാരിക്കുന്നു. സഭ പുതുതായി ചിലതെല്ലാം ചെയ്യണം. ഇതിനു നാം ഒരുക്കമുള്ളവരാകുന്നുവെങ്കിൽ നമുക്കു് ലോകത്തിലുള്ള എല്ലാ യോഗത്തിലും വച്ചു ഇതു് അതിശ്രേഷ്ഠമാണു്. നമ്മുടെ സ്വന്തജീവിതം ശുദ്ധമാകണം. ഈ സമയം നീ അതിനുവേണ്ടി നിന്റെ ഹൃദയം തുറന്നുകൊടുക്കുക. ദൈവാത്മാവു പ്രവർത്തിക്കട്ടെ. നിന്റെ ഇഷ്ടം വിട്ടുകളയുക. അപ്പോൾ ദൈവം പ്രവർത്തി നിന്നിൽ ആരംഭിക്കും. ഇപ്പോൾ നിന്നിൽ ആരംഭിക്കും. നമുക്കു പ്രാർത്ഥിക്കാം.

സി. ചി. എം. എം. പ്രസ്സ്, കോഴഞ്ചേരി

മാരാമൺ കൺവൻഷൻ പ്രസംഗങ്ങൾ.



പൊതുയോഗം 8—7—1114 തിങ്കൾ.

പ്രാസംഗികൻ.

ഡാക്ടർ സ്റ്റാൻലി ജോൺസ് എം. എ.

പരിഭാഷകൻ:- റവ: പി. പി. മാമ്മൻ ബി. എ.

പ്രസാധകൻ.

എം. എം. മാമ്മൻ.

വേദപുസ്തകത്തിൽ പൊതുവെയും പുതിയനിയമത്തിൽ വ്യക്തമായും 'നോക്കുക, കാണുക' എന്ന പദങ്ങൾ ആവർത്തിച്ചു പറയുന്നു. കർത്താവായ യേശുക്രിസ്തുതന്റെ പരസ്യശുശ്രൂഷയിൽ 'നോക്കാൻ' മനുഷ്യരെ ഉത്സാഹിപ്പിക്കുന്നുണ്ട്. കേൾക്കുന്നതിനേക്കാൾ കാണുന്നതാണ് ശക്തിയായി മനസ്സിൽ പതിയുന്നത് മനസിൽ പതിയുന്നതു പ്രതിഫലിച്ചാണ് പ്രവർത്തി ഉണ്ടാകുന്നതു്. ഈ യോഗങ്ങളിൽ ഇതിന്റെ മൂന്നവശങ്ങളെ പ്പറ്റി നമുക്കു ചിന്തിക്കാം.

ഒന്നാമതു നമ്മിലേക്കു നോക്കുക.
രണ്ടാമതു യേശുവിലേക്കു നോക്കുക
മൂന്നാമതു് ഇൻഡ്യയിലേക്കു നോക്കുക.

ഏതവസരത്തിലും കണ്ണീരുകാണുക എന്നതു് ഒരു ശക്തിയാണു്. ഇപ്പോഴും നമുക്ക് നമ്മിൽ തന്നെ നോക്കാം. യേശുക്രിസ്തുവിങ്കലേക്കു നോക്കിനാം നമ്മുടെ തെറ്റുകളെ കാണണം. യേശുക്രിസ്തുവിങ്കൽ തുടങ്ങണം. അധികം മനുഷ്യരും തങ്ങളുടെ കുറവു കാണാതെ മറ്റുള്ളവരുടെ കുറവുകളെ കാണുകയും പറയുകയും ചെയ്യുന്നുണ്ടു്. നാം നമ്മിൽ ഉള്ള കുറവുകളെ കാണണം. സ

ഹോദരന്റെ കണ്ണിലെ കരട് അധികംപേരും കാണുന്നുണ്ട്. തന്റെ കണ്ണിലെ കോലു കാണുന്നില്ല. നിന്റെ കണ്ണിലെ കോൽ കിടക്കെ സഹോദരന്റെ കണ്ണിലെ കരട് പുറത്തുകാണ്മാൻ ശ്രമിക്കുന്നതു നിരർത്ഥകം എന്നു യേശു തന്റെ പ്രഭാഷണത്തിൽ വ്യക്തമാക്കീട്ടുണ്ടല്ലോ. ആദ്യം തന്നിലേക്കുതന്നെ നോക്കണമെന്ന് യേശു പറയുന്നു. നമ്മെ കാണുന്നതിനുള്ള കഴിവു നമുക്കില്ല. നമ്മെ പരിശോധിക്കുന്നതിനുള്ള പരിചയം നമുക്കില്ലാത്തതു കൊണ്ടു നമ്മുടെ ജീവിതത്തിൽ പരാജയം ഉണ്ടാകുന്ന സ്വന്ത കുറവുകളെ തുറന്നുപറയുന്നവനാണു് വലിയവനായി തീരുന്നതു്. നമുക്കു നമ്മെത്തന്നെ പരിശോധിക്കുന്നതിനു ധൈര്യമില്ല. നാം ചെയ്യുന്ന ഓരോ കൃത്യവും നീതീകരിക്കുന്നതിനു മനശാസ്ത്രപ്രകാരം ന്യായീകരണം എന്നാണു് പറയുന്നതു്.

ന്യായീകരണംകൊണ്ടു് നാം ഏതായിരിക്കുന്നുവോ അങ്ങനെതന്നെ നാം ഇരുന്നുപോകുന്നു എന്നല്ലാതെ ഒരു വ്യത്യാസവും വരുന്നില്ല. നാം ചെയ്യുന്ന ഓരോ കൃത്യങ്ങളും നാം തന്നെ പരിശോധിച്ചു നമ്മുടെ കുറവു കണ്ടുപിടിക്കണം. മറ്റുള്ളവരെ വിമർശിക്കുന്നതു് തങ്ങളുടെ തെറ്റുകളെ മറയ്ക്കുന്നതിനു തുല്യമാണു്. മറ്റുള്ളവരുടെ കുറവു അന്വേഷിക്കുന്നതുപോലെ നമ്മുടെ കുറവുകളെ നാം തന്നെ കണ്ടുപിടിക്കണം.

എന്നാൽതന്നെ മറ്റുള്ള ആളുകളിൽ കുറവു കണ്ടുപിടിക്കുന്നു. താലന്തു ഭാഗിച്ചുകൊടുത്ത ദാസന്മാരെ ഓർക്കുമല്ലോ. പത്തു താലന്തുകാരൻ അതിന്റെ ക്രൂടെ 10 ക്രൂടെ ഉണ്ടാക്കി, 5 കാരൻ 5 ക്രൂടെ ഉണ്ടാക്കി ഒരു താലന്തുകാരൻ തനിക്കുകിട്ടിയതു ഭൂമിയിൽ കുഴിച്ചുവച്ചു. സമാധാനംപറയാൻതുടങ്ങി. സകല അപരാധങ്ങളും ഉടമസ്ഥന്റെ തലയിൽതന്നെ എന്ന ഭാവേന "നീ വിതയ്ക്കാത്തിടത്തുനിന്നു കൊയ്യുന്നവനും, വിതറാത്തിടത്തുനിന്നും ചേർക്കുന്നവനും കഠിനമനുഷ്യനും ആകയാൽ നീ ഏല്പിച്ച താലന്തു ഞാൻ ഭൂമിയിൽ കുഴിച്ചുവച്ചിരിക്കുന്നു". ഇവൻ തന്നെത്തന്നെ കാണാതെ തന്റെ കുറവു മറച്ചുവച്ചുകൊണ്ടു ന്യായീകരിക്കുന്നതിനു ശ്രമിച്ചു. മഹാത്മഗാന്ധി ഭാരതീയരുടേയും മറ്റും മതിപ്പും വിലയുള്ളവനായി തീർന്നതു്. തന്റെ ഏതു കുറവും കുറവാണെ

ന്നു സമ്മതിക്കുകയും അനുതപിക്കുകയും ചെയ്യുന്ന ഒരു ഹൃദയമുള്ളതുകൊണ്ടാണ്. തെറ്റുകളേയും കുറവുകളേയും മറച്ചുവയ്ക്കാതെ സമ്മതിച്ചു അനുതപിക്കുന്നവൻ ഉയരുകതന്നെ ചെയ്യും.

ന്യായീകരണം പരമാർത്ഥത്തെ മറച്ചു വയ്ക്കുകയാണ്. അതെപ്പോഴും അങ്ങനെതന്നെയിരിക്കും. മാറാമുണ്ടാകയില്ല. നാം അങ്ങനെ നടന്നു പിന്നീടൊരിക്കൽ ഒരു സേനാധിപതിയുമായി ഞാൻ സംഭാഷിക്കയുണ്ടായി. അയാൾ ഒരു തെറ്റിൽ അകപ്പെട്ടു ജീവിതം അപായത്തിൽ കഴിക്കുകയായിരുന്നു. എന്നോടുള്ള സംഭാഷണത്തിന്റെ അധിക ഭാഗവും മറ്റുള്ളവരെ അപലപിക്കുന്നതുകൊണ്ടു കയ്പു നിറഞ്ഞവയുമായിരുന്നു. യേശുവിനെപ്പറ്റി നി അന്വേഷിക്കണം മറ്റുള്ളവരുടെ കാര്യം അന്വേഷിക്കേണ്ടാ എന്നു ഞാൻ പറഞ്ഞു. വീണ്ടും സംഭാഷണം തുടങ്ങി അദ്ദേഹം മുൻപിലത്തെപ്പോലെ കുറ്റാരോപണങ്ങൾ തുടങ്ങി. നിങ്ങൾ വീണ്ടും ഇങ്ങനെ തുടങ്ങിയാൽ ഞാൻ എഴുന്നേറ്റു നിങ്ങളുടെ അടുക്കൽ വന്നവോ അവയിന്മേൽ ഞാൻ ശക്തിയായി നില്ക്കുന്നതാണ്. സ്നേഹിതാ നി എന്നെ പിടിക്കുടി എന്നു അവൻ പറഞ്ഞു. നാം ആരോടു ഇടപെടുന്നുവോ അയാളുമായി പരമാർത്ഥമായി ഇടപെടുന്നുവെന്ന് അയാൾക്കു ബോദ്ധ്യമുണ്ടാകണം. നമ്മുടെ സ്വന്ത പാപങ്ങളെ ന്യായീകരിക്കാതെ തന്നെത്തന്നെ പരിശോധിച്ചു കുറ്റം കണ്ടുപിടിക്കുകതന്നെ വേണം. ഞാൻ ഒരു ക്രിസ്ത്യാനിയാണെന്നും മാമോദീസായോ, കുർബാനയോ മറ്റു എന്തുതന്നെ എന്നാലും കൈക്കൊണ്ടാലും മതിയാകയില്ല. നി ഏതുതരത്തിൽ ഇരിക്കുന്നു എന്നതിനെല്ലാണ് നിന്റെ ക്രിസ്തീയത്വം ഇരിക്കുന്നത്. അതു നീ നിന്നെത്തന്നെ കാണുകയല്ലാതെ നിവർത്തിയില്ല.

കുർബാനസമയത്തു കാസായും പീലാസായും എടുത്തുപട്ടക്കാരൻ പടിഞ്ഞാറോട്ടു വരുമ്പോൾ അതു കണ്ടാൽ സകലവും തികഞ്ഞു എന്നു ചിലർ ധരിക്കുന്നുണ്ട്. ഒരിക്കൽ രണ്ടുപേർ ഒടുവുവച്ചു തമ്മിൽ അടിച്ചുകൊണ്ടിരുന്നപ്പോൾ പള്ളിയിൽ മണിയടിക്കുന്നതുകേട്ട് തന്റെ ഭാര്യയെ വിളിച്ചു

ഞാൻ വരുന്നതുവരെ നീ ഇവനെ അടിച്ചുകൊണ്ടിരിക്കണം, ഞാൻ പോയി കുർബ്ബാന കണ്ടിട്ടു വരാട്ടെ എന്നു പറഞ്ഞു പോയി. ആ സ്ത്രീ ആ കൃത്യം ഭംഗിവായി നിർവഹിച്ചു.

ഓരോരുത്തരും തന്നാടുതന്നെ പരിപൂർണ്ണമായി പെരുമാറണം. മുഖക്കണ്ണാടിയിൽ നോക്കി തന്നെത്തന്നെ കാണണം. ഉള്ളതുപോലെ നിന്റെ രൂപം നീ കാണണം. ഹാരിസൺ എന്ന ആളിനു വിശേഷമായ ഒരു ബംഗ്ലാവു് ഉണ്ടായിരുന്നു. ഞാൻ അവിടെ താമസിച്ചു. അവിടെ 2-ാമത്തെ നിലയിൽ മുഖം നോക്കുന്ന ഒരു വലിയ കണ്ണാടി വച്ചിരുന്നു. അവിടെ കുറെ ആൾക്കാർ കയറി കണ്ണാടി പൊട്ടിച്ചുകളഞ്ഞു. അതിനു അവരെ പ്രേരിപ്പിച്ചതു് തങ്ങളുടെ മുഖം കണ്ണാടിയിൽ കണ്ടതു വിരൂപമായി അവർക്കുതോന്നിയതുകൊണ്ടാണെന്നു ഞാൻ ഊഹിക്കുന്നു. ഇതുപോലെതന്നെയാണു അധഃപതിച്ചജീവിതം, ജീവിതവിശുദ്ധിയില്ലായ്മ. ഇവയുടെ കാഴ്ച അവനവനെത്തന്നെ പരിതപിപ്പിക്കുന്നതുകൊണ്ടുള്ള ശ്രമം പലവിധത്തിൽ രൂപീകൃതമാകുന്നു. വിമർശനം, ആക്ഷേപം, പരദോഷാരോപണം മുതലായവ ചിന്തനീയമാണു്. എന്റെ ഒരു സ്നേഹിതനു ചെമ്പിച്ച തലമുടിയുള്ള ഒരു കുട്ടിയുണ്ടായിരുന്നു. ചെമ്പിച്ച തലമുടി സായ്പന്മാർക്കു ഇഷ്ടമില്ല എനിക്കു ഇഷ്ടമാണു്. എന്റെ അമ്മയുടെ തലമുടിക്കു ചെമ്പിച്ച നിറമുള്ളതുകൊണ്ടായിരിക്കാം എനിക്കതു ഇഷ്ടമായതു്. കുട്ടിയുടെ തലമുടി സ്വർണ്ണവർണ്ണമാണെന്നു് അച്ഛൻ കുട്ടിയോടു പറകയും കുട്ടി അതുകേട്ടു് സ്വർണ്ണവർണ്ണമെന്നു സമ്മതിച്ചുമിരുന്നു. ആ കുട്ടി കണ്ണാടിയിൽ നോക്കുമ്പോഴാണു് അതു ചെമ്പിച്ച നിറമാണെന്നു മനസിലാകും. നമ്മെപ്പറ്റി മറുള്ളവർ എങ്ങനെ പറഞ്ഞാലും യഥാർത്ഥം കണ്ണാടിയിൽ നോക്കിയാൽ മാത്രമേ മനസിലാകയുള്ളു.

ആഫ്രിക്കായിലെ ഒരു ജാതിത്തലവൻ ഉപയോഗിച്ചുകൊണ്ടിരുന്ന വെള്ളത്തിൽ ഉണ്ടായിരുന്ന ജന്തുക്കളെ ഒരു മിഷ്യനറി തന്റെ കയ്യിലുണ്ടായിരുന്ന ഭൂതക്കണ്ണാടികൊണ്ടു അവനെ കാണിച്ചു. ഈ ഭൂതക്കണ്ണാടി വിലയുള്ളതുതരുമോ എന്നു ചോദിച്ചു് വിലക്കു വാങ്ങിച്ചു. മിഷ്യനറി പോയപ്പോഴാണു ജാതിത്തലവൻ ഭൂതക്കണ്ണാടി തല്ലിപ്പൊട്ടിച്ചു. അതുകൊണ്ടു് വെ

ള്ളത്തിലേ ജനങ്ങൾക്കും പോയില്ല. ജീവിതത്തിലുള്ള അഴുക്കുക ളെക്കുറിച്ചുള്ള കാഴ്ച മറയ്ക്കുന്നതിനും മറക്കുന്നതിനുംള്ള വി വിധ വഴികൾതന്നെയാണ്. ആഫ്രിക്കയിലെ മണലാരണ്യ ത്തിൽ ഒട്ടകപ്പക്ഷി ഏന്നൊരുവകയുണ്ട്. അത് ഓടിക്ഷീ ണിക്കുമ്പോൾ മണലാരണ്യത്തിൽ തല പൂഴ്ത്തുന്നു. അതുകൊ ണ്ട് ശത്രുക്കൾ തന്നെ കാണാതെ വരുന്നില്ല. നാം യഥാർത്ഥ സ്ഥിതി കാണാൻ ശ്രമിക്കുന്നു. സുഖഭോഗ വിധത്തിൽ ശ്രമി ച്ചാൽ ശക്തിയായ ഒരു മുഖാന്തിരമായിത്തീരും ഓക്സ്ഫോർ ഡ് ഗ്രൂപ്പ് എന്ന ഒരു സ്ഥാപന ഉണ്ടായിട്ടുണ്ട്. അവർ നാല് പ്രമാണങ്ങളാണ് വച്ചിരിക്കുന്നത്.

1. പരിപൂർണ്ണമായ പരമാർത്ഥത.
2. പരിപൂർണ്ണമായ നിർമ്മലത
3. പരിപൂർണ്ണമായ നിസ്വാർത്ഥത.
4. പരിപൂർണ്ണ സ്നേഹം.

ഇവ നാലും അത്യാവശ്യകാര്യങ്ങളാണ്. നമുക്ക് പരമാർ ത്ഥതയുണ്ടോ? നിർമ്മലതയുണ്ടോ? നടപാടുകളിൽ നിസ്വാ ർത്ഥതയുണ്ടോ? സ്നേഹം ഉണ്ടോ? പ്രവർത്തിയിലും നിരൂപ ണത്തിലും സ്നേഹം ഉണ്ടായിരിക്കണം. നമ്മുടെ ഹൃദയത്തിൽ വിദ്വേഷബുദ്ധിയുണ്ടോ എന്ന്,

നിങ്ങൾ നിങ്ങളിലേക്ക് തന്നെ നോക്കിയാൽ പോരാ, നമ്മു ടെകാര്യം കണ്ടുപിടിക്കണം, യഥാർത്ഥം മനസിലാക്കണം. അതി നായേശുക്രിസ്തുവിങ്കലേക്ക് നോക്കണം. പുറംപാടു നോക്കി ഭാ വിച്ചുപിടിക്കരുത്. യേശുവിനെ നോക്കി യേശുവിന്റെ സമാ ധാനം, ശക്തി, വിടുതൽ ഇവയെ നോക്കണം. യേശുവിന്മേൽ നമ്മുടെ കണ്ണ് തിരിപ്പിക്കണം. പഴയകാലത്തു ജീവിച്ചിരുന്ന ഒ രു മനുഷ്യനെയല്ല ഇപ്പോഴും ജീവിച്ചിരിക്കുന്ന ഒരു ക്രിസ്തുവിനെ യാണ് നോക്കേണ്ടത്. ഉയർത്തുജീവിക്കുന്നവനെയത്രേ ഇപ്പോ ഴും ജീവിക്കുന്നവനാക്കുന്നത്. ക്രൂശിനായിട്ടാണ് നാം അവനിൽ നോക്കുന്നത്. അവനിൽ ജീവനുണ്ട്. അവനെ കണ്ടാൽ രൂ പാന്തരപ്പെടും. "ദരിദ്രനോക്ഷയാശ്രയിച്ചു ഭാരച്ചുമടുമായി ക്കുന്നകയറുന്ന ഒരു മനുഷ്യനെ ഓർക്കുന്നുണ്ടായിരിക്കുമല്ലോ നാ ശലോകത്തെവിട്ട് ദൈവസന്നിധിയിലേക്ക് കയറുന്ന ക്രിസ്ത്യാനി

കരിയുകാണുമ്പോൾ തൻകൊട്ട താഴെ വീഴുന്നു. നാടുയുവിനെ കാണുമ്പോൾ പാപത്തിൽനിന്നു മോചനം പ്രാപിക്കുന്നു.

പാപത്തിൽനിന്നു മോചനം പ്രാപിക്കുന്നവൻ ഭാരതഭൂമിയെ കാണുന്നു. ധാരാളം കഷ്ടപ്പാട് സഹിച്ചു. അടിമകളുടെ വിടുതലിനുവേണ്ടി അക്ഷീണപരിശ്രമം ചെയ്ത ഏബ്രഹാം ലിങ്കൺ തൻറെ പ്രാരംഭം മുതലുള്ള സർവ്വ ഇടപാടുകളും പരാജയത്തിലാണു് കലാശിച്ചതു്. താൻ ഭാജരാക്കിയ ബിൽ നിഷേധിക്കപ്പെട്ട നിയമസഭയുടെ സ്ഥാനത്തിയായി നിന്നിട്ടു ലഭിച്ചില്ല. എന്നാൽ കർഷകരുടെ പ്രതിനിധിത്വത്തിനുമേൽ പ്രോവിൻസിൽ പ്രാതിനിധ്യം ലഭിച്ച ജോവിറ്റെനിനും അമ്മരിക്കൻ ഐക്യനാടുകളുടെ പ്രസിഡൻറായിത്തീർന്നു. ഉദ്ദേശിച്ചകാര്യം സാധിച്ചു. അടിമവ്യാപാരം നിരുത്തലാക്കപ്പെട്ടിരിക്കുന്നു എന്നുള്ള വിളംബരം അബ്രഹാം പ്രഖ്യാപനം ചെയ്തു. അതിൽ രോഷാകുലരായവരിൽ ഒരാൾ അബ്രഹാത്തെ വെടിവെച്ചുകൊന്നു. ശവശരീരം ശ്മശാനസ്ഥലത്തേക്കു് കൊണ്ടുപോയതു് ഒരു ഘോഷയാത്രയായിട്ടായിരുന്നു. ഉച്ചയ്ക്കാണു് ഘോഷയാത്ര. അനേകായിരം അടിമകൾ തങ്ങൾക്കുവേണ്ടി മൃതിയടഞ്ഞ ലിങ്കനെ കാണുന്നതിനായി വഴിയരികിൽ സ്ഥാനംപിടിച്ചു. ആ ക്രൂത്തിൽ ഒരുവൃദ്ധയും അവരുടെ കയ്യിൽ ഒരു കുട്ടിയുമുണ്ടായിരുന്നു. ആ ക്രൂത്തിനിടയിൽ കുട്ടിയും തള്ളയും പുറകിലായിപ്പോയി ഘോഷയാത്ര തനിക്കു നേരെയായപ്പോൾ വൃദ്ധ തൻറെ കുട്ടിയെ എടുത്തു് പൊക്കിക്കൊണ്ടു് കുഞ്ഞേ ശവശരീരത്തെ സൂക്ഷിക്കുക. അടിമകൾക്കു് അനന്തസ്വാതന്ത്ര്യം തരുന്നതിനുവേണ്ടി മരിച്ചു. വെടിയുണ്ടകൊണ്ടു ഒരു പ്രസ്ഥാനവും നശിക്കാൻ സാക്കിക്കയില്ല സ്വാതന്ത്ര്യത്തിനു ഉത്ഭവിക്കുന്നു. നമുക്കുവേണ്ടി മരിച്ചക്രിസ്തുവിനെ നാം നല്ലപോലെ നോക്കണം. ഹൃദയത്തിലെ സ്വാർത്ഥതിമാത്രം പോരാ ഹൃദയത്തോടുകൂടി ക്രൂശിനെ നോക്കണം. യേശുവിനുചുറ്റും നോക്കുന്ന കുന്നുകളെ നോട്ടമിൻഡ്യയെ നോക്കുക. ഈ ഭാരതഭൂമി കലാവിദ്യകളുടെ കേന്ദ്രമായിരുന്നു എങ്കിലും അതു് അധഃപതിച്ചിരിക്കുന്നു. സാക്ഷരത്വത്തിൻറെ പട്ടിക വിവരിക്കുന്ന ഒരു ചിത്രം നാം കാണുകയുണ്ടായി

ജപ്പാൻ, ഇംഗ്ലണ്ട്, അമേരിക്കൻ ഐക്യനാടുകൾ ഇവ 10 ശതമാനവു വിദ്യാഭ്യാസമുള്ളവരാണ്. സാക്ഷരതാ വ്യാപനവും കുറവുള്ള രാജ്യം ഭൂതാണെന്നു നിങ്ങൾക്കു പറയാൻ കഴിയുമോ. ആഫ്രിക്കയാണെന്നും നിങ്ങളോടുകൂടി പറവാൻ എനിക്കു കഴിയാത്തതിൽ ഞാൻ ദുഃഖിക്കുന്നു ഇൻഡ്യയാണ് സാക്ഷരതാപനം കുറവുള്ള രാജ്യം. അവിടെ പത്തു ശതമാനത്തോളം മാത്രമേ സാക്ഷരതാമുള്ളൂ. 90 ശതമാനവും നിരക്ഷരകുക്ഷികളാണ്. ഒരു കാലത്തു ഇൻഡ്യ തത്വജ്ഞാനികളുടെ ഇരിപ്പിടമായിരുന്നു. അന്യരും നാഗരികതയും സാഹിത്യവും ഉള്ളവരായിരുന്നു ഞങ്ങളുടെ പൂർവ്വികന്മാർ മൃഗങ്ങളെ നായാടി അതിന്റെ തോൽ ധരിച്ചുകൊണ്ടിരുന്നപ്പോൾ നിങ്ങളുടെ പൂർവ്വന്മാർ പട്ടുവസ്ത്രങ്ങളാണ് ഉപയോഗിച്ചുകൊണ്ടിരുന്നതു്. ഞങ്ങളുടെ പൂർവ്വന്മാർ നായാട്ട് സന്ന്യാസായം ആലോചിച്ചുകൊണ്ടിരുന്നപ്പോൾ ഇവിടെയുള്ളവർ തത്വജ്ഞാനത്തെപ്പറ്റി ചിന്തിച്ചുകൊണ്ടിരുന്നു. അശോകൻ മുതലായ സമർത്ഥന്മാരായ രാജാക്കന്മാരാൽ ശ്രുപീകൃതമായ ഭാരണമണ്ഡപമാണ് ഈ കാലത്തു ആശാവഹമല്ലാത്തനിലയിൽ ഇരിക്കുന്നതു്. ഇൻഡ്യയുടെ ഉദ്ധാരണത്തിനു വേണ്ടിയുള്ള എന്തുചെയ്യുവാൻ സാധിക്കും എന്നു നിങ്ങളിൽ അധികം പേരും വിചാരിച്ചുകാണും. എന്തോ ചെയ്യണം, എന്നെക്കൊണ്ടു് എന്തു സാധിക്കും എന്നു പറയുന്നവനെ എനിക്കധികാരമുണ്ടായിരുന്നുവെങ്കിൽ ഞാൻ ഒരു വർഷത്തെ തടവും 10 രൂപാപിഴയും വിധിക്കുമായിരുന്നു. ഭാരതത്തിന്റെ ഉയർച്ചയ്ക്കുവേണ്ടി നിങ്ങൾക്കു ഓരോരുത്തർക്കും പ്രവർത്തിക്കുവാൻ കഴിയും.


അമേരിക്കയിലെ പ്രസിദ്ധൻറായ കൃസ്വൽറുമായി ഞാൻ സംസാരിക്കുകയുണ്ടായി നിങ്ങൾ ബാഹ്യമായ കാര്യങ്ങൾ ക്രമപ്പെടുത്തണമെന്നു് ആഗ്രഹിക്കുന്ന ഓരോ വ്യക്തിയുടേയും ആഭ്യന്തരമായ കാര്യങ്ങൾ ക്രമപ്പെടുമ്പോൾ ബാഹ്യമായ കാര്യങ്ങളും ക്രമപ്പെടുമെന്നു് ഞാൻ അദ്ദേഹത്തോടു പറഞ്ഞു. വ്യക്തികൾ ആഭ്യന്തരമായ ജീവിതകാര്യങ്ങൾ ശരിപ്പെടുത്തേണ്ടതാണു്. വിശ്വാസം ഉണ്ടാകാതെ സാധിക്കുന്നതല്ല. മനുഷ്യസ്വഭാവം മാറ്റപ്പെടണം. സ്വഭാവവിശുദ്ധി അത്യാവശ്യമാണു്. രാവിലെ ഞാൻ ബൈബിൾ ക്ലാസ്സിൽ

പറഞ്ഞ ഒരു കഥ പറയട്ടെ. വടക്കെഇൻഡ്യയിലുള്ള ഞങ്ങളുടെ ആശ്രമത്തിന്റെ അഭിമുഖ്യത്തിൽ നടത്തപ്പെട്ടുന്ന മെഡിക്കൽ വകുപ്പിനു ഒരു സഹായധനം ഗവൺമെൻറിൽനിന്നും ലഭിക്കുന്നതിനുവേണ്ടി ഞങ്ങൾ യു. പി. ഗവൺമെൻറിൽ ഒരു അപേക്ഷകൊടുത്തു. അപേക്ഷ ചെന്നപ്പോഴേ പണമില്ല എന്ന കാരണത്താൽ തള്ളേണ്ടതാണെന്നു സെക്രട്ടറി പ്രസ്താവിച്ചു എങ്കിലും മിസ്സസ്സ് പണ്ഡിറ്റ് പണം നാം ഉണ്ടാക്കികൊടുക്കേണ്ടതാണെന്നു അവിടെ പ്രസ്താവിച്ചു. മിസ്സസ്സ് പണ്ഡിറ്റ് മി: ജവഹർലാൽ നെഹ്രുവിന്റെ സഹോദരിയാണു്. യുണൈറ്റഡ് പ്രോവിൻസിലെ സ്വയംഭരണ മന്ത്രിസഭയിലെ ഒരംഗമാണു. അവർ ഞങ്ങളുടെ ആശ്രമത്തിൽ വന്നിരുന്നു. ഗ്രാൻറു തരുവാൻ പണത്തിനു പ്രയാസമുണ്ടെങ്കിലും ഞങ്ങളുടെ ഈ വേലയോടുള്ള താല്പര്യത്തെ പ്രദർശിപ്പിക്കുന്നതിനായി ഒരായിരംരൂപാ തരുവാൻ അനുവദിച്ചിട്ടുണ്ടെന്നു ഞങ്ങളോടു പറഞ്ഞു. അവർക്കു 9-ം, 12-ം, വയസ്സു പ്രായമുള്ള രണ്ടു പെൺകുട്ടികളും ഉണ്ടു്. അവരുമായി സ്കൂളിൽ പോകുന്ന സമയത്തു ഒരാൾ തന്റെ ഭാര്യയുമായി യാത്രചെയ്യുന്നതുകണ്ടു. ആ മനുഷ്യൻ ഒരു കുടചൂടിച്ചു മുമ്പിലും ഭാര്യ ഒരു ചുമടുമായി പുറകെയും നടന്നുകൊണ്ടിരുന്നു. അമ്മാ, ഇതെന്താണെന്നു അതിൽ ഒരു കുട്ടി ചോദിച്ചു. ഇതാണു് ഇൻഡ്യ എന്നു അമ്മ മറുപടി പറഞ്ഞു. വയസ്സുള്ള കുട്ടി അതിനു മറുപടിയായി ഞാനായിരുന്നു ഭാര്യയെങ്കിൽ ഞാൻ മുൻപിൽ നടക്കുമായിരുന്നു എന്നു പറഞ്ഞു. മൂത്തകുട്ടിയാകട്ടെ ഞാൻ മുൻപിലും പുറകിലും നടക്കുകയില്ല ഒപ്പം നടക്കും എന്നു പറഞ്ഞു. അസമത്വത്തിന്റെ അടിയുറച്ച നില മേൽപറഞ്ഞ സംഭവം വെളിപ്പെടുത്തുന്നു. ഭാരതഭൂമിയിൽനിന്നു് നിരക്ഷരത്വത്തെയും അടിമത്വത്തെയും ഇല്ലായ്മ ചെയ്യുന്നതിനു നീ നിന്നെത്തന്നെ കാണണം, നീ യേശുവിനെ കാണണം, നീ ഭാരതഭൂമിയെ കാണണം. സമയം പോയതിനാൽ ഇനി നിറുത്തിയ സ്ഥാനത്തു നമുക്കു വീണ്ടും തുടങ്ങാം. നമുക്കു തലകുനക്കി പ്രാർത്ഥിക്കാം.

സി പി. എം. എം. പ്രസ്സു്, കോഴഞ്ചേരി

നമ്പർ 3.

മാരാമൺ കൺവൻഷൻ പ്രസംഗങ്ങൾ.



തിങ്കൾ രാത്രി 9—7—1114

പ്രാസംഗികൻ.

മി: ഏഴ്സ്കിൻ

പരിഭാഷകൻ:- റവ: പി. ജെ. തോമസ് ബി. എ. ബി. ഡി.

പ്രസാധകൻ.

എം. എം. മാമ്മൻ.

എബ്രായ. 11: 24—27.

"വിശ്വാസത്താൽ മോശതാൻ വളർന്നപ്പോൾ പാപത്തിന്റെ തല്ക്കാല ഭോഗത്തേക്കാളും ദൈവജനത്തോടു കൂടെ കഷ്ടമനുഭവിക്കുന്നതു തിരഞ്ഞെടുത്തു. പ്രതിഫലം നോക്കിയതുകൊണ്ടു ഫറവോന്റെ പുത്രിയുടെ മകൻ എന്നു വിളിക്കപ്പെടുന്നതു് നിരസിക്കുകയും മിസ്രയീമിലെ നിക്ഷേപങ്ങളെക്കാൾ ക്രിസ്തുവിന്റെ നിന്ദവലിയ ധനമെന്നു് എണ്ണുകയും ചെയ്തു വിശ്വാസത്താൽ അവൻ അദൃശ്യദൈവത്തെ കണ്ടതുപോലെ ഉറച്ചുനില്ക്കയാൽ രാജാവിന്റെ കോപം ഭയപ്പെടാതെ മിസ്രയീം വിട്ടുപോന്നു"

ഈ രാത്രിയിൽ ഞാൻ നിങ്ങളോടു് സംസാരിക്കുന്നതിനു് ആഗ്രഹിക്കുന്നതു് നിലനില്ക്കുന്ന കാഴ്ചയെക്കുറിച്ചാകുന്നു. എബ്രായലേഖനം 11-ാം അദ്ധ്യായം 27-ാം വാക്യം എടുത്തു ആലോചിച്ചു നോക്കാം. വാക്യം വിട്ടു വായിച്ചുനോക്കാം. രാജകോപം ഭയപ്പെടാതെ അവൻ ഉറച്ചതിനെ നിന്നു. നമ്മു

ടെ ജീവിതത്തിൽ നാം ഒട്ടേറെ കാഴ്ചകൾ കണ്ടു കാണും. മോശെ കണ്ടു; അവൻ ഭയപ്പെടാതെ ഉറച്ചുനിന്നതുകൊണ്ടു ദൈവത്തെ കണ്ടതായിട്ടു അവനു തോന്നി. നിലനില്ക്കുന്ന കാഴ്ചയെപ്പറ്റി ജീവിതത്തിൽ ഒട്ടേറെ കാഴ്ചകൾ നാം കണ്ടുവെന്നു വരാം. ലോകത്തിലെല്ലാം ഞാൻ യാത്രചെയ്തിട്ടുണ്ടു്. ലോകത്തിൽ പല പട്ടണങ്ങളിൽ ഞാൻ പോയിട്ടുണ്ടു്. ലോകത്തിൽ വളരെ അത്ഭുതകരമായ സംഗതികൾ ഉണ്ടു്. എന്നാൽ നിലനില്ക്കുന്നതു് ഒറ്റസംഗതി മാത്രമേയുള്ളു. പത്രോസു യോഹന്നാൻ യാക്കോബു് ഇവർ മറുരൂപമലയിൽ കണ്ട കാഴ്ച ഒരിക്കലുംമറക്കുന്നതല്ല. പത്രോസു വിവിധതരങ്ങളായ കാഴ്ചകൾ കണ്ടു. പൌലൂസു് ദമസ്ക്കോസിലേക്കു പോയവഴിയിൽ കണ്ടകാഴ്ച അവൻ മറന്നില്ല. അഗ്രിപ്പാരാജാവിനോടു പൌലൂസു് പറയുന്നതു നട്ടുച്ചക്കു സൂര്യശോഭയെ വെല്ലുന്ന ഒരു ഭയങ്കരമായ വെളിച്ചം കണ്ടു എന്നാണു്. കർത്താവായ യേശുക്രിസ്തുവിനെ കാണുന്നതു നിലനില്ക്കുന്ന നോട്ടം-നിലനില്ക്കുന്ന കാഴ്ച ആകുന്നു. രക്ഷനേടുന്നതിൽ ഉറച്ചുനില്ക്കുമ്പോൾ നിലനില്ക്കുന്ന നോട്ടം കാണുന്നു. യിസ്രായേൽ മക്കൾക്കു അതിഭയങ്കര മരണമുണ്ടായി. ദൈവം അതിനു പോംവഴി കണ്ടു. അതു "നോക്കിജീവിക്കുക" എന്നായിരുന്നു. നോക്കി ജീവിക്കുക എന്നു ദൈവംപറയുന്നു. നാം പറയുന്നതു് "നോക്കി കാണുക" എന്നാണു്. ഒന്നാമതു ഈ കാഴ്ച മഹനീയമായ കാഴ്ച ആകുന്നു. മഹനീയമാകുന്ന കാഴ്ച മോശെ കണ്ടതു് മുൾപ്പടർപ്പിലായിരുന്നു. ദൈവം പ്രത്യക്ഷനായി 'ജനത്തെ വിടുവിച്ചയപ്പാൻ ഞാൻ ഇറങ്ങിവന്നിരിക്കുന്നു' എന്നു പറയുന്നു.

ഈ കൺവൻഷൻകൊണ്ടു് നമുക്കു് എന്തു പ്രയോജനം? വന്നതുപോലെ പോകയാണോ? എന്തിനു് വന്നു? പതിവനുസരിച്ചു് വന്നോ? അതോ സ്നേഹിതന്മാരെ കാണാൻ വന്നോ? എന്തിനാണു്? ജോലിയിൽ സാവകാശം കിട്ടുന്നതിനാണോ? ഈ ആഴ്ച വേറേ നല്ലകാര്യങ്ങൾ ഇല്ലാത്തതുകൊണ്ടാണോ? എന്തിനു വന്നിരിക്കുന്നു? ദൈവത്തോടു മറുപടി പറക. കർത്താവായ യേശുക്രിസ്തുവിനെ കാണാനാണോ? കർത്താവായ യേശുവിനെ കാണുന്നതു് മഹത്തായ കാഴ്ചയാകുന്നു. ഇതു തിരുവിതാംക്കൂറിലും മഹത്തായ ഒരു കാഴ്ച ആകുന്നു. സ

ഹോതരന്മാരെ, നമുക്ക് വിടുതൽ ആവശ്യം. ഈ കൺവൻഷ്യന് ഇവിടെ വന്നിരിക്കുന്നത് എന്തിനായിട്ടാണ്?

സ്വാതന്ത്ര്യം ആവശ്യമില്ലയോ? ഇവിടെ ഇരിക്കുന്ന ഓരോരുത്തരെയും സ്വാതന്ത്ര്യപ്പെടുത്താൻ ദൈവം ഇറങ്ങിവന്നിരിക്കുന്നു. ഇതുകൊണ്ടുള്ള പ്രയോജനം ദൈവം വിടുതലിനെ അനുഭവപ്പെടുന്നു. ഈ രാത്രിയിൽ ഈ പന്തലിൽ കൂടി ഇരിക്കുന്നത് എന്തിനായിട്ടാണ്? ആ ദിവസം മോശെക്ക് വിടുതലിനെക്കൊടുത്തു. ദൈവം നമ്മെ സ്വാതന്ത്ര്യപ്പെടുത്തുന്നു. ഇങ്ങനെ കാണുന്ന കാഴ്ച മഹത്വകരമായകാഴ്ച ആണ്

ഈ പന്തലിൽ നിങ്ങൾ എന്തിന് വന്നിരിക്കുന്നു? ദൈവത്തോട് നിങ്ങൾ മറുപടി പറയണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. പെനുവേലിൽ യാക്കോബു പോയി. നീ എന്നെ അനുഗ്രഹിച്ചെ ഞാൻനിന്നെ വിടുകയുള്ളു എന്നു അവൻ പറഞ്ഞു. അവൻ അനുഗ്രഹിക്കപ്പെടുകയും ചെയ്തു. നീ എന്തിനായി വന്നു എന്നു കർത്താവു ചോദിക്കുന്നു. യോഹന്നാൻ സ്നാപകനെ കാണ്മാൻ പോയ ജനത്തോടു കർത്താവു ഈ ചോദ്യം ചോദിച്ചു 'നിങ്ങൾ എന്തു കാണ്മാൻ മരുഭൂമിയിൽ പോയി' ഈ മഹാസഭയിൽ നിങ്ങൾ എന്തിനായി വന്നിരിക്കുന്നു? ക്രിസ്തുവിനെ കാണുന്നതിനോ അനുഗ്രഹം പ്രാപിക്കുന്നതിനോ ആയിരിക്കാം. കൂടുതൽ ആഴമായ വിധത്തിൽ ചിന്തിക്കാം. ഈ ദിവസങ്ങളിൽ ദൈവവുമായി തനിച്ചിരുന്ന് ഹൃദയത്തോടു സംസാരിക്കുക.

2-ാമത്തു രൂപാന്തരപ്പെടുത്തുന്ന കാഴ്ച. മുൾപ്പടപ്പ് കത്തുന്നില്ല. തീ എരിയുന്നു. ഈ കാഴ്ച എന്താണെന്ന് മോശ നോക്കുന്നു. എന്നാൽ മുൾപടപ്പിൽ തീ കത്തുന്നില്ല. എന്നാൽ തീ എരിയുന്നുമുണ്ടായിരുന്നു. ഇതു ഒരു വലിയ കാഴ്ചയായി മോശയ്ക്കു തോന്നി. ഇപ്രകാരം കണ്ടപ്പോൾ അവിടേക്ക് മോശെ തിരിഞ്ഞുനടന്നു. മോശ തിരിഞ്ഞു നടന്നപ്പോൾ ദൈവം മോശയോടു സംസാരിച്ചു. ഈ കൺവൻഷനിൽ അനേകർ തിരിഞ്ഞുചെല്ലും എന്നു വിചാരിക്കുന്നു. ഈ മുൾപടപ്പിൽ രക്ഷിപ്പാൻ(വിടുതൽ ചെയ്യാൻ) യേശു ഇറങ്ങിവന്നിരിക്കുന്നു.

ശിംശോൻ സിംഹത്തെക്കൊന്ന മൃതശരീരം കുറെക്കാലം കഴിഞ്ഞു വീണ്ടും കാണ്മാൻ അവൻ തിരഞ്ഞുചെന്ന നോക്കിയപ്പോൾ തേൻ ഇരിക്കുന്നതാണു് അവൻ കണ്ടതു്. അവൻ അതു എടുത്തുതിന്നു. തിരിഞ്ഞുചെല്ലുമ്പോൾ തേൻ കിട്ടുന്നു. തിരിഞ്ഞ വേറൊരാൾ സഖായിയായിരുന്നു. സഖായിയെറി ഹോവിൽ കേൾവികേട്ട ഒരു ധനവാനായിരുന്നു. അവൻ ലാഭം എടുക്കുന്നവനും ചുങ്കക്കാരിൽ പ്രമാണിയും ആയിരുന്ന ദ സ്സാമർത്ഥംകൊണ്ടും കൌശലം കൊണ്ടും ഉയന്നിലയിലെത്തിയവനായിരുന്നു അവൻ യേശുവിനെ കാണുന്നതിനു വളരെ പ്രയാസപ്പെട്ടു് ഒരു കാട്ടത്തിയിൽ കയറിയിരുന്നു. അവൻ കത്താവിനെ കണ്ടപ്പോൾ കത്താവു് സഖായിയെ വിളിച്ചു. തിരയുന്നവനായ പാപിക്കു് തിരയുന്നവനായ ഒരുരക്ഷിതാവുണ്ടു്. ഇങ്ങോട്ടു അന്വേഷിച്ചുവരുന്ന പാപിയെ അങ്ങോട്ടു തിരക്കി ചെല്ലുന്ന ഒരു രക്ഷിതാവു് നമുക്കുണ്ടു്. അടുത്തയാൾ വലത്തുഭാഗത്തെ കള്ളനാണു് നീ ഇന്നു എന്നോടുകൂടെ പറുദീസായിൽ ഇരിക്കും എന്നു കത്താവു അവനോടു പറഞ്ഞു. മനുഷ്യർ സ്വയംവിട്ടുതിരിഞ്ഞാൽ ദൈവം അടുത്തുവന്നു സംസാരിക്കും. ഈ ആഴ്ച പലർ മനസ്സുതിരിയുമെന്നു ഞാൻ വിചാരിക്കുന്നു. അനുഗ്രഹിപ്പാൻ ദൈവം ആഗ്രഹിക്കുന്നു. അവനു അനുഗ്രഹിപ്പാൻ മനസ്സുണ്ടു്. മോശെക്കു പാടെ വ്യത്യാസംവന്നു അവൻ 40 വർഷം ആടിനെ മേയിച്ചു കഴിച്ചുകൂട്ടി എനിക്കു വേറെ ആട്ടുകാരം ഉണ്ടു് എന്നു ദൈവം അവനോടു പറഞ്ഞതായി വിചാരിക്കാം അവിടെ രൂപാന്തരപ്പെടുത്തുന്ന ഒരു കാഴ്ച കാണുന്നു വീണ്ടും ജനനത്താൽ രൂപാന്തരപ്പെടുത്തുന്ന ഈ ദിവസങ്ങളിൽ തിരിഞ്ഞുചെന്നാൽ ദൈവം നമ്മെ അനുഗ്രഹിക്കും കത്താവിനെ കാണാൻ വരണം എന്നു ഞാൻ അപേക്ഷിക്കുന്നു. സഖായി തിരിഞ്ഞപ്പോൾ യേശു സഖായിയുടെ നേരെ തിരിയുന്നു. തിരക്കുന്ന പാപിയെ തിരക്കുന്ന രക്ഷിതാവാണ് യേശു. വലത്തു ഭാഗത്തെ കള്ളൻ നിസ്സഹായനായി പാപഭാരവുമായി ക്രൂശിന്മേൽ കിടന്നുകൊണ്ടു പ്രാണവേദന അനുഭവിക്കുമ്പോൾ തിരിഞ്ഞു യേശുവിനെ നോക്കി നിന്റെ രാജ്യത്തിൽ വരുമ്പോൾ എന്നെയും ഓർക്കണമേ എന്നപേക്ഷിച്ചു കത്താവു്

അവനോടു നീ ഇന്നു എന്നോടുകൂടി പറുദീസായിൽ ഇരിക്കും എന്നരുളിചെയ്തു. ഇന്നു അനേകർ പാപഭാരത്താൽ പ്രാണവേദന അനുഭവിക്കുന്നു എങ്കിലും യേശുവിങ്കലേക്കു തിരിയുന്നില്ല. ഈ മഹായോഗം അനേകരുടെ മനംതിരിവിനു ഉപയോഗമായി തീരുന്നതിനു ദൈവം ആഗ്രഹിക്കുന്നു നിനക്കു മനസ്സുണ്ടോ? നീ തിരിഞ്ഞു, യേശുവിനെ കാണുക. നീ തിരിയുന്ന നാഴികയിൽ അവൻ നിന്നെ കാണും മോശ പാടെ വ്യത്യാസപ്പെട്ടു വീണ്ടും ജനനത്താൽ രൂപാന്തരം പ്രാപിപ്പാനാണോ നീ ഈ യോഗത്തിൽ വന്നിരിക്കുന്നതു് അതോ പതിവനുസരിച്ചു വന്നു എന്നേയുള്ളോ? പതിവനുസരിച്ചു വന്നതാണെങ്കിൽ നിനക്കു യാതൊരു പ്രയോജനവും ഇല്ല. യാക്കോബു പറഞ്ഞതുപോലെ നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല എന്നു നീ ഈ മഹായോഗത്തിൽ വച്ചു പറയുമോ?

3. വേർതിരിക്കുന്നകാഴ്ച. ഈ കാഴ്ചയാൽ തനിക്കുണ്ടായിരുന്ന തല്ക്കാലിക സന്തോഷം നിസ്സാരമായത്തീർന്നു. മിസ്രയിമിലെ നിക്ഷേപങ്ങളെക്കാൾ ദൈവത്തിൻെറ ജനത്തോടുകൂടി കഷ്ടപ്പെടുന്നതു വലിയധനം എന്നു അവൻ എണ്ണി. ദൈവദർശനം പ്രാപിക്കുന്നതിനു മുൻപു് മോശയുടെ കണ്ണു് അടഞ്ഞിരുന്നു. ദൈവത്തെ കണ്ടപ്പോൾ അവൻെറ കണ്ണുകൾ തുറക്കുകയും ഈജിപ്തിൻെറ നില ദൈവത്തിൻെറ കയ്യിൽ എങ്ങിനെയെന്നു മനസ്സിലാക്കുകയും സന്തോഷത്തിൻെറകേന്ദ്രമായ ഈജിപ്തു് തനിക്കു നിന്ദ്യമായി ബോധപ്പെടുകയുംചെയ്തു. കൊട്ടാരത്തിൻെറ അലങ്കാരങ്ങളും ആഡംബരജീവിതവും ഭൃത്യന്മാരുടെ ശുശ്രൂഷയും സകലവും താല്ക്കാലികങ്ങളാണെന്നും താല്ക്കാലികങ്ങളല്ലാത്തതും നിത്യവുമായ സന്തോഷംവിലയുള്ളതായിതീർന്നു. ഇന്നും താല്ക്കാലികസന്തോഷങ്ങൾക്കു വിലകൊടുക്കുന്നവർ ഉണ്ടെങ്കിൽ മോശയെപ്പോലെ വേർതിരിക്കുന്ന കാഴ്ച അനുഭവപ്പെടുത്തട്ടെ. അന്ധകാരത്തിൻെറ പ്രഭ, പൊട്ടമരവിയിൽ നിന്നും നാം കുടിപ്പാനാഗ്രഹിക്കുന്നു. യേശുവോ ജീവനുള്ള വെള്ളങ്ങളുടെ ഉറവയിൽ നിന്നും നാം കുടിച്ചു തൃപ്തരാകണമെന്നാഗ്രഹിക്കുന്നു. ജീവനുള്ള വെള്ളങ്ങ

ളുടെ ഉറവയിൽനിന്നു കുടിക്കണമെങ്കിൽ വേർതിരിവു് ആവശ്യമാകുന്നു.

ഏതിൽനിന്നു് ഏതിലേക്കു നീ വേർതിരിഞ്ഞിരിക്കുന്നു. മോശ ഈജിപ്തിൽനിന്നു് കനാനിലേക്കു വേർതിരിയപ്പെടുന്നു. നിന്റെ വേർതിരിവു തെളിവായിരിക്കണം. വേർതിരിവിന്റെ കാഴ്ച നിനക്കു മുംപ്പടർപ്പിൽ കാണാം. മുംപ്പടർപ്പു തീകൊണ്ടു ആളികത്തിയെങ്കിലും വെന്തില്ല. വേർതിരിവിന്റെ ഈ അനുഭവം ഹോറേബിൽ നാം കാണുന്നു

4. ഉറപ്പുള്ളതും നിലനില്ക്കുന്നതുമായകാഴ്ച: ഹോറേബിൽ നിന്നുംലഭിച്ച ഈ വേർതിരിവിന്റെ കാഴ്ച സ്വന്തജനങ്ങളുടെ വേർതിരിവിനു പ്രയോജനപ്പെട്ടു. വേർതിരിവിൽഉറപ്പുള്ളതും നിലനില്ക്കുന്നതുമായ കായ്ങ്ങളുടെ സാദ്ധ്യതയ്ക്കുവേണ്ടിനിന്നെ സഹിക്കുന്നതിനു പ്രാപ്തനാക്കിത്തീർക്കുന്നു. നീ സഹിക്കണം. എന്റെ പിന്നാലെവരുന്നവൻ തന്നത്താൻ വെറുത്തു എന്റെ ക്രൂശു എടുത്തുകൊണ്ടു് എന്നെ അനുഗമിക്കട്ടെ. ഉറപ്പുള്ളതും നിലനില്ക്കുന്നതുമായ ക്രൂശാണു്. ക്രൂശു് കഷ്ടത പട്ടിണി സഹനം ഇവ നിറഞ്ഞതാണു്. ഈജിപ്തിനെ വിട്ടാൽ നീ പലതും സഹിക്കണം. വിശുദ്ധ പൗലൂസു് തീമോഥിയോസിനു എഴുതുമ്പോൾ "സഹിച്ചാൽ അവനോടുകൂടെ വാഴാം" എന്നു കഷ്ടതയെ പരിഗണിച്ചു എഴുതിയിരിക്കുന്നു. കഷ്ടതയിൽ വളരെ അനുഗ്രഹങ്ങൾ അടങ്ങിയിരിക്കുന്നു. ക്രൂശിന്റെ ദർശനം ജീവിതത്തിലുള്ള സകല ക്ലേശങ്ങളും കഷ്ടതകളും മനോഹരമാക്കിതീർക്കുന്നതാണു്. മോശയുടെ ദർശനാ കഷ്ടതയിൽക്കൂടെയും പ്രതിക്രൂലതയിൽക്കൂടെയും തന്റെ സ്വന്തജനങ്ങളുടെ വീണ്ടെടുപ്പിനും വേർതിരിവിനും തന്നെ പ്രയോജനപ്പെടുത്തുന്നു.

കർത്താവിനോടുകൂടി അടുത്തുജീവിച്ചാൽ നമ്മെക്കൊണ്ടു മഹത്തായ കാര്യങ്ങൾ സാധിക്കാം. നമ്മുടെ കാഴ്ച മഹനീയമായിരിക്കട്ടെ . നമ്മുടെ കാഴ്ച രൂപാന്തരപ്പെടുത്തുന്നതായിരിക്കട്ടെ. നമ്മുടെ കാഴ്ച വേർതിരിക്കുന്നതായിരിക്കട്ടെ. നമ്മുടെ കാഴ്ച ഉറപ്പുള്ളതും നിലനില്ക്കുന്നതുമായിരിക്കട്ടെ. കഷ്ടത എങ്ങനെ സഹിക്കണം. തിരുസഭയുടെ ഗ്രന്ഥങ്ങളെ

ല്ലാം കഷ്ടാനുഭവങ്ങളിൽക്കൂടെ എഴുതപ്പെട്ടിട്ടുള്ളവയാണ്. കഷ്ടാനുഭവങ്ങളിൽ ദൈവത്തിനു ഓരോ ഉദ്ദേശമുണ്ട്. അവൻ നമ്മോടുകൂടി കഷ്ടമനുഭവിക്കുന്നു പൗലൂസു കഷ്ടപ്പാടുകളിൽ പ്രശംസിക്കുന്നു. ഒരേനുകത്തിൽ ദൈവവും നാമുമായി ഇണയ്ക്കപ്പെട്ടിരിക്കുന്നു. കഷ്ടത അനുഭവിക്കുന്നതിനുള്ള ഏകബന്ധം കർത്താവുമായിട്ടുള്ള ജീവബന്ധമാണ്. സ്വയ സംതൃപ്തിമോശയ്ക്കു ഈജിപ്തിലെ അനുഭവമായിരുന്നു. സഹനത്തിൽനിന്നും ഉളവായ ക്രിസ്തീയസംതൃപ്തി കനാനിലെ അനുഭവമാണ്. ക്രിസ്തുവിന്റെ നിന്ദ വലിയധനമായി വിശ്വാ പൗലൂസ് എണ്ണുന്നു.

ശമറിയാപട്ടണത്തെ പീഡിപ്പിച്ച മഹാസൈന്യങ്ങൾ അവിടെ ദാരിദ്ര്യത്തെയും ദുഃഖത്തെയും ഉളവാക്കി. ആ ദാരിദ്ര്യത്തിൽക്കൂടെയും ദുഃഖത്തിൽക്കൂടെയും ദൈവം അനുഗ്രഹിക്കാൻ തുടങ്ങി. അനുഗ്രഹം പ്രയോജനപ്പെടുത്തുന്നതു ആന്തരീകമാണ്. അതു ഹൃദയത്തിൽക്കൂടെയാണ്, അതെപ്പോഴും പാളയത്തിനു പുറത്താണ്. നാം കണ്ട ഈ വലിയ കാഴ്ച്ച എന്നു കൃഷ്ണരോഗികർ പറയത്തക്കവണ്ണം അവരുടെ കാഴ്ച്ച അവരെ ഇളക്കി. പാളയത്തിനു വെളിയിൽ നമുക്കു ലഭിക്കുന്ന കാഴ്ച്ചകർ ദൈവപുത്രന്റെ അതിരറ്റ സ്നേഹമാണ്. മോശയ്ക്കു ഈജിപ്തിൽ വച്ചല്ല ഹോരേബിലെ മരുഭൂമിയിൽവച്ചാണ് അനുഭവപ്പെട്ടതു്. യേശു ജനിച്ചതു വെളിയിലാണ്. പശുത്തൊഴുത്തിലാണ്. വളർന്നതും വെളിയിലാണ് ജീവിച്ചതും വെളിയിലാണ് മരിച്ചതും വെളിയിലാണ്. അവിടെയാണ് രക്ഷകാണുന്നതു്, മോശ ദൈവത്തെകണ്ടതും വെളിയിൽ ഹോരേബുപർവ്വതത്തിൽ വച്ചാണ്.

5. ആത്മീയമായ കാഴ്ച്ച. വസ്തുപരമായ കാഴ്ചയല്ല. വസ്തുപരമായ കാഴ്ച ആത്മീയമായ കാഴ്ച അല്ല അനിത്യമായതിനെ കാണുന്നു. ആത്മീയമായ കാഴ്ച നിത്യമായതിനെ കാണുന്നു. അതു അദൃശ്യവുമാകുന്നു. അദൃശ്യമായ കാഴ്ച വിശ്വാസത്തിലൂടെ കാണുന്നതു്. അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു. വിശ്വാസം മൂലം ദൈവത്തെക്കണ്ടു. ദൈവംഅവനോടു സംസാരിച്ചു. ആത്മീയ

മായകാഴ്ച വിശ്വാസത്താൽ സാധിക്കുന്നു. വിശ്വാസം ആശിക്കപ്പെട്ടവയുടെ വസ്തുതയും കാണപ്പെടാത്ത കാര്യങ്ങളുടെ മനോനിശ്ചയവുമാകുന്നു. ആത്മീയമായ കാഴ്ച ഈ മനോനിശ്ചയത്തിനു നമ്മെ പ്രേരിപ്പിക്കുന്നു. ഈ മനോനിശ്ചയം ക്രിസ്തുവിനെ പ്രതിയുള്ള സകല നിന്ദയും കഷ്ടാനുഭവവും സഹിക്കുന്നതിനു നമ്മെ പ്രാപ്തരാക്കുന്നു. മോശ തിരിഞ്ഞപ്പോൾ ദൈവം അവനോടു സംസാരിച്ചു. നീ തിരിഞ്ഞു ദൈവത്തിങ്കലേക്കു വന്നാൽ ദൈവം നിന്നോടു സംസാരിക്കും. രാജാവിന്റെ കോപം ഭയപ്പെടാതെ മിശ്രയിംവിട്ട് മോശ പോന്നു.

സി പി. എം. എം പ്രസ്സ്, കോഴഞ്ചേരി

മാരാമൺ കൺവൻഷൻ

പ്രസംഗങ്ങൾ.

പൊതുയോഗം 9—7—1114. ചൊവ്വാ

പ്രാസംഗികൻ,

ഡാക്ടർ സ്റ്റാൻലിജോൺസ്സ് എം. എ.

പരിഭാഷകൻ

റവ: കെ. ഇ. ഉമ്മൻ ബി. എ.

പ്രസാധകൻ,

എം. എം. മാമ്മൻ.

വി: മർക്കോസ്സ് 9: 20—29 വായിക്കുക.

ഇന്നാലെ നാം മൂന്നുസംഗതികളെക്കുറിച്ചു സംസാരിച്ചു. നാം നമ്മെ നോക്കണം, ക്രിസ്തുവിനെ നോക്കണം, ഇൻഡ്യയെ നോക്കണം.

ഇൻഡ്യയെ നോക്കുന്നു വ്യാഖ്യാനം സ്ഥംഭിച്ചുപോകുന്നു. കഴിഞ്ഞ കാലങ്ങളിലെപ്പോലെ നടക്കും, അതു മാറാൻ നിവർത്തിയില്ലാത്ത ഒന്നാകുന്നു. നിങ്ങൾ ഇരിക്കുന്ന അവസ്ഥതന്നെ സ്വീകരിക്കുക. ഇൻഡ്യയുടെ പരമശത്രു പെയിറവലിസം ആണു്. ഒരു പുതിയ ഇൻഡ്യയെ ഉണ്ടാക്കുന്നതിനെപ്പറ്റി ചിന്തിക്കാം. 29-ാം വാക്യം. "പ്രാർത്ഥനയാൽ അല്ലാതെ ഈ ജാതി ഒന്നിനാലും പുറപ്പെട്ടുപോകയില്ല എന്നു അവൻ പറഞ്ഞു". മരിച്ചുപോയി എന്നു പലരും പറഞ്ഞു. അവിടെക്കൂടിയിരുന്ന അധികംപേരും പറഞ്ഞു. അന്നത്തെ വോട്ടിട്ടാൽ മരിച്ചുപോയി എന്നു തീരുമാനിക്കും. യേശുവോ ഏകനായിനിന്നു മരിച്ചില്ല എന്നു പറയുന്നു. ഒരു പക്ഷത്തു ഒരു സമൂഹവും യേശു ഏകനായും നില്ക്കുന്നു. മരണത്തിനെതിരായി ജീവനെ വലിച്ചെറിയുന്നു. അവന്റെ കൈയ്ക്കുപിടിച്ചു് എഴുന്നേല്പിച്ചു. സത്യം ന്യൂനപക്ഷത്തായിരിക്കുന്നതാണു്. ഭൂരിപക്ഷംകിട്ടുന്നതുവരെ കാത്തിരിക്കണ്ടാ. ന്യൂന

പക്ഷത്തിന് സംഗതികളെ കീഴ്മേൽ മറിയ്ക്കാം. ഭൂലോകത്തിൽ അതിനെ നടത്തിക്കുന്നു. ജീവൻ മരണത്തെക്കാൾ വലുതാണു്. മരണം ഉണ്ടാകയില്ല. ദോഷശക്തികളേക്കാൾ സദ്ശക്തനായ ദൈവം വലിയവനാകുന്നു. ജീവന്റെ ശക്തികളും അവനോടുചേർന്നു യോജിച്ചിരിക്കുന്നു. സമൂഹത്തിൽചേർന്നു പ്രവർത്തിക്കുന്നതിനു കൂട്ടുതലായി വേറെ യാതൊന്നും ഉണ്ടെന്നുതോന്നുന്നില്ല.

കുറവുപറഞ്ഞിരിക്കുന്ന ക്രിസ്ത്യാനി തന്നോടേലോട്ടു വലിക്കുന്ന ജീവന്റെ ശക്തിക്കു അധീനനാണു് കൂട്ടത്തോടുള്ള സ്വാമിഭക്തി അല്ലെങ്കിൽ സമൂഹത്തോടുള്ള സ്നേഹഭക്തിയുടെ ഇടയിൽ വ്യക്തിപരമായി പ്രവർത്തിക്കുന്നതിനുള്ള ശക്തി നഷ്ടമാക്കുന്നതു്.

1. ന്യൂനപക്ഷസംരംഭം. സുവിശേഷം ഏകനായി ആരംഭിച്ചു. വചനം ജഡമായി ഒരു മൈവികമനുഷ്യൻ ജാതനായി. ഏകനായ ക്രിസ്തു ഒരു പക്ഷം. അഖിലാണ്ഡം മറുപക്ഷം. ഏകനായി ആരംഭിച്ച സുവിശേഷസത്യം പന്ത്രണ്ടുപേരെ മനസ്സിലാക്കി. എന്നാൽ ഈ സത്യം പന്ത്രണ്ടിൽനിന്നു നൂറിരുപതുപേരിൽ ഭൂലോകത്തെ ജീവിപ്പിക്കുവാൻ അവതാരമെടുത്തു. ഇങ്ങനെ ഈ പ്രസ്ഥാനം ന്യൂനപക്ഷത്തോടുകൂടി മൂന്നാം നൂറ്റാണ്ടുവരെ വളർന്നു. കാൺസ്റ്റൻറായിൻ ചക്രവർത്തി ക്രിസ്ത്യാനിയായി. അന്നുമുതൽ ക്രിസ്തുമാർഗ്ഗത്തിന്റെ തന്മ നശിച്ചു ക്രിസ്തുമാർഗ്ഗം അവനായി. ക്രിസ്തുമാർഗ്ഗം രൂപാന്തരപ്പെട്ടു. ഏകനായി ആരംഭിച്ച സുവിശേഷസത്യം ന്യൂനപക്ഷത്താൽ വളർന്നവന്ന എന്നവരികിലും ഭൂരിപക്ഷത്തോടുകൂടി ക്രിസ്ത്യീയമാർഗ്ഗം രൂപാന്തരപ്പെട്ടാലും പ്രത്യാശയോടുകൂടി ചിന്തിക്കുന്ന ഏവനും അതിന്റെ നല്ല വശങ്ങൾ കാണുന്നു. മനുഷ്യനു രണ്ടു ജന്മവാസനകൾ ഉണ്ടു, ഒന്നു് സ്വയചിന്ത. രണ്ടാമതു് കൂട്ടത്തോടുള്ള ചിന്ത. കൂട്ടത്തെക്കുറിച്ചുള്ള സ്നേഹമായ വിശ്വാസത്തെനോക്കി ജീവിക്കുന്നതു് അവന്റെ ജന്മവാസനയാലാണു്. ആ ജന്മവാസനയാലാണു നമ്മെ നമ്മുടെ സ്വായത്തചിന്തകൾ അധീനരാക്കുന്നതും പരസ്പരം സഹായിക്കുന്നതു. കൂട്ടത്തോടു് അല്ലെങ്കിൽ സമൂഹ

ത്തോടുഭക്തിയുള്ളവനായിരിക്കുന്നതു യേശുക്രിസ്തുവിന്റെ ഒരു അനുഗ്രഹംമാത്രമാകുന്നു.

സ്വയം തൻകാര്യമായി രൂപാന്തരപ്പെടുന്നതുപോലെ ക്രൂശത്തെ (സമൂഹത്തെ) പ്പറ്റിയുള്ള ചിന്ത വ്യക്തിമാഹാത്മ്യത്തെ ഇല്ലാതാക്കുന്നു. പ്രവർത്തനശക്തിയെ നഷ്ടപ്പെടുത്തുന്നു. സുറിയാനിക്കാർക്കു സുറിയാനിക്രൂശത്തോടുള്ള ബന്ധം സുറിയാനിക്കാരെ സമൂഹമായി രക്ഷിക്കുന്നതിനു പര്യാപ്തമായിട്ടുണ്ടു: പക്ഷെ അതിനകത്തു് ഒരാപത്തുണ്ടു്. ഈ ബന്ധം വ്യക്തിമാഹാത്മ്യത്തിന്റെ വഴിയെ തടഞ്ഞിരിക്കുന്നു നാലുപേർ ചെയ്യുന്നതു ഞാനും ചെയ്താൽമതി. സമൂഹബന്ധം വ്യക്തിമാഹാത്മ്യത്തെ തടയുന്നു ഒന്നാണെന്നു കൊളംബസിന്റെചരിത്രം സാക്ഷിക്കുന്നു.

ആദ്യത്തെ മൂന്നു നൂറ്റാണ്ടിൽ സ്വയരക്ഷയ്ക്കുപോലും ക്രിസ്ത്യാനികൾ ആയുധം എടുത്തിട്ടില്ല. ലോകത്തെ ജയിക്കുന്നതിനുള്ള ഏകആയുധം സ്നേഹമാണെന്നുള്ളതിൽ അവർ ഉറച്ചുനിന്നിരുന്നു. അപ്പോൾ ക്രിസ്തീയമാർഗ്ഗം വളരെ ശക്തിയായി പ്രവഹിച്ചുകൊണ്ടിരുന്നു. കാൺസ്റ്റൻറയിൻ ചക്രവർത്തിയായശേഷം ആയുധം കയ്യിലെടുക്കുന്നതിനു ക്രൈസ്തവസമൂഹം തയാറായി. ക്രിസ്തുമാർഗ്ഗത്തെ ആയുധങ്ങൾകൊണ്ടു ചമയിച്ചു. അപ്പോഴും സത്യം ഒരു ന്യൂനപക്ഷത്തോടുചേർന്നുനിന്നു. അവർ സഭയുടെ ഉള്ളിൽ വളർന്നവന്നിരുന്നു. അവർ ജീവന്റെ ബന്ധത്തിൽ വളർന്നവന്നു. ഫ്രാൻസിസു കത്തോലിക്കാസഭയുടെ ഒരു വിശുദ്ധൻ ആണു്. ഈ സത്യം അദ്ദേഹത്തിന്റെ വ്യക്തിമാഹാത്മ്യത്തെ വർദ്ധിപ്പിച്ചു മോഷ്ടാക്കളെപ്പോലും സ്നേഹിച്ചു ശുശ്രൂഷിച്ചു മോഷണത്തിൽനിന്നു വിരമിപ്പിക്കുന്നതിനു് ശ്രമിച്ചുകൊണ്ടിരുന്നു. അങ്ങനെ ജീവനില്ലാതെകിടന്ന സഭയിൽ ജീവനാരംഭിച്ചു.

സഭ അനാത്മികത്തിൽ മുഴുകി ബാഹ്യാചാരങ്ങളിൽ ലയിച്ചു ജീവിതവിശുദ്ധിയെക്കുറിച്ചു ദർശനം ഇല്ലാതെ ജീവിക്കുന്ന ഒരു കാലഘട്ടത്തിൽ വ്യക്തിമാഹാത്മ്യത്തോടുകൂടെ ലൂഥർ എഴുന്നേറ്റു. സഭയും രാജ്യവും സകലവും പ്രതികൂലമായപ്പോൾ ഞാൻ ഏകനായി നില്ക്കുമെന്നു പറഞ്ഞു

ധൈര്യമുള്ളവനായി സഭയിൽ നവീകരണം ആരംഭിച്ചു. വിശ്വാസംകൊണ്ടു് കൃപയാൽ രക്ഷിക്കപ്പെടുന്നു എന്നുള്ള സുവിശേഷം സംസാരിക്കുകയും പഠിപ്പിക്കുകയും ചെയ്തതിന്റെ ഫലമായി ജീവൻ ഇല്ലാത്ത ഇംഗ്ലണ്ടിലെ സഭയിലും മറ്റു സഭകളിലും ജീവൻ ആരംഭിച്ചു. നിങ്ങളുടെ സ്വന്തസഭയാകുന്ന മാത്തോമ്മാസഭ 1500 വർഷങ്ങൾ ചത്തിരുന്നു. പിന്നീടു ഒരുന്നർവുണ്ടായി അബ്രാഹം മല്പാനച്ചൻ സ്വാർത്ഥീയ ദർശനത്തിനു അനുസരണക്കേടു കാണിക്കാഞ്ഞാണു് അന്നു് ആരംഭിച്ച നവീകരണം സഭയിൽ പുതിയ ജീവൻ ഉളവാക്കിയതു്. ഏകനായി ആരംഭിച്ച നവീകരണത്തിന്റെ ഫലമായി സുവിശേഷവിരോധോപദേശത്തിനു് അനുസരിച്ചു ജീവിക്കണം എന്നുള്ള സത്യത്തെ അനുകൂലിക്കുന്ന രണ്ടുലക്ഷം ആളുകളുടെ ഒരു സമൂഹം ആയിത്തീർന്നിരിക്കുന്നു.

പുതിയജീവൻ നമ്മിൽവന്ന ആ ജീവൻ വളരുവാൻ നാം വലിയ കായ്യങ്ങൾ ചെയ്യേണ്ടതയോ? ഞാൻ സുറിയാനിക്കാരുടെ ഇടയിൽ വേലക്കായി പോകുന്നു എന്നു പറഞ്ഞപ്പോൾ എതിനാണു് പോകുന്നതു്, ഒന്നും ചെയ്യുന്നവരല്ല, ദൈവവിശ്വാസം ഉള്ളവരല്ല, സത്യം അവർ ഗ്രഹിക്കും സത്യം അനുസരിച്ചു അവർ പ്രവർത്തിക്കയില്ല ഇതു ഒരു വിഷമ പ്രശ്നം ആണു്. ഇപ്പോൻ ഭാഷയിൽ ഇതിനു 2 അർത്ഥം ഉണ്ടു്. 1, ആപത്തു് 2. അവസരം. തിരുവിതാംകൂറിന്റെ ഭാവി എങ്ങനെ ഇരിക്കുമെന്നു് ആർക്കും അറിഞ്ഞുകൂടാ. സഭയുടെ കായ്യങ്ങളേയും ഭവനകായ്യങ്ങളേയും നാം ചട്ടപ്പെടുത്തേണ്ടതാണു്. അതിനായിട്ടു നമ്മുടെ ഹൃദയങ്ങളെ ക്രമപ്പെടുത്തുമോ? ദൈവത്തെ വിശ്വസിക്കുന്ന ആളുകൾ നമുക്കു ഉണ്ടെങ്കിൽ നമ്മുടെ സഭയിൽ ജീവൻ വളർന്നു് വർദ്ധിക്കും. വ്യക്തിമഹാത്മ്യത്തിന്റെ വിലകളയാതെയിരിക്കുന്ന സഭയിൽ ദൈവത്തിനായി വൻകായ്യങ്ങൾ പ്രവർത്തിക്കും ജിബ്രാൾട്ടറിൽ ഒരു എഴുത്തുപലകയുണ്ടു്. അതിൽ ഇതിനു അപ്പുറം ഒന്നും ഇല്ല എന്നു രേഖപ്പെടുത്തി ഇരിക്കുന്നു. ഇവിടെ കരയും കടലും അവസാനിക്കുന്നു കൊളംബസിന്റെ വ്യക്തിമാഹാത്മ്യം ഇതിനു് അനുകൂലിച്ചില്ല. സുഗന്ധദ്രവ്യങ്ങൾ ഉള്ള രാജ്യത്തുനിന്നു കൊണ്ടുവരണം. അഴുകിയ ഇറച്ചിതിന്നാൽ രോഗം പി

ടിക്കാതെ ഇരിക്കാൻ അത് ഭക്ഷിക്കാൻ ഉപ്പും മുളകും വേണം അതു കൊണ്ടുവരുന്നതിന് ആഗ്രഹിച്ചും അതുണ്ടാകുന്ന സ്ഥലത്തെ സങ്കല്പിച്ചും ഞാൻ എവിടെ പോയെങ്കിലും കുരുമുളകു കൊണ്ടുവരും. ഈ കടലിനപ്പുറം കരയുണ്ട് എന്ന് വിശ്വസിച്ചു കപ്പൽയാത്രയ്ക്കു ആരംഭിച്ചു. ദേശവാസികൾ പ്രതിക്രൂലികളായിനിന്നു. പിന്നെ ഭ്രാന്തനെന്നു അവനെ വിളിക്കുകയും ചെയ്തു. തന്റെ മേൽ അടിച്ച ഓളങ്ങളേയും മറവും ക്രൂട്ടാക്കാതെ സങ്കല്പ രാജ്യത്തേക്കു പോകാൻ തീച്ചയാക്കി. നിരാശാഭരിതരായ ക്രൂട്ടുകാർ പുറകോട്ടു തിരിക്കുന്നതിനു ശ്രമിച്ചു എങ്കിലും വ്യക്തിമഹാത്മ്യത്തിന്റെ ശക്തി അവരെയെ ജയിച്ചു. പ്രതിക്രൂലകക്ഷിയുടെ ഇടയ്ക്കുനിന്നുകൊണ്ടു ഗോഓൺ ഗോഓൺ എന്നു പറഞ്ഞുകൊണ്ടിരുന്നു. അവസാനത്തിൽ അമേരിക്കായിൽ എത്തി. വ്യക്തിമഹാത്മ്യത്തെ തടഞ്ഞുനിറുത്തിയ സമുഹബന്ധം എല്ലാം കണ്ടു പിടിച്ചു പോയി എന്നുള്ള ബോധം ഇതുകൊണ്ടും കൊളംബസിന്റെ വ്യക്തിമഹാത്മ്യം ജയിക്കുതന്നെ ചെയ്തു

1860-ൽ പുതിയ കണ്ടുപിടിത്തം ഇനിയും രജിസ്റ്റർ ചെയ്യേണ്ട ആവശ്യമില്ല എന്നു അമേരിക്കായിലെ ഗവർമെന്റു തീരുമാനിച്ചു. എന്തെല്ലാം. കണ്ടുപിടിത്തങ്ങൾ പിന്നീട കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. കടലിൽ ക്രൂടി കമ്പിനടപ്പാക്കുന്നതും സുസാധ്യമല്ല എന്നു വിചാരിച്ചതിനെ അടിച്ചുടച്ചു കടലിൽ ക്രൂടി ഇംഗ്ലണ്ടിലേക്കു കമ്പികം നടപ്പാക്കി ഇതു് ഒക്കുകയില്ല എന്നു പറഞ്ഞു നിരാശാഭരിതരായ ജനസമൂഹം ഇതിനായിട്ട ശ്രമിച്ച ആളിനെ വിമർശിക്കുന്ന വേളയിൽ കമ്പികം നടപ്പാക്കുന്നതിനു പുറപ്പെട്ട തീക്കപ്പലിൽ സന്തോഷഭരിതരായി തിരികെ വന്നു. ഇങ്ങനെ 2 രാജ്യങ്ങൾ തമ്മിൽ കമ്പിമൂലം വർത്തമാനങ്ങൾ അറിയിക്കുന്നതിനു സാധിച്ചു.

സ്വനഗ്രാഹി സാധ്യമാണെന്നുള്ള അഭിപ്രായം മാർകണി കണ്ടുപിടിച്ചു എങ്കിലും സാധ്യമല്ലന്നു ശാസ്ത്രജ്ഞന്മാർ പ്രായോഗികമല്ലെന്നു തീരുമാനിച്ചു. എന്നവരികിലും തന്റെ ജോലി തുടർന്നുവന്നതിന്റെ ഫലമായി സ്വനഗ്രാഹി പാട്ടുവാൻ തുടങ്ങി ശാസ്ത്രജ്ഞന്മാർ ഈ യന്ത്രത്തിൽ ആളുകളെ കയറിയിരുത്തി പാട്ടുകയാണെന്നു ശഠിച്ചു. എങ്കിലും സ്വനഗ്രാഹി വ്യക്തിമാഹാത്മ്യത്താൽ പ്രായോഗികമായിതീർന്നു.

റേഡിയോ മുഖാന്തിരം പതിനായിരം മൈൽസു അക ലെ ഇരിക്കുന്ന ആളുകളുമായി സംഭാഷിക്കാം. പ്രസംഗിക്കാം റേഡിയൊ മൂലം സംസാരിക്കുമ്പോൾ അടുക്കൽ ഇരിക്കുന്നവ രെക്കാൾ അകലെ ഇരിക്കുന്നവരാണുമുമ്പേ കേൾക്കുന്നതു. റേ ഡിയോ വെളിച്ചത്തിന്റെ സഹായത്താൽ ലക്ഷത്തൻപതി നായിരം പ്രാവശ്യം പ്രവഹിക്കുന്നു. എല്ലാ കണ്ടുപിടിത്തങ്ങളും പരിപൂർണ്ണമായിട്ടില്ല കണ്ടുപിടുത്തത്തിന്റെ ആരംഭംമാത്രം.

ആഫ്രിക്കായിലെ ഒരു അടിമച്ചെറുക്കനായിരുന്ന ആളി നെ ഞാൻ ഈയിടെ കണ്ടു. ഇപ്പോൾ അയാൾ വലിയ ശാ സ്ത്രജ്ഞനാണ്. ഞങ്ങൾ ഒരുമിച്ചു പ്രാർത്ഥിച്ചു ഓൻ അവ ന്റെ കയ്യും അവൻ എന്റെ കയ്യും ചുംബിച്ചു. ദൈവസാ ന്നിദ്ധ്യം അവിടെ വച്ചു് എന്നെ ഹഠാൽ ആകർഷിച്ചു. അ ദ്ദേഹത്തിന്റെ കണ്ടുപിടുത്തത്തിനു കാരണമായിട്ടുള്ളതു നി ലക്കടലയും മധുരക്കിഴങ്ങുമാണ്. 200 പ്രയോജനമുള്ള സാ ധനങ്ങൾ അവയിൽ നിന്നു കണ്ടുപിടിച്ചിട്ടുണ്ടു് കണ്ടുപിടിച്ച വിധം രസാവഹമാണ് അദ്ദേഹം അവയെക്കുറിച്ചു ഇപ്രകാരം പറഞ്ഞു "ഞാൻ ഒരു നിലക്കടല എടുത്തു സൂക്ഷ്മാവെ ഇതിന കത്തു എന്തെല്ലാം ഉണ്ടെന്നു എനിക്കു കാണിച്ചുതരേണമെ എ ന്നു പ്രാർത്ഥിച്ചു.

ശ്രീമാനായ യേശു എനിക്കു മറുപടിതന്നു "നിനക്കു തല ച്ചോറുണ്ടല്ലൊ അതുപയോഗിച്ചു കണ്ടുപിടിച്ചുകൊള്ളുക എ ന്റെ തലച്ചോറിനെ ഞാൻ ദൈവീകമായി ഉപയോഗിച്ചു. നൂറു് ആദായദ്രവ്യങ്ങൾ അതിൽനിന്നു കണ്ടുപിടിച്ചു അനേകാ യിരം കണ്ടുപിടുത്തങ്ങൾക്കു വിധേയമായ സംഗതികളാണ് നിന്റെയും എന്റെയും മുൻപിൽ കിടക്കുന്നതു്. ഇയാൾ നിലക്കടലയിൽ നിന്നുകണ്ടുപിടിച്ച എണ്ണ തേച്ചാൽ മരവിച്ച തൊലി കൊച്ചുകുഞ്ഞിന്റെ തൊലിപോലെ മാർദ്ദവമായി തി രുന്നതാണെന്നു ഞാൻ പരിശോധിച്ചറിഞ്ഞതാണു. സർവ്വശ കതനായ ദൈവം എന്തെല്ലാം സംഗതികൾ ചുരുട്ടിവച്ചിരിക്കു ന്നു. നിങ്ങളുടെ തോട്ടം തന്നെ എടുത്തു അപഗ്രഥനം ചെ യ്തുനോക്കിയാൽ അനേകം സാധനങ്ങൾ അടങ്ങിയിരിക്കുന്നു എന്നു കണ്ടു പിടിക്കാവുന്നതാണ്. പ്രഫസർ കോർഫിൽ ദൈവം ജീവിക്കുന്നു എന്നു എത്ര പ്രത്യക്ഷമായി കണ്ടിരിക്കുന്നു അവൻ നമുക്കു ജീവൻ നൽകുന്നു അതു സമൃദ്ധിയായി നൽകുന്നു

വിൽബർഫോഴ്സ് നല്ല പ്രാസംഗികനായി അടിമകളുടെ സ്വാതന്ത്ര്യത്തിനുവേണ്ടി സ്വയത്യാഗത്തോടുകൂടി രാജ്യം ചുറ്റിസഞ്ചരിച്ചു ഭ്രാന്തനാണെന്നു പറഞ്ഞു എല്ലാവരും തന്നെ തള്ളി. ആഫ്രിക്കായിൽ കുറെ അടിമകൾ ഉണ്ട് അവർ അടിമകളായി ജനിച്ചു അടിമകളായി ജീവിച്ചു. അടിമകളായി മരിക്കുന്നു. ധനവാന്മാരുടെ ഈ അഭിപ്രായത്തെ ശക്തിയുക്തം എതിർത്തു എന്നു വരികിലും വിൽവർഫോഴ്സിനെ അവർ വിശ്വസിച്ചില്ല. മറ്റുള്ള മനുഷ്യർ എന്നിലും ഞാൻ അവരിലും സ്ഥിതിചെയ്യുന്നു എന്നുള്ള തത്വത്തിൽ നിന്നു വിൽവർഫോഴ്സിനെ ഇളക്കുന്നതിനു സാധിച്ചില്ല. അദ്ദേഹം ഹാജരാക്കിയ ബിൽപാർലിമെൻറ് അംഗീകരിച്ചു. പാതിരാത്രിയിൽ നിസഹായരായ അടിമകൾ ഒരുമിച്ചുകൂടി ഒരു കുന്നിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കയായിരുന്നു. രാത്രി 12 മണിക്കു ഒരു മിനിട്ടുള്ളപ്പോൾ അടിമകൾക്കു സ്വാതന്ത്ര്യം എന്നുള്ള പ്രഖ്യാപനം ഉണ്ടായി.

ഇന്നലെ ബൈബിൾക്ലാസ്സിൽ വടക്കെ ഇൻഡ്യായിലെ വെള്ളപ്പൊക്കത്തെപ്പറ്റി ഞാൻ സൂചിപ്പിക്കയുണ്ടായി. നാലുഭിത്തിക്കുള്ളിൽ സൂക്ഷിച്ചിരുന്ന വിത്തു കിടന്ന അറയിൽ വെള്ളം കയറി വിത്തു കുതിർന്നു വീർത്തു. ബലവത്തായി കെട്ടിയുറപ്പിച്ചിരുന്ന ഭിത്തികളെ അതു പൊളിച്ചു. ഉണങ്ങിയിരിക്കുന്ന വിത്തുകൊണ്ടു ഒന്നും നടക്കയില്ല ഉണർവ്വ് ആവശ്യമാണ്. ജീവൻ ഭിത്തികളെ തകർക്കുന്നതാണ്. നീ ജീവന്റെ ഭാഗത്തു നിന്നെത്തന്നെ വയ്ക്കുക. ചെറിയവനെന്നോ ന്യൂനപക്ഷമെന്നോ യാതൊന്നും നിന്നെ അധൈര്യപ്പെടുത്തേണ്ടാ. ചെറിയ കുട്ടങ്ങളാണ് റഷ്യായെ കീഴ്മേൽ മറിച്ച് സ്ഥിതിസമത്വവാദികളാക്കിയതു്. ഇവരെ കമ്മൂണിസ്റ്റ് എന്നു പറഞ്ഞുവരുന്നു ജർമ്മനിയിലെ ഇന്നത്തെ സ്ഥിതിപോലെ ആക്കിതീർത്തതു് ഒരു ന്യൂനപക്ഷമാണ്. ഇറ്റലി പ്രതാപശാലിയായി കാണപ്പെടുന്നതു് ഒരു ന്യൂനപക്ഷത്തിന്റെ ശ്രമഫലമാണ്. ഇതുകൊണ്ടു ജർമ്മനിയിലെയും ഇറ്റലിയിലെയും എല്ലാ പ്രവർത്തനങ്ങളും ന്യൂനപക്ഷത്തെയും ഞാൻ അഭിനന്ദിക്കുന്നു എന്നു വിചാരിക്കരുതു്. ന്യൂനപക്ഷത്തിൽ വ്യക്തിമഹാത്മ്യത്തിന്റെ ശക്തി തഴച്ചുവളരുന്നതു കാണാം.

ഇംഗ്ലണ്ടിൽ ഓരോരുത്തക്കും സ്കൂളുകാം ഉണ്ടു്. ആ സ്ക്കൂളുകളിൽ ഒന്നിൽ ഒരു കണ്ണു കാണാൻ വയ്യാത്തതായ ഒരു പെൺകുട്ടി പോകുന്നതു് ഞാൻ കണ്ടു റോഡിന്റെ രണ്ടുവശങ്ങിലും കെട്ടിടങ്ങാം ആയിരുന്നു. ആ റോഡിൽക്കൂടി ഈ പെൺകുട്ടിയെ ഒരു പട്ടി സ്ക്കൂളിലേക്കു കൊണ്ടുപോകുന്നു. അതുകണ്ടു എനിക്കു അത്ഭുതംതോന്നി ഓരോത്തിടത്തു നില്ക്കണമെങ്കിലും സ്ക്കൂാം വിട്ടു് വീട്ടിൽപോകണമെങ്കിലും ഓരോ അടയാളംഉണ്ടു്. ആ അടയാളം കാണിച്ചാൽ ഉടൻ ആ പെൺകുട്ടിയെ അപകടം കൂടാതെ വീട്ടിൽകൊണ്ടു പോകുന്നു. ഇങ്ങനെ ആ പട്ടി പരിശീലിച്ചു. പട്ടി അവളുടെ കണ്ണുകാം ആണെന്നു വിചാരിക്കണം. ആ പെൺകുട്ടി ഇപ്പോാം ബി. എ. ആകുന്നു. അവരുടെ സഭയിൽ നിന്നു ആക്കു ഇൻഡ്യയിലേക്കു പോകാമെന്നു ചോദിച്ചപ്പോാം ആ പെൺകുട്ടി പറഞ്ഞു ഞാൻ ഇൻഡ്യയിലേക്കു പോകാം. ഞാൻ കണ്ണുകാണാൻ പാടില്ലാതെ പഠിച്ചതുകൊണ്ടു് അവിടെച്ചെന്നു കുരുടന്മാരായ കുട്ടികളെ പഠിപ്പിക്കുന്നതായിരിക്കും. അതുകൊണ്ടു് എല്ലാം ദൈവത്തേമായ സംഗതികളാണു്. നാം ഏതെങ്കിലും പരിശ്രമിച്ചാൽ സാധിക്കയില്ലെന്നു പറഞ്ഞു പുറകോട്ടു മാറരുതു്. അതുകൊണ്ടു കൊളംബസു പറഞ്ഞതുപോലെയാതൊന്നും ഈ ലോകത്തിൽസാധിക്കാത്തതില്ല അതുകൊണ്ടു് നാം എപ്പോഴും യേശുക്രിസ്തുവിൽ വിശ്വസിക്കുക.

ഇൻഡ്യയിൽ അശ്രദ്ധവസ്തുവായി കരുതുന്നതു് പൂലാണു എന്നാൽ റഷ്യയിൽ അതിനെ വളരെ ശ്രദ്ധമായിത്തന്നെ കരുതുന്നു. ഇൻഡ്യയിൽ പൂലെടുക്കുന്ന ഗവർമെൻറുദ്യോഗസ്ഥന്മാർ ഇല്ല. റഷ്യയിലെ മന്ത്രിമാർപോലും രാജ്യസേവനത്തിനു പൂൽകൊണ്ടുള്ള ഉപയോഗം അവർതന്നെ നിർവഹിക്കുന്നതു മഹനീയമായികരുതുന്നു. പൂൽ നിഷിദ്ധമായികരുതുന്ന ബ്രാഹ്മണന്മാരാണൊ ഇൻഡ്യയെ രക്ഷിക്കുന്നതു്. മുൻപുപറഞ്ഞതുപോലെ ബ്രാഹ്മണവൃത്തി ഇൻഡ്യയിൽ മാത്രമെ കാണുന്നുള്ളു. യേശുവിൽ വിശ്വസിച്ചാൽ വിജയംസിദ്ധിക്കാം.

സി. പി. എം. എം. പ്രസ്സ്, കോഴഞ്ചേരി

മാരാമൺ കൺവൻഷൻ - പ്രസംഗങ്ങൾ.



ചൊവ്വാ രാത്രിയോഗം 9—7—1114.

പ്രാസംഗികൻ, മി: വാഴ്സ്.

പരിഭാഷകൻ, പി. ഐ. മത്തായി കശ്ശീശാ.

പ്രസാധകൻ.

എം. എം. മാമ്മൻ.

ശുദ്ധമുള്ള യോഹന്നാന്റെ സുവിശേഷം 21-ാം അദ്ധ്യായം 1—4 വരെ വാക്യങ്ങൾ.

പുലച്ചയായപ്പോൾ യേശു കടൽകരയിൽ ചെന്നനിന്നു. ശിഷ്യന്മാർ അദ്ദേഹത്തെ അറിഞ്ഞില്ല. പ്രത്യക്ഷനായ വിധത്തെപ്പറ്റിയാണല്ലൊ നാം ഇപ്പോൾ വായിച്ചുകേട്ടതു്.

വിശുദ്ധ യോഹന്നാന്റെ സുവിശേഷം 20-ാം അദ്ധ്യായം 30, 31-ം വാക്യം എഴുതി അവസാനിപ്പിച്ചിരിക്കയായിരുന്നു. 21-ാം അദ്ധ്യായം അതിന്റെ അനുബന്ധമായി എഴുതിചേർത്തിരിക്കയാണു്. യേശുക്രിസ്തു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിനും വിശ്വസിച്ചിട്ടു് അവന്റെ നാമത്തിൽ നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിനും ആയിട്ടുള്ളവ എഴുതിയിരിക്കുന്നു. യേശു ക്രിസ്തുവിന്റെ കുശുമരണം സംബന്ധി

ച്ച സംഭവങ്ങളും ശിഷ്യന്മാർ അറിഞ്ഞിരുന്നവയായിരുന്നു. അവൻ മരിച്ച് ഉയർക്കുമെന്ന് അവർക്ക് അറിയാമായിരുന്നു. അതിനാൽ താൻ ഉയർത്തെഴുന്നേറ്റു എന്നു വിശ്വസിക്കാൻ അവർക്ക് പ്രയാസമില്ലായിരുന്നു. അതിനു ചില അടയാളങ്ങളും താൻ അവർക്ക് കൊടുത്തു. യേശുവിന്റെ ശിഷ്യന്മാർ ഒരു മുറിയിൽ ഇരിക്കുന്നതായ അവസരത്തിൽ യേശു ഉയർത്തെഴുന്നേറ്റ് അവരുടെ മുൻപിൽ പ്രത്യക്ഷനായി. യോഹന്നാനും മറ്റു ശിഷ്യന്മാരും വിശ്വസിച്ചു എന്നാലോ തോമസിന്റെ അവിശ്വാസം വെളിപ്പെടുത്തിയകഥ യോഹന്നാൻ പറഞ്ഞു 20-ാം അദ്ധ്യായം വരെയുള്ള സംഗതികൾ അവർക്ക് അറിയാമായിരുന്നു അവൻ ഉയർത്തെഴുന്നേറ്റു എന്ന വിവരം അറിഞ്ഞ് തന്റെ ശിഷ്യന്മാർ രണ്ടാഴ്ച യെരുശലേമിൽ താമസിച്ചിരിക്കണം. യേശു ഒരു മുറിയിൽവച്ച് അവർക്ക് പ്രത്യക്ഷനായതിനാൽ ഉയർപ്പിനെക്കുറിച്ചു അവർക്ക് ഒട്ടും സംശയമില്ലായിരുന്നു.ഇതു് അറിഞ്ഞപ്പോൾ അവർ വിശ്വസിച്ചു. എന്നാൽ ഈ സംഗതി ഒരു കഥയാണെന്ന് അവർവിശ്വസിച്ചില്ല. യേശു ദൈവപുത്രനായ ക്രിസ്തുവാണെന്നും അവനിൽ നിത്യജീവൻ ഉണ്ട് എന്നും വിശ്വസിക്കുന്നതിനു അവർക്കുപ്രയാസമില്ലായിരുന്നു. യോഹന്നാൻഅങ്ങനെ സുവിശേഷംഎഴുതിതീർത്തു. ശിഷ്യന്മാർ യെരുശലേമിൽ നിന്നു ഗലീലയിലേക്കു പോയി അവരുടെ വീട് അവിടെ ആയിരുന്നു. അവർ അവരുടെ വീട്ടുകാര്യം അന്വേഷിക്കാനാണു പോയതു്. അവർ അവരവരുടെ വീട്ടിൽ താമസിച്ചു 5 പേർ ഒന്നിച്ചാണു് താമസിച്ചതു്.

അവർ അവരുടെ ഗൃഹകാര്യങ്ങളിൽ രണ്ടാഴ്ച സന്തോഷമായി ജീവിച്ചു. എന്നാൽ അതു വെറുപ്പായി തോന്നി. അതിൽ അവർക്കു തൃപ്തി തോന്നിയില്ല. അതിനാൽ ശിഷ്യന്മാരിൽ ഒരാളായ പത്രോസ്, താൻ മീൻപിടിക്കാൻ പോകുന്നു എന്നു് പറഞ്ഞു. വേറെ നാലുപേരും അവനെ അനുഗമിച്ചു. മീൻപിടുത്തം അവരുടെ സാധാരണജോലിയായിരുന്നു. അവർ മുക്കുവരായിരുന്നു. മീൻ പിടിക്കാൻ അവർക്ക് അറിയാമായിരുന്നു. ഗലീലാകടലിൽ മീൻപിടിക്കുന്നതു് അവർക്ക് ഒരു പതിവായിരുന്നു. എന്നാൽ ഗലീലാകടലിൽ പലരാത്രി അവർ വ

ലവീശി ഒന്നും കിട്ടാതിരുന്നിട്ടുണ്ട് ഒന്നുംകിട്ടാതിരിക്കുന്നതു് സാ
രണമാണു്. പലപ്പോഴും ഇങ്ങനെ കിട്ടാതിരുന്നിട്ടുണ്ടു്. അതു
കൊണ്ടു് അവക്കു യാതൊരു വിഷമവുമില്ല. ഒരു ദിവസം കട
ലിന്റെ കരയ്ക്കു് ആരോ വന്നുനില്ക്കുന്നതായി അവർ കണ്ടു.
യേശുവിനെ അവക്കു് അറിയാമായിരുന്നു. അവന്റെ നടപ്പു്
അവക്കു് അറിയാമായിരുന്നു അവന്റെ നില്പു് അറിയാമായി
രുന്നു. എപ്പോഴും യേശു അവരുടെ കൂടെതന്നെ ഉണ്ടായിരുന്നു.
അപ്പോഴും അവിടെ വന്നതുകൊണ്ടാണു് അവക്കു മനസ്സിലാകാ
ഞ്ഞതു്. വീട്ടിലായിരുന്നു എങ്കിൽ അവക്കു് അത്ഭുതം തോന്നുക
യില്ല. അവരുടെ മദ്ധ്യത്തിൽ യേശു പ്രത്യക്ഷനായി. അതിൽ
അവക്കു് അതിശയമല്ല. യേശുവരുമെന്നു അവർആശിച്ചിരുന്നു.
അവർ വീടുകളിൽ പോയി സാധാരണജോലികൾ നടത്തി. അ
വിടെ യേശുവിന്റെ സാന്നിദ്ധ്യം അവർ ആഗ്രഹിച്ചില്ല. യോ
ന്നാനെ, നീ ഒന്നുകൂടി പേന എടുത്തു് എഴുതണം എന്നു് പരി
ശുദ്ധാത്മാവു പറഞ്ഞു. ഇനിയും നീ ചിലതുകൂടി എഴുതിയേ
ക്കണം. ഇതിനു ഒരു അനുബന്ധംകൂടി വേണം എന്നു പറഞ്ഞു.
യേശുക്രിസ്തു ദൈവപുത്രനായതുകൊണ്ടു് വിശ്വസിക്കുന്നതിനു അ
വകാശം ഉണ്ടു്. ജീവൻ ഉണ്ടെന്നു മാത്രം വിശ്വസിച്ചാൽ പോ
രാ. വിശ്വാസത്താൽ ജീവൻ ശരിയാകണം. അതിനു യേശു
ഇടപെടുന്നു. പ്രിയമുള്ളവരെ നമ്മെ സംബന്ധിച്ചും ഈ പ്ര
ശ്നം കൂടി ഉണ്ടു്. അവൻ ദൈവപുത്രനാണെന്നു് നാം വിശ്വ
സിക്കുന്നു. പാപികളുടെ രക്ഷയ്ക്കുവേണ്ടി അവൻ മരിച്ചു എ
ന്നു് നാം വിശ്വസിക്കുന്നു. അതുകൊണ്ടു മാത്രം ആയിട്ടില്ല.
അവൻ ഉയർത്തെഴുന്നേറ്റു എന്നും നാം വിശ്വസിക്കണം. അ
വൻ ജീവിക്കുന്നവനാകുന്നു എന്നും വിശ്വസിക്കണം കർത്താ
വായ യേശുക്രിസ്തു നമ്മുടെ മദ്ധ്യത്തിൽ വരുമെന്നു് നാം വിശ്വ
സിക്കണം. അവൻ ഉയിർത്തെഴുന്നേറ്റു വെളിപ്പെട്ട അനുഭവ
വും നമുക്കുണ്ടാകണം.

അവൻ ദൈവം തന്നെ ആണെന്നു് നമുക്കു അനുഭവമുണ്ടു്
അവനിൽ വിശ്വസിക്കുന്നവർക്കു് അവന്റെ ജീവൻ കിട്ടുമെന്നു
ള്ളതിനും സംശയമില്ല. അവൻ എല്ലാറ്റിനും വിജയി എന്നു
ള്ളതാണു് നമുക്കുള്ള വിജയം. യോഹന്നാന്റെ സുവിശേഷ

ത്തിൽ നിന്നുള്ള ഈ അനുഭവം നാം പഠിക്കണം അതു ഒഴിച്ചു കൂടാൻ പാടില്ലാത്ത ഒരു അനുഭവമാണു് അത്ഭുതകരമായ ഈ ഒടുവിലത്തെ അദ്ധ്യായം കൂടാതെ അതു പൂർത്തിയാകയില്ല നമ്മുടെ ജീവിതത്തിൽ നാം മുറുകെ പിടിക്കേണ്ടതായ ഈ ഭാഗം പിന്നീടു് ചേർത്തതാണു്.

നമ്മുടെ പ്രാർത്ഥനാ സമയത്തു് അവൻ മദ്ധ്യേഉണ്ടെന്നു് വിശ്വസിച്ചു സാക്ഷിനിറുത്തി നാം പ്രാർത്ഥിക്കുന്ന യേശുക്രിസ്തു ഈ കൺവൻഷനിൽ ഉണ്ടെന്നു് വിചാരിച്ചു നാം വന്നുകൂടുന്ന നമുക്കു അതു അനുഭവം വരുന്നു. ഇതാണു് യോഹന്നാന്റെ സുവിശേഷം പൂർണ്ണമെന്നു് അനുഭവം വരുന്നതു്. നമ്മുടെ വീടുകളിൽചെന്നു് പഴയവേലകളിൽ നാം അവനോടു ഇടപെടണം അവിടെയും യേശുക്രിസ്തു സാക്ഷിയായി നില്ക്കുന്ന നാം അതു് അറിയുന്നതും ഇല്ല നമ്മുടെ ഈ കൺവൻഷനിൽ യേശുവിന്റെ സാന്നിദ്ധ്യം ഉണ്ടെന്നു നാം വിശ്വസിക്കുന്നു. നാം വീട്ടിൽ ഒന്നു സാധാരണ ജോലികളിൽ ഏർപ്പെടുമ്പോൾ അവിടെ യേശു വരുന്നൊന്നു വിചാരിപ്പാൻ കഴിയുന്നില്ല. കൃഷികാര്യങ്ങളോടെ മദ്ധ്യേയും യേശു വന്നുനില്ക്കുന്നു. വീട്ടിൽജോലിക്കു് വരികയും നില്ക്കുകയും വീട്ടുകാര്യത്തിൽ യേശു പ്രവേശിക്കയും ചെയ്യുന്നു. ഭാര്യാഭർത്തൃബന്ധത്തിൽ യേശു പ്രവേശിക്കയും ചെയ്യുന്നു. ക്രിസ്ത്യാനികളുടെ വിവാഹം അവരുടെ ജീവിതത്തിൽ ഒരു സൗഭാഗ്യമാണു്. യേശുക്രിസ്തുവിന്റെ ജീവിതത്തിന്റെ പൂർണ്ണത നമ്മുടെ കുടുംബത്തിൽ നമുക്കു അനുഭവമാകുന്നില്ല. മാതാപിതാക്കന്മാരും കുട്ടികളും സമ്മേളിക്കുന്ന വീടുകളിൽ കൂടുതലായി ചെല്ലുന്ന യേശു അവരുടെ മദ്ധ്യത്തിൽ വരുന്നു.

2-ാം അദ്ധ്യായത്തിൽ സാന്നിദ്ധ്യം വേണം എന്നു് പറയുന്നു. മാതാപിതാക്കന്മാരും മക്കളുമായുള്ള സംബന്ധം യഥാർത്ഥീകരിക്കണം. മരണശക്തിയാൽ കുടുംബജീവിതം ദൂഷിക്കപ്പെടുന്നു. അതു് കഴുകിവെടിപ്പാക്കണം. യേശു നാം താമസിക്കുന്ന വീടുകളിൽ എപ്പോഴും അധിവസിക്കുന്നു. കർത്താവു സമീപത്തു നില്ക്കുന്ന എന്നു ബോധ്യപ്പെടുന്നുണ്ടോ? നിന്റെ കച്ചവടത്തിലും കൊടുക്കൽവാങ്ങലിനും യേശുവിന്റെ സാന്നിദ്ധ്യമു

ണ്ടോ? കൃഷിസ്ഥലത്തു ചെല്ലുമ്പോഠം അവിടെ യേശു അടുത്തു നില്ക്കുന്ന എന്ന ബോധ്യമുണ്ടോ? കച്ചവടസ്ഥലത്തും കൃഷിസ്ഥലത്തും വീട്ടിലുള്ള മറ്റുകാര്യസമയത്തും അവൻ വരുന്ന കുറഠം കണ്ടുപിടിക്കാനല്ല വരുന്നതു്: മീൻപിടിത്തത്തിൽ തെറ്റില്ല മീൻകിട്ടാത്തതും തെറ്റല്ല. അതിൽ അബദ്ധമില്ല. എപ്പോഴും മീൻ കിട്ടുകയും ഇല്ല.

യേശു ചെന്നപ്പോഠം മീൻപിടിത്തം ആയിരുന്നു. താൻതന്റെ പ്രിൻഗാമികളോടു പറഞ്ഞതു് ഞാൻ എല്ലാനാളും നിങ്ങളോടുകൂടി ഉണ്ടായിരിക്കുമെന്നാണു്. എല്ലാനാളും എന്നുപറഞ്ഞാൽ എപ്പോഴും എന്നാണു്, നിങ്ങളുടെവീട്ടു കാര്യസമയത്തുമാണു്. യേശുവിന്റെ ശക്തി എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടായിരിക്കണം എന്നു ഞാൻ ആഗ്രഹിക്കുന്നു. സാധാരണജീവിതരീതികളും ഏടപാടുകളും എല്ലാം ശരിയായ വിധത്തിൽ തന്നെ ചെയ്യണം.

എനിക്കു 25 വർഷംമുൻപു് പരിചയമുള്ള ഒരു കഥ പറയട്ടെ. ആ സ്നേഹിതൻ അവിടെയുണ്ടായിരുന്ന കാളേജിൽ പഠിക്കാൻ പൊയ്ക്കൊണ്ടിരുന്നു. അദ്ദേഹം സമ്പന്നനായിരുന്നു, വിദേശഭാഷ പഠിക്കാൻ വളരെ സമർത്ഥനും ആയിരുന്നു. അതിനാൽ അദ്ദേഹം സ്കൂൾ വിട്ടതുമുതൽ ലണ്ടനിലെ ഒരു ബാങ്കിലെ ക്ലാക്കായി നിയമിക്കപ്പെട്ട ക്ലാക്കായിരുന്നുവെങ്കിലും വിദേശരാജ്യവുമായുള്ള എഴുത്തുകുത്തുകഠംക്കു വളരെ സമർത്ഥനായിരുന്നു.

ഒരുദിവസം ബൽജിയൻകാരനായ ഒരാഠം ആ ബാങ്കിൽ വന്നു. തൊഴിൽകാര്യം സംബന്ധിച്ചു ഒരു എഴുത്തുമായിട്ടാണു് വന്നതു്. അവിടെ വന്ന എഴുത്തിന്റെ ഉടമസ്ഥനെ അന്വേഷിച്ചതിൽ മാനേജരേകാണണം എന്നുഅറിഞ്ഞു ആ എഴുത്തു് മാനേജരെ കാണിച്ചു. ഉടമസ്ഥനെ എഴുത്തു കാണിക്കണമെന്നായിരുന്നു എഴുത്തു കൊണ്ടുവന്നയാളിന്റെ ഉദ്ദേശം. നിങ്ങളുമായി ചില കാര്യങ്ങഠം പറഞ്ഞുതീർക്കാനാണു് വന്നിരിക്കുന്നു എന്നു എഴുത്തു കൊണ്ടുവന്നയാഠം പറഞ്ഞു. നിങ്ങളുടെ എഴുത്തിൽനിന്നും മാഗ്നീക കാര്യം സംബന്ധിച്ചു പല കാര്യ

ങ്ങടം സംസാരിപ്പാനുള്ളതിനാൽ ബാങ്കുജോലി കഴിഞ്ഞിട്ടാകാ മെന്നു പറഞ്ഞു. യേശുവിങ്കലേക്കു ആളായപ്പെടുത്തുന്നതിനു വേണ്ടി ആ രാത്രി അവർ കഴിച്ചുകൂട്ടിയതിൽ യേശുക്രിസ്തു അവരെ സഹായിച്ചു.

സാധാരണ കായ്ങ്ങളിലും യേശുക്രിസ്തുവിനു പ്രവേശനം അനുവദിച്ചാൽ അദ്ദേഹം ആ പ്രവൃത്തിയിൽസഹായിച്ച് അനുഗ്രഹകരമാക്കിതീർക്കും. പള്ളിയിൽവച്ചു മാത്രമല്ല നമ്മുടെ അയൽക്കാരുമായുള്ള ഇടപാടുകളിലും വീട്ടിലും യേശുവിന്റെ സാന്നിദ്ധ്യത്താലുള്ള അനുഭവം നമുക്കുണ്ടെന്നു മനസ്സിലാക്കണം. നമ്മുടെ വേലക്കാരും അതു മനസിലാക്കും. അങ്ങനെയാണെങ്കിൽ യേശു നിങ്ങളെ കൂടുതൽസഹായിക്കും. ഉയർത്തെഴുന്നേറ്റ കർത്താവുപഠിപ്പിച്ച രഹസ്യം ഇതാണ്. യോഹന്നാന്റെ സുവിശേഷം പ്രത്യേകം അദ്ധ്യയനത്തിനുള്ള ഒന്നാകുന്നു. ഈ അനുഭവം നമുക്കുണ്ടോ ഈ അനുഭവം ഉണ്ടാകണമെന്നു താല്പര്യപ്പെടുമോ പുസ്തകം വായിച്ചാൽ മതിയാകയില്ല. യേശു ദൈവപുത്രനാണെന്നുള്ള വിശ്വാസംകൊണ്ടു തൃപ്തിയാകയില്ല. നാം അനുബന്ധമായി ഇതുകൂടെ ചേർത്തു പഠിക്കണം. ഈ അദ്ധ്യായത്തിൽ നിന്നുള്ള അനുഭവം കിട്ടിയില്ലെങ്കിൽ യഥാർത്ഥമായ ക്രിസ്തീയ അനുഭവം നമുക്കുണ്ടാകയില്ല. പത്രോസിനെ യേശു പരിശോധിച്ച സ്നേഹത്തിന്റെ ആത്മാവിൽ അടുത്തുചെന്നു കർത്താവു അവനെ അനുഗ്രഹിച്ചു. നിങ്ങൾ കർത്താവിനെ സ്നേഹിക്കുന്നുവോ എന്നു ചോദിച്ചു. കർത്താവിനെ സ്നേഹിക്കുന്നതുകൊണ്ടു അനുഭവമുണ്ടോ സർവ്വഇടപാടുകളിലും നമുക്കു ഈ അനുഭവത്തിൽ പ്രവേശിക്കാം. ദിനംപ്രതി അവൻ നമ്മിൽ വസിക്കാൻ ഹൃദയം തുറന്നുകൊടുക്കാം. ആത്മാക്കളുടെ രക്ഷക്കു അവനെ നമുക്കു അനുഭവപ്പെടുന്നതിനു നമുക്കു പ്രാർത്ഥിക്കാം.

സി. പി. എം. എം. പ്രസ്സ്, കോഴഞ്ചേരി

നമ്പർ 6.

മാരാമൺ കൺവൻഷൻ

പ്രസംഗങ്ങൾ.

ബുധൻ 10 മണി പൊതുയോഗം.

പ്രാസംഗികൻ, ഡാക്ടർ സ്റ്റാൻലിജോൺസ് എം. എ.

പരിഭാഷകൻ

റവ: വി. പി. മാമ്മൻ ബി. എ.

പ്രസാധകൻ,

എം. എം. മാമ്മൻ.

ഇന്നു രാവിലെ ദൈവം നമ്മളോടു സംസാരിക്കുന്നതിനായി തല വണക്കി നമുക്കു പ്രാർത്ഥിക്കാം.

പ്രസംഗവാക്യം എഫേസി: 2. 11—16.

പതിനഞ്ചാം വാക്യത്തിലുള്ള ഒരു ഭാഗം പ്രസംഗവിഷയമായി എടുക്കണമെന്നു ഞാൻ വിചാരിക്കുന്നു. സമാധാനം ഉണ്ടാക്കികൊണ്ടു് ഇരുപക്ഷത്തെയും തമ്മിൽ ഒരു പൊതുമനുഷ്യനാക്കി സൃഷ്ടിക്കാമെന്നുള്ള ഭാഗമാണു്. മലയാളത്തിൽ ഉള്ള പരിഭാഷയിൽനിന്നു് അല്പം വ്യത്യാസപ്പെട്ടതാണു്. ഈ അടുത്തകാലത്തു ഒരു മഹാൻ സ്വന്തമായി തർജിമ ചെയ്തിട്ടുള്ളതാണു ആ ഭാഗം. അതിനെ അടിസ്ഥാനപ്പെടുത്തി ഞാൻ നിങ്ങളോടു് സംസാരിക്കാൻ ആഗ്രഹിക്കുന്നു. ആ ഭാഗം എങ്ങനെയുള്ളതാണെന്നു ഞാൻ നിങ്ങളോടു പറഞ്ഞുകൊള്ളട്ടേ.

ഇരുപക്ഷത്തെ തമ്മിൽ ഒരു പൊതു മനുഷ്യനായി സൃഷ്ടിച്ചുകൊണ്ടു സമാധാനം ഉണ്ടാക്കി. നാം

ഇവിടെ വന്ന ഒന്നാമത്തെ ദിവസം തന്നെ ഇക്കാലത്ത് അറിയേണ്ട ആവശ്യമുള്ള വിഷയങ്ങളിൽ പ്രധാനപ്പെട്ടത് എന്തെന്ന ചോദിക്കുക ഉണ്ടായി. അതിനഞ്ചു തരത്തിലുള്ള ഉത്തരങ്ങൾ കിട്ടി. ഒന്നാമത്തേത് നമുക്കു സമാധാനം ഉണ്ടാകുന്നതിനെ സംബന്ധിച്ചാണ്. ഇവിടെ കൂടിയിരിക്കുന്ന സമൂഹത്തിന്റെ ഹൃദയത്തിൽനിന്നു പൊങ്ങിവന്നത് സമാധാനത്തിനുള്ള വാഞ്ഛയായിരുന്നു. ഈ ആവശ്യം എങ്ങനെ നിറവേറണം എന്നുള്ളതിനെപ്പറ്റി ഇന്നു രാവിലെ നിങ്ങളോടു സംസാരിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു, എന്തുകൊണ്ടെന്നാൽ സമാധാനം പോലെ ഇന്നു ലോകത്തിൽ അത്യാവശ്യമായിട്ടുള്ള വേറൊരു സംഗതിയും ഇല്ല. എന്നാൽ യഥാർത്ഥമായ സമാധാനം തകർന്നുപോകുന്ന ഒരു അടിസ്ഥാനത്തിന്മേലുള്ളതല്ല. സാക്ഷാൽ സമാധാനം യഥാർത്ഥമായ സംഗതിയിൽ അടിസ്ഥാനം ഉള്ളതാണ്.

മനുഷ്യവർഗ്ഗത്തിന്റെ സ്ഥിതിഗതികൾ ആലോചിച്ചാൽ നാലു മുഖ്യ വൈപരീത്യങ്ങൾ കണ്ടുപിടിക്കാൻ സാധിക്കും. ഒന്നാമതായിട്ട് മനുഷ്യൻ തന്നോടുതന്നെ വിപരീതമായിട്ടു പെരുമാറുന്നതു കാണാം. അതായത് ഒരുവനിൽതന്നെ അവന് സമാധാനം ഇല്ലെന്നാണ് മനുഷ്യഹൃദയമാകുന്ന കുടുംബം അവനിൽതന്നെ ഛിദ്രിച്ചിരിക്കുന്നു. ഒന്നാമതായിട്ട് തന്നോടുതന്നെയുള്ള വൈപരീത്യമാണ് മനുഷ്യനിൽ കാണുന്നതു്. രണ്ടാമതായിട്ട് സാമൂഹ്യമായിട്ടുള്ള വൈപരീത്യം കാണുന്നു. ഇതു് മനുഷ്യനും മനുഷ്യനും തമ്മിൽ ഉള്ള വിപരീതബുദ്ധിയാകുന്നു. തമ്മിൽതമ്മിൽ യോജിച്ചു ജീവിക്കുന്നതു് എങ്ങിനെ എന്ന് അറിഞ്ഞുകൂടാ. നാം ഇന്നുവരെ യഥാർത്ഥ സാഹോദര്യത്തിലേക്കു എത്തിയിട്ടില്ലാ. മൂന്നാമതായിട്ട് നമ്മുടെ ചുറ്റുപാടിനോടുള്ള വൈപരീത്യം ആണ്. അഖിലാണ്ഡത്തോടുള്ള വിപരീതഭാവമാണ്. നാം നമ്മുടെ സച്ഛിദ്രപിതാവിനോടു പിണങ്ങിപ്പിരിഞ്ഞു് ദൂരദേശത്തു് പോയതിനാൽ ആ ദേശത്തു ക്ഷാമം ഉണ്ടായി കഷ്ടപ്പെടുകയാണു് ചെയ്യുന്നതു് ദൈവത്തോടു യോജിച്ചു പ്രവർത്തിക്കേണ്ട ആവശ്യമുള്ള ആ പ്രകൃതിതന്നെ നമുക്ക് ആവശ്യമുള്ള സാധനങ്ങൾ

തരുന്നതാണ്. മനുഷ്യൻ അവന്റെ ചുറ്റുപാടുള്ള പ്രകൃതിയോടു വിപരീതമായി ജീവിക്കുന്നു. നാലമതായിട്ട് മനുഷ്യനും ദൈവവും തമ്മിലുള്ള വൈപരീത്യമാണ്. ദൈവത്തോടുള്ള കൂട്ടായ്മ സാധിക്കുന്നില്ലാ. മനുഷ്യന്റെ ഹൃദയത്തിൽ ദൈവത്തോടുള്ള കൂട്ടായ്മയെ സംബന്ധിച്ച് ഗാഢമായ വാഞ്ഛ ഉണ്ട്. അതുകൊണ്ട് 4 വിധത്തിൽ മനുഷ്യന് യഥാർത്ഥസമാധാനം ഉണ്ടാകുന്നില്ലാ. അവനോടുതന്നെ അവന്റെ അന്തരംഗത്തിൽ സമാധാനം ഇല്ലാ. അവന്റെ സഹോദരനായ മനുഷ്യനോടു സമാധാനം ഇല്ലാ. പ്രകൃതിയോടും സമാധാനം ഇല്ലാ. ദൈവത്തോട് നിരപ്പില്ലാതെ സമാധാനഭംഗമായി ജീവിക്കുന്നു. മനുഷ്യജീവിതത്തിൽ സമാധാനത്തിനുള്ള വല്ലതും ഉണ്ടെങ്കിൽ അതാണ് അനുഗ്രഹം. നാലുതരത്തിലുള്ള വൈപരീത്യാവസ്ഥയിൽ മനുഷ്യനു യഥാർത്ഥസമാധാനം ലഭിക്കുന്നതു എങ്ങനെ? അവന്റെ രണ്ടു വരങ്ങൾ ആയിട്ട് അതിനെപ്പറ്റി ആലോചിക്കാം. നമുക്കു നമ്മുടെ സഹോദരങ്ങളുമായിട്ടുള്ള വിപരീത മനസ്ഥിതി. രണ്ടാമതായിട്ട് നമുക്ക് നമ്മോടുള്ള വൈപരീത്യം. മൂന്നാമതായി ദൈവത്തോടുള്ള നമ്മുടെ വൈപരീത്യമനോഭാവം. ഈ മൂന്നു വിധത്തിലും നമുക്കു ഈ സംഗതിയെക്കുറിച്ച് ആലോചിക്കാം.

ഒന്നാമതായിട്ട നമ്മുടെ സഹോദരനുമായിട്ടുള്ള വിപരീത മനസ്ഥിതി. ഇവിടെ ഇപ്പോൾ വായിച്ച ഭാഗത്തു പൌലൂസ് പറയുന്നതു ഇങ്ങനെയുള്ള ഒരു വൈരീത്യമനസ്ഥിയെപ്പറ്റിയാണ്. യഹൂദനും പുറജാതിയും തമ്മിലുള്ള ഒരു മൽപിടുത്തം യഹൂദന്മാർ പുറജാതിക്കാരെ നിന്ദിക്കുന്നു. പുറജാതിക്കാർ യഹൂദന്മാരേയും നിന്ദിക്കുന്നു. ഇന്ന് ജർമ്മനിയിൽ നടക്കുന്ന വടംപിടിത്തം ദീർഘശതാബ്ദങ്ങളായി നടന്നുകൊണ്ടിരിക്കുന്നതാണ്. യഹൂദനും പുറജാതിയുമായുള്ള മൽപിടുത്തമാണ് ഇപ്പോഴും കാണുന്നതു്. പൌലൂസ് ഈ സ്ഥിതി എങ്ങനെ ശരിപ്പെടുത്താമെന്ന് ആലോചിക്കുന്നു നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്ന വിധത്തിൽ അതിനു പരിഹാരമുണ്ടാക്കാമെന്ന് അപ്പോസ്തലൻ പറയുന്നു. അതു അസാധാരണമായ ഒരു മാർഗ്ഗമാണ്. അപ്പോസ്തലൻ പറഞ്ഞതായിട്ടുള്ള ഈ

മാർഗ്ഗം എന്താണ്. മനുഷ്യൻ യഥാർത്ഥമായി മനസ്സിലാക്കാനുള്ളത് മനുഷ്യനു തന്നോടു തന്നെയുള്ളതാണ്. പിന്നീട് സഹോദരനോടും ദൈവത്തോടും സമാധാനമായി ജീവിക്കുവാൻ കഴിയുന്നതാണ്. അതിനാൽ മൂന്നു വിധത്തിൽ സമാധാനം ഉണ്ടാകാം

ഒന്നാമത്തെ മാർഗ്ഗം യഹൂദനും പുറജാതിയും അല്ലെങ്കിൽ പുറജാതിയും യഹൂദനും യഥാർത്ഥമായി കാണണമെന്നുള്ളതാണ് ഒരുത്തൻ മീതെ, മറവൻ അടിയിൽ. ഒരുത്തൻ തന്റെ ശക്തിനിമിത്തം മറവനോടു സമാധാനത്തിൽ പോകാൻ ഇന്ന വിധത്തിൽ പോകണമെന്ന് ആജ്ഞാപിക്കുന്നു. അത് സമാധാനമുണ്ടാക്കുന്ന ഒരു മാർഗ്ഗമാണ്. രണ്ടു കൂട്ടർതമ്മിൽ മുഷ്ടിയുദ്ധം ചെയ്തിട്ട് അടിപെടുത്തുന്നതാണു മറ്റ് ഒരു മാർഗ്ഗം. എന്നാൽ യഥാർത്ഥസമാധാനം ഉണ്ടാക്കുന്നില്ല. എന്തെന്നാൽ ഈ അടിപെട്ടവന്റെ ഹൃദയസ്ഥിതിയോ വിപരീതസ്ഥിതിയിലാണ് ഇരിക്കുന്നത്. അതുകൊണ്ട് അവനുതക്കം വരുന്നതിനായി കാത്തിരിക്കും നീ ഇന്ന എന്നെ അടിപെടുത്തിയല്ലോ. ഇനിയും ഒരവസരത്തിൽ നിന്നെ ഞാൻ അടിമപെടുത്തിയേക്കാം. ഈ വിധത്തിലുള്ള സമാധാനം ശരിയല്ല എന്തെന്നാൽ ഈ വിധത്തിലുള്ള സമാധാനം ഭാവിയിൽ ഒരു പോരാട്ടത്തിന് അടിസ്ഥാനം ഇടുകയാണ്. അതു് ഒരു വലിയ കൊടുങ്കാറ്റു അടിക്കുന്നതിനു മുൻപിലുള്ള ശാന്തതയാണ്.

. രണ്ടാമത്തെ മാർഗ്ഗം കേവലം സങ്കരമായി കൂട്ടിക്കുഴച്ചുള്ള ഒരു തീരുമാനമാണ്. 2 വശത്തെ സംഗതികളും എല്ലാം കൂടെ കൂട്ടിക്കുഴച്ചു ഒരു സമാധാനമുണ്ടാക്കാൻ ശ്രമിക്കുന്നു. ഇതു പക്ഷെ ഒന്നാമത്തെ മാർഗ്ഗത്തേക്കാൾ നന്നായിരിക്കും എങ്കിലും ഇതും സ്ഥിരമായ ഒരു സമാധാനമല്ല. തൽക്കാലത്തേക്കുള്ള ഒരു സന്ധിമാത്രമാണ്. എന്തെന്നാൽ ഇരുപക്ഷവും തൽക്കാലത്തേക്കു യോജിപ്പോടുകൂടി പോകുന്നെങ്കിലും രണ്ടുപേരും പിടിക്കുന്ന കായ്ങ്ങൾ അവരവരുടെ ഹൃയാന്തർഭാഗത്തു കിടക്കുന്നു രണ്ടുപേരും പിടിക്കുന്ന സംഗതികൾ എപ്പോൾ ഏതുവിധത്തിൽ സാധിക്കാമെന്നു വിചാരിച്ച് പ്രവർത്തിക്കുന്നു.

യൂറോപ്പിനുള്ള തല്ക്കാല സമാധാനം യുദ്ധസാമിഗ്രികൾ ശരിപ്പെടുത്തുന്നതിവേണ്ടി തമ്മിൽ തമ്മിൽ ഉണ്ടാക്കിയിരിക്കുന്ന ഒരു സന്ധിയാണു്. അവിടെ സ്ഥിരമായ ഒരു സന്ധിയില്ല. തൽക്കാലത്തേക്കു് ഒരു സന്ധി ഉണ്ടാക്കിയെന്നമാത്രം. അതുകൊണ്ടു സകല ജനങ്ങൾക്കും ഉണ്ടാകാവുന്ന ആപൽപ്രശ്നത്തിന പരിഹാരം ഉണ്ടായിട്ടില്ല. പൌലുസു് അപ്പോസ്തോലൻ പറയുന്നതു് മൂന്നാമതു ഒരു മാർഗ്ഗമാണു് അപ്പോസ്തോലൻ ഉപദേശിക്കുന്ന മാർഗ്ഗം വിപരീതാഭിപ്രായം ഉള്ള ഇരുവരെയും ഒരു പുതിയ മനുഷ്യനാക്കിത്തീർത്തു സംയോജിപ്പിക്കുകയെന്നാകുന്നു. ആ പുതിയമാർഗ്ഗം അടിച്ചമർത്തുകയല്ല, സകരമായിട്ടുള്ളതല്ല, സംയോജിപ്പോടുകൂടിയതാകുന്നു. ഇരുപക്ഷവും മാനസാന്തരപ്പെട്ടു് പുതിയമനുഷ്യൻ ആകുന്നതുകൊണ്ടു് ഉണ്ടാകുന്നതാണു്. ഈ മൂന്നവിഷയങ്ങൾ എടുത്തിട്ടു ചില ദൃഷ്ടാന്തങ്ങൾകൊണ്ടു് മനസ്സിലാക്കാൻ ശ്രമിക്കാം. ഒന്നാമത്തെ സമാധാനം ഒരുത്തൻ മറവനെ താഴെതള്ളിയിട്ടു് അവന്റെ കഴുത്തിൽ അമർത്തിപ്പിടിച്ചുകൊണ്ടു നില്ക്കുന്നു. രണ്ടാമതു് അപ്പുറവും ഇപ്പുറവും ഒരു വിധത്തിൽ യോജിപ്പിച്ചു ഒരു തല്ക്കാലസന്ധിയുണ്ടാക്കുകമാത്രമാണു്. മൂന്നാമത്തേതോ ഓരോരുത്തരും അവരവർ നില്ക്കുന്നിടത്തുനിന്നും മുമ്പോട്ടു കയറിനില്ക്കുകയെന്നുള്ളതാണു്. അതുകൊണ്ടു സഹോദരനുമായിട്ടു അടുക്കുന്നു. അവരുടെ യഥാർത്ഥാവസ്ഥ മാറിത്തന്നെയിരിക്കുന്നു. രണ്ടുകൂട്ടരും വ്യത്യാസപ്പെട്ടവരാകുന്നു. ഇതുരണ്ടുംകൂടെ കൂട്ടി ഒരു പുതിയ മനുഷ്യനായി രൂപീകരിക്കപ്പെടുന്നു. ഈ പുതിയ മനുഷ്യനെ സംബന്ധിച്ചു് സമാധാനമുണ്ടാകുന്നു. അതു വളരെ ശ്രേയസ്കരമായ ഒരു സമാധാനമാണു്. ലോകത്തിൽ യഥാർത്ഥ സമാധാനം സ്ഥാപിതമാക്കുന്നതിലേക്കുള്ള ഏകമാർഗ്ഗം ഇതുമാത്രമാണെന്നാണു എന്റെ വിശ്വാസം.

ഒന്നാമത്തെ മാർഗ്ഗത്തിൽക്കൂടി ശ്രമിക്കുന്നവർ ഒരുകാലത്തും സമാധാനം കണ്ടെത്തുകയില്ല. രണ്ടാമത്തെ മാർഗ്ഗവും സമാധാനം സമ്പാദിക്കാൻ സാദ്ധ്യമല്ല. ഇരുകൂട്ടരും ഒരുപോലെ ഒരടി മുമ്പോട്ടു വയ്ക്കണം ഒരുത്തൻ മറവന്റെ നേരെ അടുത്തുചെല്ലണം. ഇങ്ങനെ ഇരുകൂട്ടരും കൂടി സംയോജിക്ക

ണം. ഇതിന്റെ ഫലമായിട്ട ഒരു പുതിയ മനുഷ്യൻ ഉണ്ടാകുന്നു. അങ്ങനെ സമാധാനം സ്ഥാപിക്കുന്നു. ഇരുകൂട്ടരുടേയും ഏകാഭിപ്രായമായിട്ടുള്ള സമാധാനമാണ് സാക്ഷാൽ സമാധാനം ഇങ്ങനെ ഒരു സമാധാനമുണ്ടാകാതെ സ്ഥിരമായ സമാധാനം ഉണ്ടാകാൻ സാദ്ധ്യമല്ല. ഇങ്ങനെ നാം ലോകത്തിൽ മുഷ്ടിയുദ്ധവും പോരാട്ടവും ഉണ്ടാക്കുന്ന ചില കാര്യങ്ങളെപ്പറ്റി പറയാം. മാറ്റ്സംബന്ധമായ വിപരീതബുദ്ധിയെപ്പറ്റി നോക്കാം നിങ്ങളുടെ സഭയിലാകട്ടെ മറ്റെതെങ്കിലും സഭകളിലാകട്ടെ ഉള്ള വിപരീതമനസ്ഥിതിയേപ്പറ്റി ആലോചിക്കാം ആത്മീയകാര്യങ്ങളിൽ ഉപദേശസംബന്ധമായി യാഥാസ്ഥികന്മാരും അല്ലെങ്കിൽ അക്ഷരാർത്ഥംമാത്രം നോക്കുന്നവരും വിമർശനബുദ്ധിയുള്ളവരും തമ്മിൽ വടംപിടുത്തം ഉണ്ടാകുന്ന ഈ രണ്ടു് അഭിപ്രായക്കാർക്കുംതമ്മിൽ യോജിക്കാൻ ചില മാർഗ്ഗങ്ങളുണ്ടു്. യാഥാസ്ഥികന്മാർ പറയുന്നതു് ക്രിസ്തുവിന്റെ സുവിശേഷത്തിൽ വിശ്വസിക്ക, യേശു ക്രിസ്തുവിന്റെ പാപപരിഹാരത്തിൽ വിശ്വസിക്കുക, അവൻ മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റു എന്നും വിശ്വസിക്കുക എന്നാണു്. ദൈവനിശ്വാസമാണു് തിരുവചനമെന്നു വിശ്വസിക്ക. ഇതാണു് യാഥാസ്ഥികന്മാരുടെ വാദം. എന്നാൽ വിമർശകർ ഇങ്ങനെ പറയുന്നു, എന്റെ മനസ്സു തുറന്നു വച്ചിരിക്കുന്നു. ഏതാണു് സത്യം എന്നു കണ്ടാൽ അതു വിശ്വസിക്കാൻ തയ്യാറാണു്. മാനസീകമായിട്ട അടിമത്തം കൂടാതെ സ്വതന്ത്രനാകാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടു സത്യം എന്നെ യഥാസ്ഥാനത്തേക്കു നയിക്കാൻ ശക്തി ഉള്ളതായി ഭവിക്കും. എന്നാൽ യാഥാസ്ഥികന്മാർ ആധുനികന്മാരുടെ മനസ്ഥിതി മനസ്സിലാക്കേണ്ടതാണു്. അവർ ക്രിസ്തു ദൈവത്തിന്റെ പുത്രൻ എന്നു വിശ്വസിക്കുന്നു. ക്രിസ്തു മരിച്ചവരിൽനിന്നും ഉയർത്തെഴുനേറ്റു എന്നും വിശ്വസിക്കുന്നു. തിരുവചനം ദേവന്റെ പരിശുദ്ധാത്മാവിന്റെ നിശ്വസനം ആണെന്നും വിശ്വസിക്കുന്ന രണ്ടുകൂട്ടരും രണ്ടുസ്ഥാനത്തു നോക്കുന്നു എന്നു മാത്രമേയുള്ളു.

ഒരുവൻ വിശ്വസിക്ക എന്നുള്ള ഏക സംഗതി കണ്ണടച്ചുകൊണ്ടു വിശ്വസിക്കുന്നു. മറ്റവനൊ അവന്റെ മനസ്സു്

ഏതു സംഗതിയും വിമർശിച്ചു സ്വീകരിക്കാൻ സന്നദ്ധനാണ് ഈ നിലയിൽ പോയാൽ എവിടെയാണ് അതിന്റെ അന്തം എന്നു മുൻകൂട്ടി പറയാൻ നിവൃത്തിയില്ല. ചിലപ്പോൾ ഈ ആയുസ്സിൽ ക്രിസ്തു ദൈവത്തിന്റെ പുത്രനോ എന്നുള്ള സംഗതി ആലോചനാവിഷയം ആയേക്കാം. ഉൽപതിഷ്ണുക്കൾ ഏതെങ്കിലും ഒരു പ്രത്യേക സംഗതി സാധിക്കണം എന്നുള്ള ഉദ്ദേശത്തോടുകൂടി പ്രവർത്തിക്കുന്നു.

ഏതെങ്കിലും ഒരു സംഗതിക്കു തീരുമാനം ഉണ്ടാക്കാൻ മൂന്നു മാർഗ്ഗങ്ങൾ ഉണ്ട്. ഒന്ന് ഒരുത്തൻ മറവനെ അടിപ്പെടുത്തുക എന്നുള്ളതാണ്. ഒന്നു മറവനോടു ചില വ്യവസ്ഥകൾ ആജ്ഞാപിക്കയാണ് രണ്ടാമത്തെ മാർഗ്ഗം. രണ്ടു പേർ കൂടിനിന്നിട്ടു എന്തിനു അതിനെ സംബന്ധിച്ചു നാം വഴക്കടിക്കുന്നു അവിടവിടെ നില്ക്കണം എന്നു പറകയാണ്. എന്നാൽ മൂന്നാമതു ഈ ഇരുകൂട്ടരും ഒരു പൊതുമനുഷ്യനെ സൃഷ്ടിക്കുക എന്നുള്ളതാണ്. ഈ പുതു മനുഷ്യൻ യഥാർത്ഥമായ ഒരു ക്രിസ്ത്യാനിയായിരിക്കണം. അവൻ വെറും അക്ഷരാർത്ഥവാദത്തിൽനിന്നു വ്യത്യസ്ഥപ്പെട്ടവനായിരിക്കണം. ഈ യഥാസ്ഥികന്റെ സമാധാനം ആധുനികനും ആധുനികന്റെ സ്വീകാര്യമായ സമാധാനം യാഥാസ്ഥികരും സ്വീകരിക്കണം. രണ്ടുംകൂടി ഒരു പുതിയമനുഷ്യനാകണം. അവൻ സുവിശേഷവിഹിതമായ കാര്യങ്ങൾ മുറുകെ പിടിക്കണം. ആ സമയത്തുതന്നെ സത്യത്തിന്റെ പുതിയവശം കാണാൻ ശ്രമിച്ചുകൊണ്ടിരിക്കും. അവൻ യഥാർത്ഥമായി സ്വതന്ത്രനാകാനുള്ള സത്യത്തെപ്പറ്റി ഭയമില്ല. രണ്ടുകൂട്ടരും അവരവർ പിടിച്ചതാണ് സത്യം എന്നു മക്കടമുഷ്ടി പിടിക്കുന്നില്ല. സത്യം ക്രിസ്തുവിൽ സ്ഥിതിചെയ്യുന്നു. അവൻ ആണ് സത്യത്തിന്റെ ജഡീക കാരണം. സത്യത്തെക്കുറിച്ചു യഥാർത്ഥത്തിൽ നാം അറിയേണ്ടതാണ്. ആ സത്യം നാം യഥാർത്ഥമായിട്ടു ഗ്രഹിക്കുന്നില്ല. ക്രിസ്തുവാണ് ആ സത്യം. അവൻ ഇരുവശക്കാരുടെയും അടുത്തു നില്ക്കുന്നു. ഇരുവശക്കാരും അവരവർ മുറുകെ പിടിച്ചതിൽ നിന്നു മുമ്പോട്ടു മാറുന്നു. യാഥാസ്ഥികന്മാർ അടിപെടുന്നില്ല. ഉൽപതിഷ്ണുക്കളും അടിപെടുന്നില്ല ആധുനികന്മാർ അക്ഷരാർത്ഥ

വാദക്കാരെ അടിപ്പെടുത്തുന്നില്ല. ക്രിസ്തു എന്നാൽ ഇരുവരേയും അടിപ്പെടുത്തുന്നു. ഇങ്ങനെ ഇരുകൂട്ടരേയും തെറ്റിൽ നിന്നു ശരിപ്പെടുത്തുന്നു രണ്ടു കൂട്ടർക്കും പിണഞ്ഞ തപ്പിതം അവർ സമ്മതിക്കുന്നു ക്രിസ്തു മാത്രമാണ് സത്യത്തിന്റെ സ്ഥിതി നാം അവകലേക്കു അടുക്കുന്നതു തമ്മിൽതമ്മിൽ അടുക്കുകയാണ് ഈ പുതിയ മനുഷ്യനു സമാധാനം ഉണ്ടാകുന്നു. അതു കേവലം തല്ക്കാലിക സന്ധിമൂലമല്ല, പുതിയ സൃഷ്ടിയോടുകൂടെയാണ് സമാധാനമുണ്ടാകുന്നതു് വേറൊരു വിധത്തിലും സമാധാനമുണ്ടാകാൻ മാർഗ്ഗമില്ല നാം എല്ലാവരും മാനസാന്തരപ്പെടേണ്ടിയിരിക്കുന്നു. ക്രിസ്തുവിൽ നാം പൂർണ്ണരാകേണ്ടതാണ് ഒരു പുതിയ മനസ്ഥിതി നമുക്കു ഉണ്ടാകേണ്ടിയിരിക്കുന്നു. യഥാർത്ഥവുമായിട്ടുള്ള ഒരു അനുതാപമാണ് നമുക്ക് ഉണ്ടാകേണ്ടതു്.

ഇനിയും നമ്മുടെ ചിന്താവിഷയമാക്കേണ്ടതു് തൊഴിലാളി മുതലാളി പ്രശ്നമാണു്. മുതലാളികൾ തങ്ങൾക്കു പണം ഉള്ളതുകൊണ്ടു് എല്ലാവരും തങ്ങളുടെ ആജ്ഞയനുസരിച്ചു നടക്കുന്നു എന്നു് പറയുന്നു. തൊഴിലാളി പറയുന്നു ഞാനാണു വേലചെയ്യുന്നതു്. അതുകൊണ്ടു് ഞാൻപറയുന്നതു കേൾക്കണം. ഇങ്ങനെ ലോകം ശണ്ഠകൂടുന്നു. ഇരുവശവും ഉള്ള വാദം ശക്തിയായി നടക്കുന്നു. മുതലാളി പറയുന്നതു തൊഴിലാളി അനുസരിക്കേണം. തൊഴിലാളിയെ നിലത്തിട്ടു ചവുട്ടണമെന്നാണു മുതലാളിയുടെ ഭാവം. ഒരു മുതലാളിയുമായി ഞാൻ ഒരിക്കൽ സംസാരിച്ചു. "ഞങ്ങളുടെ ശാല മുഴുവൻ അടച്ചുകളയും. അപ്പോൾ തൊഴിലാളികൾ പട്ടിണിയാകും" ഇതുനീതിയാണോ. നമ്മുടെ സമുദായത്തിൽ ചിലർ ജോലി ചെയ്യാതെ ജീവിക്കാമെന്നു വിചാരിക്കുന്നു. ചിലർ സമുദായ മധ്യത്തിൽ ജോലിചെയ്യുന്നു. മുതലാളി പറയുന്നതു് തൊഴിലാളികളുടെ വയറത്തടിച്ചാലും അവരെ നല്ലപാഠം പഠിപ്പിക്കണമെന്നാണു്. തൊഴിലാളികൾ പറയുന്നതു് മുതലാളിയെ കീഴ്പെടുത്തണമെന്നാണു. ഇരുകൂട്ടരും അവസാനം കാണ്മാൻ പോരുനടത്തുന്നു. ഇതവസാനിപ്പിക്കാൻ മുതലാളി പറയുന്ന മാർഗ്ഗങ്ങൾ കൂട്ടികുഴച്ചതാണു് നിങ്ങൾക്കു ഇന്നത

രത്തിൽ ക്രൂരിതരാം, ആദായത്തിൽ ഒരംശം തരാം ഇങ്ങനെ അവസാനം വരുത്താൻ പാടില്ല ഇതു അതിഭയങ്കരമായ കൊടുങ്കാറ്റിന്റെ മുമ്പിൽ ഉള്ള ഒരു ശാന്തതയാണു് ഇന്നത്തെ തൊഴിലാളികളുടെ സമ്പ്രദായംനോക്കിയാൽ ഈ വിധം അവസാനിച്ചുകൂടാ., മുതലാളിയുടെ സ്ഥിതിയും അഭിപ്രായവും മാറേണ്ടതാണു. രണ്ടുകൂട്ടരും ഇപ്പോഴത്തെ നിലവിട്ടു ഭേദപ്പെട്ട യോജിച്ചു അടുത്തുവരണം. അങ്ങനെയായാൽ എന്തു സംഭവിക്കും. രണ്ടിൽനിന്നും ഒരു പുതിയ മനുഷ്യൻ ഉത്ഭവിക്കും. ഈ പുതിയമനുഷ്യൻ മത്സരിയായ പഴയ മനുഷ്യനല്ല. സഹകരണബുദ്ധിയോടുകൂടി സംഗതികൾ തീരുമാനിക്കണം. ചിലർ ഈ പ്രസ്ഥാനത്തിലേക്കു ധനശക്തിയും ശരീരശക്തിയും പ്രയോഗിക്കും. ചിലർ ധനം വിനിയോഗിക്കും. ഇരുകൂട്ടരും ഒരുപോലെ ത്യാഗം അനുഭവിക്കും. എല്ലാവരും മാനസാന്തരപ്പെട്ടു സഹകരിക്കുന്നതിനൊരുങ്ങണം. ഇവരിൽനിന്നും പുതിയ മനുഷ്യൻ ഉണ്ടാകേണ്ടതാണു്. പുതിയ മനുഷ്യൻ സമാധാനം സ്ഥാപിക്കുന്നു.

അടുത്തതായി ചിന്തിക്കാനുള്ളതു് പൗരസ്ത്യരും പാശ്ചാത്യരും തമ്മിലുള്ള വടംവലിത്തത്തെപ്പറ്റിയാണു്. ഇരുകൂട്ടരും തമ്മിൽ ഒരു ബന്ധമുണ്ടാകാൻ പാശ്ചാത്യർ ആഗ്രഹിക്കുന്നു. പാശ്ചാത്യർ യുദ്ധത്തിൽ പൗരസ്ത്യരെ ജയിക്കാൻ കാരണം അവരുടെ നാഗരികതയും യുദ്ധസാമഗ്രികളുമാണു് അവർ പറയുന്നതു് നിങ്ങളെ കീഴ്പെടുത്താൻ ഞങ്ങൾക്കു അവകാശമുണ്ടെന്നാണു്. ഈ മൽപിടുത്തം കുറച്ചുനാളുകളായി നടന്നുകൊണ്ടിരിക്കുകയാണു്. വേറൊരുരൂപത്തിൽ ഇപ്പോൾ പ്രത്യക്ഷപ്പെട്ടുതുടങ്ങിയിരിക്കുന്നു. പൗരസ്ത്യരാജ്യമായ ജപ്പാൻ പറയുന്നതു ഞങ്ങൾക്കും സാമിഗ്രകം ഉണ്ടെന്നാണു്. അതുകൊണ്ടു് ലോകത്തെ ഞങ്ങൾ ജയിക്കും. ഒന്നാമതു ഏഷ്യ കൈവശപ്പെടുത്തും. പിന്നീടു് ആവശ്യപ്പെടുന്ന എല്ലാ രാജ്യങ്ങളും എടുക്കും.

എന്റെ ഒരു സ്നേഹിതൻ കുറച്ചുമുമ്പു ജപ്പാനിൽ പോയിരുന്നു. അപ്പോൾ ജപ്പാൻകാരിൽ ഒരുവൻ ഭൂലോകം മുഴുവൻ പിടിച്ചടക്കാൻ അവർ സ്വീകരിച്ചിരിക്കുന്ന നയം എ

തെന്നു പറയുണ്ടായി. 5 വർഷംകൊണ്ടു ചൈനായുടെ വടക്കൻ പ്രദേശം കൈവശപ്പെടുത്തും. പിന്നീടു 5 വർഷം കൊണ്ടു തെക്കെ ഭാഗം കൈവശപ്പെടുത്തും. ഇരുപത്തിയഞ്ചു വർഷംകൊണ്ടു് ഇൻഡ്യയും കൈവശപ്പെടുത്തും. ഏഷ്യാ ഏഷ്യാക്കാക്കു് എന്നാണു അവർ പറയുന്നതു. ഏഷ്യാക്കാരിൽ നായകത്വം വഹിക്കുന്നതു് ജപ്പാൻകാരായിരിക്കും. അതിനായിട്ടാണു് അവരെ നിയമിച്ചിരിക്കുന്നതെന്നാണു് ജപ്പാൻകാരുടെ വിശ്വാസം. ഓരോരുത്തരും യുദ്ധസാമഗ്രികൾ ശേഖരിക്കുന്നു. ഈ അവസരത്തിലും സമാധാനത്തിനു മൂന്നു മാർഗ്ഗങ്ങളുണ്ടു്. പാശ്ചാത്യർ പൗരസ്ത്യരെ ജയിക്കുന്നില്ലെങ്കിൽ പൗരസ്ത്യർ പാശ്ചാത്യരെ കീഴടക്കും. അവിടെ യഥാർത്ഥസമാധാനം സാധ്യമല്ല, എന്തെന്നാൽ കീഴ്പ്പെട്ടവർ ആ അവസ്ഥ ഭേദപ്പെടുത്തുവാൻ ശ്രമിച്ചുകൊണ്ടിരിക്കും. അതുകൊണ്ടു് തോറ്റവനും ജയിച്ചവനും തമ്മിൽ സമാധാനം സ്ഥാപിക്കാൻ സാധ്യമല്ല. രണ്ടാമത്തെ വഴി സങ്കടകരമായ സ്ഥിതിയാണു്. പൗരസ്ത്യർ ചില സ്ഥലങ്ങൾ കൈവശം വെച്ചുകൊള്ളട്ടെ. പാശ്ചാത്യരും ചിലതെല്ലാം കൈവശം വെച്ചുകൊള്ളട്ടെ. ഇങ്ങനെ തല്ക്കാല സമാധാനം ഉണ്ടാക്കുന്നു. ഈ പ്രകാരവും സമാധാനം സാധ്യമല്ല. ഇതു അസൂയാജന്യമായ അവസ്ഥയാണു്. ഇതിനും അടിസ്ഥാനവും ഉറവും ഇല്ല. പൗരസ്ത്യർ പാശ്ചാത്യരെ കീഴടക്കുവാനും പാശ്ചാത്യർ പൗരസ്ത്യരെ ജയിക്കുവാനും ഞാൻ ആഗ്രഹിക്കുന്നില്ല. തല്ക്കാലം സമാധാനം മാത്രം പോരാ. രണ്ടിൽനിന്നും ഒരു പുതിയ മനുഷ്യൻ ഉപാന്തരപ്പെടേണ്ടതിനു ശ്രമിക്കേണ്ടതാണു്.

പൗരസ്ത്യും പാശ്ചാത്യും തമ്മിൽ അടുക്കണം ഇരുക്രൂട്ടും അല്പാല്പം ഭേദപ്പെടണം. നീതിയും സഹകരണവും സംജ്ഞാതമായി ഇരുക്രൂട്ടും മുമ്പോട്ടു വരണം മത്സരംവിട്ടു സഹകരിക്കേണ്ടതാണു് അങ്ങനെ പുതിയ മനുഷ്യൻ ഉപാന്തരപ്പെടണം അവൻ പഴയ മനുഷ്യനായിരിക്കാൻ പാടില്ല. ശ്രേഷ്ഠപുരുഷനാകേണ്ടതാണു് പാശ്ചാത്യനു് പൗരസ്ത്യനെകൊണ്ടും പൗരസ്ത്യനു് പാശ്ചാത്യനെകൊണ്ടും ആവശ്യമുണ്ടു്.

ഇങ്ങനെ ഒരു പുതിയ മനുഷ്യനെ സൃഷ്ടിക്കുന്നതിന് നമ്മുടെ ക്രിസ്തുവിന് കഴിയും അതിനു ക്രിസ്തുസന്നദ്ധനാണു്. അങ്ങനെ ഒരു മനുഷ്യൻ ഉണ്ടാകാൻ തുടങ്ങുന്നതായി ഞാൻ കാണുകയും ചെയ്യുന്നു. ക്രിസ്തുവിലായവർക്ക് പൗരസ്ത്യ പാശ്ചാത്യർക്കുള്ള സൽഗുണം കാണുവാൻ സാധിക്കും. ഇങ്ങനെ അപരവരുടെ നാഗരികത്വം മറുള്ളവർ കാണും. 32 വർഷങ്ങൾക്കു മുൻപു് ഞാൻ ഇൻഡ്യയിൽ വന്നതു് ഇൻഡ്യയെ വല്ലതും പഠിപ്പിക്കാനാണ്. ഇൻഡ്യയിൽ നിന്നും ഒന്നും പഠിക്കുവാൻ ഇല്ലെന്നായിരുന്നു എന്റെ അന്നത്തെ വിചാരം കാലാന്തരത്തിൽ പൗരസ്ത്യരുമായുള്ള സംബന്ധത്തിൽ എനിക്ക് അനേക കാര്യങ്ങൾ പഠിക്കുവാനുണ്ടെന്ന് മനസ്സിലായി. ഇൻഡ്യാക്കാരെ പഠിപ്പിക്കാൻ വന്നെങ്കിലും എന്റെ അനുഭവം അതല്ലായിരുന്നു. ക്രിസ്തീയ ലോകത്തിന് ആവശ്യമായ പല ദൂതുകൾ ഉണ്ടു്. ആ ദൂതുകൾ എന്റെ കൈയ്യിൽ ഉള്ളതുകൊണ്ടു് ഇനിയും ഒന്നും കാണുകയില്ലെന്നു് വരുന്നതല്ലല്ലോ. ക്രിസ്തു തന്നെയാണ് എന്റെ ദൂതു് ക്രിസ്തുവിന്റെ ദൂതു് പരിപൂർണ്ണമാണ്. ക്രിസ്തുവിനെപ്പറ്റി ഞാൻ അറിഞ്ഞിരിക്കുന്നതു് പരിപൂർണ്ണജ്ഞാനമല്ല പൗരസ്ത്യരായ നിങ്ങളുടെ സമീപത്തിരുന്ന് ക്രിസ്തുവിനെക്കുറിച്ചു് ധാരാളം പഠിക്കുന്നതിനായിട്ടുണ്ടു്. ക്രിസ്തുവിനെപ്പറ്റി ഞാൻ പഠിച്ചിട്ടുള്ളതു് നിങ്ങൾക്കു് പറഞ്ഞുതരാം അങ്ങനെ സമാധാനമുണ്ടാകട്ടെ.

ലോകത്തിൽ എവിടെയും മത്സരം ഉണ്ടു്. സ്ത്രീകളും പുരുഷന്മാരും തമ്മിൽ മത്സരം നടക്കുന്നു. പുരുഷന്മാർ ശാരീരികമായി ബലമുണ്ടെന്നും അവർക്കായി ഒരു ലോകം സൃഷ്ടിച്ചിരിക്കുന്നുവെന്നും അവർ പറയുന്നു. പുരുഷൻ സൃഷ്ടിച്ച ലോകത്തെക്കൊണ്ടു് പരിപൂർണ്ണമായ തൃപ്തിയില്ല. പുരുഷരായ നാം ഒരു ലോകം സൃഷ്ടിച്ചാൽ അതിനെക്കൊണ്ടു് സന്തോഷമില്ല. ലോകകാര്യങ്ങൾ നമ്മുടെകീഴിൽ ഇരിക്കണം ഇപ്പോഴത്തെ നിലകണ്ടു് എല്ലാം പഴയതാണെന്നാണ് വിചാരം ജ്ഞാനം എല്ലാം പുരുഷന്മാക്കാണ്. സ്ത്രീയിക്കല്ല എന്നു പറയുന്നു. മദ്രാസ്സിൽ വച്ചു നടന്ന ഹിന്ദുവനിതകളുടെ ഒരു യോഗത്തിൽ സംബന്ധിക്കുന്നതിനു് എനിക്കിടയായി. ശ്രീമതി

മുത്തുലക്ഷ്മിറെഡ്ഡി അദ്ധ്യക്ഷയായിരുന്ന ആ യോഗത്തിലെ അദ്ധ്യക്ഷ "വേദമെഴുതിയത് പുരുഷന്മാരാണെന്നും അതിനാൽ വേദത്തിൽ പുരുഷന്മാരെ പൊക്കിയും സ്ത്രീകളെ താഴ്ത്തിയുമാണ് പറഞ്ഞിരിക്കുന്നത്" എന്ന് ആമുഖമായി പ്രസ്താവിച്ചു "അതുകൊണ്ട് പുരുഷന്മാരുടെ നിയമം നാം അനുസരിക്കുന്നത് അധാർമ്മികമാണ്" ഈ പ്രസ്താവന കേട്ടപ്പോൾ പലരും എന്നെ നോക്കി ചിരിച്ചു

ആ സമ്മേളനത്തിൽ പുരുഷനായിട്ട് ഞാൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവരുടെ നോട്ടം കണ്ടാൽ എന്നെപ്പറ്റി അയ്യോ പാവം എന്ന് തോന്നും. മുത്തുലക്ഷ്മിയുടെ ഒരു വാചകം ആശ്വാസപ്രദമായിരുന്നു "മി: സ്റ്റാൻലിജോൺസിനെപ്പോലെയുള്ള ഒരാൾ ഞങ്ങളുടെ ആചാര്യനായിരിക്കുന്നത് ഞങ്ങൾക്കു സമ്മതമാണു"" ഈ വാക്കു എന്നെ ആശ്വസിപ്പിക്കാൻ പറഞ്ഞതായിരുന്നു. സ്ത്രീകളുടെ ഈ മത്സരം തുടർന്നു പോകും. ഇനി ഉണ്ടാകാൻ പോകുന്ന ലോകം പുരുഷസൃഷ്ടിയല്ല. സ്ത്രീയുടെ സൃഷ്ടിയായിരിക്കും എന്നാണ് അവർ പറയുന്നത്. പുരുഷന്മാർ കാര്യം ഉഴപ്പുന്നു. ഇനി ഞങ്ങൾ നോക്കാം എന്നാണ് അവരുടെ ഭാവം. ഈ നിലയ്ക്കു സമാധാനം എങ്ങിനെ കൈവരും. പുരുഷന്മാർക്കു സ്ത്രീകളുടെമേൽ അധികാരം പ്രയോഗിക്കാൻ ഇനി സാധിക്കുമോ? ഇവിടെ ഇരിക്കുന്ന പുരുഷന്മാർ സ്ത്രീകളെ അനുസരിപ്പാൻ ശ്രമം നടത്തുന്നു. പുറമെ പുരുഷന്മാർക്കു ബഹുമാനം ഉണ്ടായാലും അകമേ ബഹുമാനം നടത്തുന്നതു സ്ത്രീകളാണ്. ചില പുരുഷന്മാർ ക്ലാസ്സുകാരുമായി സഭാവനത്തിൽ തലയും പൊക്കിപ്പിടിച്ചു ചെല്ലുമ്പോൾ "ഇതു തലയുയർത്തിയതാ, കടിഞ്ഞാൺ എന്റെ കൈവശം ആണു"" എന്നാണു സ്ത്രീകളുടെ ഭാവം. ഈ രീതിയിൽ സ്ത്രീകളെ കീഴ്പെടുത്തുവാൻ നിങ്ങൾക്കു കഴിവില്ല. അതുകൊണ്ടു തൽക്കാലസന്ധി മതിയെന്ന് നിങ്ങൾ വിചാരിക്കയും വേണ്ടാ. സമാധാനത്തിനുള്ള ഏക വഴി ഇരുകൂട്ടരിൽ നിന്നും ഒരു പുതിയ മനുഷ്യൻ ഉണ്ടാവുക എന്നുള്ളതാണ്. സ്ത്രീകളെക്കൊണ്ടു പുരുഷന്മാർക്കും പുരുഷന്മാരെക്കൊണ്ടു സ്ത്രീകൾക്കും ആവശ്യമുണ്ട്. പുരുഷന്മാരായ നമുക്കു തന്നേ ലോകസ്ഥാപനം നടത്തിക്കളയാമെന്ന് വിചാരിക്കേണ്ടാ.

ബോംബെപട്ടണത്തിൽ ഒരു സ്ഥലത്തു ഒരു എഴുത്തുപല കയുണ്ടു്. അതിൽ ഭൂലോകം സ്ത്രീകൾക്കുക്രൂടിയുള്ളതാണെന്നു എഴുതിയിരിക്കുന്നു. ലോകം രൂപപ്പെട്ടന്നതു് സ്ത്രീകളോടുക്രൂടെയാണു്. ഇവർ തമ്മിൽ യോജിക്കണ്ടതെങ്ങിനെ? ഇരുകൂട്ടരും മത്സരത്തിൽനിന്നു പിൻമാറി തമ്മിൽ അടുക്കണം. തമ്മിൽ തമ്മിൽ ബഹുമാനിക്കയും സഹകരിക്കയുംവേണം. ഇങ്ങനെയായാൽ ഒരു പുതിയ മനുഷ്യൻ സംജാതമാകും. ഇരുപാട്ടുകാരിൽനിന്നും നന്മയുണ്ടാകേണ്ടതാണു്. പുരുഷന്മാരിലും സ്ത്രീകളിലും നല്ലഗുണം. സ്ഥിതിചെയ്യുന്നു. പുരുഷന്മാർക്കു ശക്തിയുണ്ടെങ്കിൽ സ്ത്രീകളിൽ ശാന്തത കാണുന്നു. ക്രിസ്തുവിനോടുക്രൂടെ ഇരുക്രൂട്ടരും അടുക്കണം. എന്നാലെ സമുദ്ധാനം ഉണ്ടാകയുള്ള. സുവിശേഷസംബന്ധമായ വിശ്വാസത്തിനു ഓരോരുത്തക്കും തങ്ങളുടെ പുറപാട്ടുകളോടു സംബന്ധമില്ലെന്നു വാദിക്കുന്നവരും ഉണ്ടു്. ഒരാൾക്കു സമുദായത്തിന്റെ സംഗതിയുള്ളതുകൊണ്ടു വ്യക്തിത്വത്തിനു സ്ഥാനമില്ല. ഒറയായി ക്രിസ്തുവിങ്കലേക്കു് ആശ്രയിക്കുക.

ചില ആളുകൾ സാമുദായികമായി പ്രവത്തിക്കണമെന്നു പറയുന്നു. ഈ അഭിപ്രായക്കാർ തമ്മിൽ വഴക്കുണ്ടു്. ഇവിടെയും മൂന്നു വിധത്തിൽ കാര്യം അവസാനിപ്പിക്കുവാൻ കഴിയുമോ എന്നുനോക്കാം ഒന്നാമതു് വ്യക്തിസ്ഥാനംപിടിച്ചിരിക്കുന്നവർ മറവരെ പറഞ്ഞുതോല്പിക്കണം. അല്ലെങ്കിൽ മറവർ ഇവരെ കീഴ്പെടുത്തണം. ഇതുകൊണ്ടു സമാധാനം ഉണ്ടാകില്ലെല്ലാ. എന്തെന്നാൽ സത്യം അവരുടേതാണെന്നു് ശക്തിയായിവാദിക്കുന്നു. രണ്ടാമത്തെമാർഗ്ഗം സമാധാനം ഉണ്ടാക്കാമെന്നു പറഞ്ഞു ഉഴപ്പുന്നമാർഗ്ഗമാണു്. ഈ ഉഴപ്പുവിദ്യകൊണ്ടു സമാധാനം ലഭ്യമല്ല. ഓരോരുത്തരും അവരവരുടെ ചിന്തയിൽപ്പെട്ട കാര്യം ശരിയെന്നു വാദിക്കുന്നു. അവർ അനുതാപത്തോടും പശ്ചാത്താപത്തോടും പ്രവത്തിക്കേണ്ട ആവശ്യംഉണ്ടു്. ക്രിസ്തുവിങ്കലേക്കു സമീപിക്കേണ്ടതു ഓരോരുത്തന്റെയും കടമയാണു്. ക്രിസ്തുവിനോടു അടുക്കുമ്പോൾ സഹോദരനോടും അടുക്കുന്നു അങ്ങനെ ക്രിസ്തുവിൽ അവർ ഏകീഭവിക്കുമ്പോൾ യഥാത്മമായ ഐക്യതയുണ്ടാകുന്നു.

ജീവിതകാര്യങ്ങളിൽ ജയാളിയായിതീരുന്നു. വ്യക്തിപരവും സമുദായികപരവും ആയ രണ്ടിൽനിന്നും ഒരു പുതിയ മനുഷ്യൻ വരുന്നുവെന്നതാണ് ഇതിനു കാരണം. വ്യക്തിത്വം പരിപൂർണ്ണമാകുമ്പോൾ സാമുദായികത്വവും സംപൂർണ്ണമാകുന്നു. ഈ പുതിയ മനുഷ്യനിൽ പരീക്ഷാചിന്ത ഇല്ലാതാകുന്നു. അങ്ങനെ ക്രിസ്തുവിൽ യോജിക്കുന്നു എന്നാൽ ജനങ്ങളും ഗവർമേൻറും തമ്മിൽ മത്സരമുണ്ടല്ലോ എല്ലാക്കാര്യത്തിലും ഈ മത്സരം ആദികാലം മുതലേ ഉള്ളതാണെല്ലോ. ജനാധിപത്യവും രാജാധിപത്യവും തമ്മിൽ മത്സരം എല്ലാ കാര്യത്തിലും കാണുന്നു. ഈ സംഗതി അവസാനിപ്പിക്കുവാൻ മൂന്ന് മാർഗ്ഗങ്ങളുണ്ട്. ഒന്ന് ജനാഭിലാഷം സ്വീകരിക്കുക. ആ അഭിപ്രായത്തിൽ സകലരും കീഴടങ്ങുക. രണ്ടാമത്തേത് ഗവർമ്മെൻറിൻെറ അഭിപ്രായത്തിനു കീഴ്പ്പെടുക എന്നുള്ളതാണ്. ഇതു സമാധാനത്തിനു പറ്റിയ വഴിയല്ല. ജനങ്ങൾ ജയിച്ചാൽ അവർക്കു വേറെ ഒരു ഗവർമ്മെൻറു ഉണ്ടാകാതെ സാധിക്കയില്ലല്ലോ. ഗവർമ്മെൻറു ജയിച്ചാൽ ഇതര ജനങ്ങളെ എങ്ങനെ സമാധാനത്തോടെ ഭരിക്കും. ഒന്ന് മറെറാന്നിനെ കീഴ്പെടുത്തുക എന്നതു സാധ്യമല്ല. രണ്ടാമത്തെ മാർഗ്ഗത്തിൽ പറയുന്നതു് കുഴച്ചുമറിച്ചുള്ള സമാധാനം ആകയാൽ ഇടപാടുകളിൽ യഥാർത്ഥ സമാധാനം കൈവരുന്നില്ല പിന്നെ സമാധാനം എങ്ങനെ ഉണ്ടാകും അവരവരുടെ നിലയിൽ നിന്നും അല്പാല്പമായി ഭേദപ്പെടണം ജനസമുദായത്തിൻെറ സ്വന്ത ജീവിതത്തിലുള്ള പല കാര്യങ്ങളും ക്രമപ്പെടണം.

സ്വാർത്ഥത്തിൽ നിന്ന് ശുദ്ധീകരണം പ്രാപിക്കയും ശണ്ഠ അവസാനിപ്പിക്കയും പരമാർത്ഥരഹിതമായുള്ള വഴികൾ നീക്കുകയും ചെയ്യണം. സ്വന്തജീവനെത്തന്നെ ക്രമപ്പെടുത്തേണ്ട ആവശ്യബോധത്തിൽ നിന്നും ജനസമുദായ ജീവിത സമ്പ്രദായം ആകമാനം വ്യത്യാസപ്പെടണം. വർഗ്ഗീയത്വം, കക്ഷിത്വം, സ്വാർത്ഥചിന്ത മുതലായവ് വിട്ട് മുന്നോട്ടുവരണം ഗവർമ്മെൻറ് ഭരണീയരുടെ ആവശ്യമെന്തെന്ന് ചിന്തിക്കണം ഭരണീയരുടെ അനുമതി കിട്ടാതെ ഭരണംസാധ്യമല്ല. ഇ

രുകൂട്ടരും മുമ്പോട്ട കടക്കുമ്പോഠം മത്സരഭാവം വ്യത്യാസപ്പെ ട്ടും ജനങ്ങഠം ഗവമ്മെൻറിനോടും ഗവമ്മെൻറു ജനങ്ങളോടും മത്സരിക്കുന്ന മനോഭാവം ത്യജിച്ചു് പശ്ചാത്താപത്തോടു മു മ്പോട്ടു് വരണം സത്യത്തിൻെറ സ്ഥാനത്തു് എത്തി ജീവിത പുരോഗമനത്തിനു് എന്തുവേണമെന്നു് ആലോചിക്കേണ്ട ആ വശ്യമുണ്ടു്. അന്യോന്യം സഹകരിക്കുന്ന ഒരു പുതിയ ഒരു മനോഭാവം ഉണ്ടാകണം. ഗവർമ്മെൻറു ഒരു വ്യത്യാസവും വരുത്താൻ ഭാവമില്ലെന്നു് പറഞ്ഞേക്കാം നിങ്ങളുടെ കാര്യം നിങ്ങഠം തന്നെ ശ്രദ്ധീകരിക്കുക. അനന്തരഭവിഷ്യത്തിനു് അ വരാണു് ഉത്തരവാദി. ഒരു പുതിയ മനുഷ്യൻ വരാതെ ഗവ മ്മെൻറും ജനങ്ങളും തമ്മിൽ യഥാർത്ഥ സ്നേഹം ഉണ്ടാകയി ല്ല ഈ പുരുക്കത്തിൻെറ സമാധാനം ഉണ്ടാകും നാം ഉഴപ്പി യിട്ടില്ല സന്ധിയുണ്ടാകേണ്ടതു്.

എല്ലാവരും മുമ്പിലത്തെ നിലയിൽ നിന്നു് മാറണം. ലോ കത്തിൽ മുഴുവൻ സമാധാനം ആവശ്യമുണ്ടു്. നിങ്ങളിൽ ചി ലർ നിങ്ങളുടെ ഹൃദയങ്ങൾക്കു് സമാധാനമില്ലെന്നു പറഞ്ഞു വല്ലോ. അതിനാൽ നിങ്ങളുടെ ഹൃദയത്തോടു് സംസാരിക്ക ണമെന്നു ഞാനാഗ്രഹിക്കുന്നു.

ഒരിടത്തു് ഒരു യോഗത്തിൽ ഞാൻ പ്രസംഗിക്കുമ്പോൾ അദ്ധ്യക്ഷം വഹിച്ചതു് മിസ്റ്റർ ശ്രീനിവാസശാസ്ത്രിയായിരുന്നു എൻെറ പ്രസംഗത്തിൻെറ അവസാനത്തിൽ അദ്ദേഹം പറ ഞ്ഞതു് "സ്റ്റാൻലിജോൺസു് പ്രസംഗം തുടങ്ങിച്ചാൽ അതു അവസാനിപ്പിക്കുന്നതു് എവിടെയാണെന്നു എനിക്കറിയാം ശാസ്ത്രീയ വിഷയം എടുത്താൽ എട്ടുനിലയിൽ അവസാനി ക്കും" ശാസ്ത്രികളെ നിങ്ങൾ പറഞ്ഞതു് ശരിയാണു്. അവിട ത്തന്നെ അവസാനിപ്പിക്കണമെന്നാണു എൻെറ ആഗ്രഹവും. എല്ലാ ഭേദഗതികളുടേയും അന്തം മനുഷ്യഹൃദയം ഭേദപ്പെടുക യെന്നുള്ളതാണല്ലോ. എവിടെ സമാധാനമുണ്ടാകും എനിക്കു സമാധാനം വേണം. അതു ഹൃദയത്തിൽ ആരംഭിക്കണം. ഒരു യുവാവു് എൻെറ അടുക്കൽ വന്നു ചില കാര്യങ്ങൾ പറഞ്ഞ തുന്നു. ശാന്തമായി അതിനെക്കുറിച്ചു ചിന്തിക്കുക എന്നു ഞാ നു പറഞ്ഞു. "എൻെറ ആത്മാവു ശാന്തതയില്ലാതെ ഇളകി

മറിഞ്ഞുകിടക്കുന്നു" ഈ പ്രയാസം എന്നോടു പറഞ്ഞപ്പോഴാണു ഞാൻ മുൻപറഞ്ഞ മറുപടി പറഞ്ഞതു. തന്നോടുതന്നെ അവനു സമാധാനം ഇല്ല. നിനക്കു തന്നെ നിന്റെജീവിതഗതി പരമാർത്ഥമായിരിക്കണമെന്നു ആഗ്രഹമുണ്ടെങ്കിൽ നി സ്വാർത്ഥരഹിതനായിരിക്കുക. നിന്റെ സ്വന്തഹൃദയത്തിൽ മത്സരം സ്ഥിതിചെയ്യുന്നതുകൊണ്ടാണു നിനക്കു സമാധാനം ഇല്ലാത്തതു. ദൈവത്തോടു സമാധാനപ്പെടാതെ യഥാർത്ഥ സമാധാനം ഉണ്ടാകയില്ല. നിന്നെത്തന്നെ ജയിക്കുവാൻ നിനക്കു കഴിയുകയില്ല. നിനക്കു ഉറപ്പായ സന്തോഷം ലഭ്യമാകണമെങ്കിൽ ക്രിസ്തുവിങ്കലേക്കു ചെല്ലുക. നിന്റെ ഹൃദയം അവന്റെ ഹൃദയത്തിനു കീഴ്പെടുത്തിയാൽ വിമ്മിഷ്ടമായ നിന്റെ ഹൃദയത്തെ കർത്താവു് ക്രമപ്പെടുത്തും. പാപം വിട്ടുമാറുമ്പോൾ യഥാർത്ഥ സമാധാനം വരും. പഴയ മനുഷ്യൻ മാറി പുതിയ മനുഷ്യൻ വരും. അതു് ക്രിസ്തുവിലുള്ള പുതിയ മനുഷ്യനാണു്. അങ്ങനെ നിനക്കു് സമാധാനം ഉണ്ടാകും. ഇവിടെ കൂടിയിരിക്കുന്ന നിങ്ങളിൽ പലർക്കും ഈ സമാധാനം ഉണ്ടാകണമെന്നു ഞാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ പ്രയാസം ക്രിസ്തുവിന്റെ സന്നിധിയിൽ സമർപ്പിച്ചാൽ നിങ്ങളുടെ പാപഭാരം നീക്കി സമാധാനം തരുവാനും അവനു കഴിയും ഇളകിമറിഞ്ഞ നിലയിൽ നിങ്ങളെ പോകേണ്ട ആവശ്യം ഇല്ല.

ഇന്നു കാലത്തു് നിങ്ങൾക്കു സമാധാനം ക്രിസ്തു ദാനംചെയ്വാൻ നിങ്ങളുടെ ഇടയിൽ സ്ഥിതിചെയ്യുന്നു. അവൻ നമ്മെ ഓരോരുത്തരേയും സമീപിച്ചു നിന്റെ പുറത്തു ഒരു ഭാരമിരിക്കുന്നുവോ എന്നാൽ എങ്കലേക്കു നോക്കി വിശ്വസിച്ചു് എന്നിക്കു, നിന്നെത്തന്നെ കീഴ്പെടുത്തിത്തരിക എന്നു പറയുന്നു. നിന്റെ ദോഷത്തിൽ നിന്നു് മാറി എന്റെ അടുത്തു വന്നാൽ ഞാൻ ആശ്വാസവും ശക്തിയും നിനക്കു തരും.

നിനക്കു യോജിച്ച സമാധാനത്തോടുകൂടി പോകാം, നിന്റെ സ്വഭാവത്തിലുള്ളതെല്ലാം എന്റെ ഭരണത്തിൽ വരട്ടെ. ഇങ്ങനെ എന്റെ പാദത്തിൽ വരുമ്പോൾ ഒരു പുതിയ മനുഷ്യനായി നി രൂപാന്തരപ്പെടും. ഈവിധമായുള്ള സമാധാന

ത്തിൽ വരുന്നതിനു നമുക്ക് ഇന്നു രാവിലെ കഴിയും. ഇതു് നിങ്ങൾക്ക് ആവശ്യമില്ലേ? "ഞാൻ നിങ്ങൾക്ക് എന്റെ സമാധാനം തരുന്നു" എന്നാണു് ക്രിസ്തുഭഗവാൻ പറയുന്നതു്. അവന്റെ സമാധാനത്തോടു് നിന്റെ ഹൃദയം ഉറച്ചു എന്നു പറഞ്ഞാൽ നിന്റെ ഹൃദയം അവന്റെ സ്വാധീനത്തിൽ ആവുകയാണു്. നാം പ്രാർത്ഥിക്കുമ്പോൾ ഇതു് സാധിക്കുന്നു. ഇവിടെ നിന്നും സമാധാനമായിപോകു. എനിക്കു ചിലതെഴുതുകയും ചിലക്ക് എഴുതാനുണ്ടു. ചില ആളുകളോടു് എന്റെ ഹൃദയത്തിലുള്ള വിരോധം നീക്കണം. എന്നാൽ അതിനെക്കുറിച്ചു നിന്റെ ഹൃദയത്തിൽ പറയുമ്പോൾ അവൻ അതിനെ അംഗീകരിച്ചുകൊള്ളും. സമാധാനം ആവശ്യപ്പെട്ടാൽ അവൻ തരികയും ചെയ്യും. അങ്ങിനെയുള്ളവർ ഇവിടെ ഉണ്ടായിരിക്കാം. നിങ്ങൾക്കു ചെയ്യാനുള്ളതു ചെയ്യുക. ആ പഴയ ഹൃദയം മാറി നമുക്കു ഒരു പടി മുൻപോട്ടു പോകുവാൻ മറവൻ സമ്മതിക്കയോ സമ്മതിക്കാതിരിക്കയോ ചെയ്യട്ടെ. നിങ്ങൾ ചെയ്യേണ്ടതു ചെയ്തുകഴിയുമ്പോൾ മറേറയാൾക്കും ചെയ്യണമെന്നു ആഗ്രഹമുണ്ടാകും. നിങ്ങൾ ഒരു പടി മുന്നോട്ടു കടന്നിട്ടുവേണം മറവന്റെ ഹൃദയം മാറുവാൻ.

അയാൾ ചെയ്താലും ഇല്ലെങ്കിലും നിങ്ങൾക്കു സമാധാനം ഉണ്ടാകും. പരമാർത്ഥം ഇല്ലാത്തതുകൊണ്ടു സമാധാനമില്ലാത്ത എന്റെ ഹൃദയത്തിനു സമാധാനം ലഭിക്കണമെങ്കിൽ ഞാൻ മറെറാരുത്തനെ വഞ്ചിച്ചെടുത്ത പണം മടക്കികൊടുത്തേ സാധിക്കൂ. തൽക്കാലം അതു അസാദ്ധ്യമായിരിക്കും. എന്നാൽ ഇപ്പോൾ അതിനു ആരംഭമിടാൻ കഴിയും ആ മനുഷ്യൻ അതിനു സമ്മതിക്കും. നിങ്ങൾ ചെയ്യണമെന്നു യേശു ആഗ്രഹിക്കുന്നതു നിങ്ങൾ ചെയ്തു കഴിഞ്ഞാൽ ക്രിസ്തു ഇപ്പോൾതന്നെ നിങ്ങളിൽ വരും നിങ്ങളുടെ ഹൃദയത്തിൽ സമാധാനം വരുന്നപക്ഷം നമുക്കു എല്ലാം പ്രവർത്തിക്കുവാൻ കഴിയും. നമുക്കു ഇപ്പോൾ തന്നെ അതു കിട്ടണം. ദൈവത്തിന്റെ മുമ്പാകെ തലകുനിച്ചു നമുക്കു പ്രാർത്ഥിക്കാം.

(പ്രാർത്ഥനയുടെ ശേഷം)

ഒരു വാക്കുകൂടി പറഞ്ഞുകൊള്ളട്ടെ ഇവിടെ ഇരിക്കുന്നവരിൽ ചിലർ ഹൃദയസമാധാനമില്ലാത്തവരായിരിക്കാം. നിങ്ങളുടെ ഹൃദയത്തിൽ ഭാരമായിരിക്കുന്ന സംഗതി ഏതൊരാകിലും സംസാരിക്കുന്നതു നിങ്ങളുടെ സമാധാനത്തിനു പറ്റിയ മാർഗ്ഗമാണു്. അങ്ങനെയുള്ളവർ സ്നേഹിതരോടു ഒരുമിച്ചു് പ്രാർത്ഥിച്ചു നിങ്ങളുടെ ആവശ്യങ്ങൾ തുറന്നു പറയുക. ഇങ്ങനെ പറഞ്ഞശേഷം ഇരുന്നു പ്രാർത്ഥിക്കുക നിങ്ങളുടെ സ്വഭാവം കാര്യം ശരിപ്പെടുത്തണമെന്നു് ദൈവം അനുഗ്രഹിക്കണം. നിങ്ങൾ പോകുംമുൻപു് കാര്യങ്ങൾ ക്രമപ്പെടുത്തണം ഹൃദയ തടസ്സങ്ങൾ നീക്കിക്കളയുവാൻ ശ്രമിക്കുക. ഈ സ്ഥലത്തു പ്രാർത്ഥന നടക്കട്ടെ. ഒരു പുതിയ ശക്തി ഈ കൺവൻഷന്റെ ഫലമായി പൊട്ടിപ്പുറപ്പെടട്ടെ. ഇവിടെ ഇരിക്കുന്നവരുടെ പാപങ്ങൾ ബോധപ്പെട്ടു് അവക്കു് സമാധാനം ഉണ്ടാകട്ടെ നിങ്ങൾക്കു് ഇഷ്ടമുള്ളവരെ വിളിച്ചു് പ്രാർത്ഥിക്കുവാൻ സമയം വിട്ടുകൊടുക്കുക. ഇപ്പോൾ തന്നെ ആരംഭിക്കുക.

സി. പി. എം. എം. പ്രസ്സു്,
കോഴഞ്ചേരി.

നമ്പർ 7.

മാരാമൺ കൺവൻഷൻ

പ്രസംഗങ്ങൾ.

വ്യാഴം 10 മണി പൊതുയോഗം.

പ്രാസംഗികൻ, — ഡാക്ടർ കഗാവാ.

പരിഭാഷകൻ

റവ: കെ. ഇ. ഉമ്മൻ ബി. എ.

പ്രസാധകൻ,

എം. എം. മാമ്മൻ.

ജപ്പാനിലെ ക്രിസ്തീയസഭയുടെ നാമത്തിൽ ഇൻഡ്യയിലുള്ള സുറിയാനിസഭയ്ക്കു എന്റെ അഭിനന്ദനം ഞാൻ അറിയിച്ചുകൊള്ളുന്നു. ആശ്ചര്യകരമായ ഈ മഹായോഗത്തിൽ വന്നുചേരുവാൻ അവസരം കിട്ടിയതിൽ എനിക്കു വളരെ സന്തോഷമുണ്ട്. ഉച്ചകഴിഞ്ഞ ഈ സമയത്തു് പൗലൂസിന്റെ ലേഖനത്തിലെ വിണ്ടെടുപ്പിൻ സ്നേഹത്തെക്കുറിച്ചു പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. എന്റെ കൈവശം ഇരിക്കുന്നതു പുതിയനിയമമാണു്. ഇതിൽ ഇരുപത്തേഴു പുസ്തകങ്ങൾ ഉണ്ടു്. ഇരുപത്തിഏഴു പുസ്തകത്തിൽ പതിമ്മൂന്നും വി: പൗലൂസ് എഴുതിയിട്ടുള്ളതാണു്. ഈ ഓരോ എഴുത്തിലും വിണ്ടെടുപ്പിൻ സ്നേഹത്തെക്കുറിച്ചുള്ള കാര്യങ്ങൾ കാണുന്നുണ്ടു്. ക്രിസ്താബ്ദം 33-ലാണു ക്രിസ്തു ക്രൂശിക്കപ്പെട്ടതു്. 51-ലാണു പൗലൂസ് ലേഖനം എഴുതിയതു്. 52-ൽ തോമ്മസ് അപ്പോസ്തോലൻ ഇൻഡ്യയിൽ വന്നൊന്നാണു് ഐതിഹ്യം. പുതി

യനിയമത്തിൽ വി: പൗലൂസ് എഴുതിയിരിക്കുന്ന ഒന്നാം ലേ
ഖനം തെസ്സലോനിക്യരുടെതാണ്. ഈ ലേഖനങ്ങൾ തെസ്സ്ലോ
നിക്ക ക്രിസ്ത്യാനികളുടെ ഇടയിലെ സഹോദരപ്രീതിയെക്ക
റിച്ചു താൻ പറയുന്നു.

യഹൂദസഭ അവനെ പീഡിപ്പിച്ചിരുന്നു അവരെ പ
ഡിപ്പിച്ചിരുന്ന അവസരത്തിൽ അവർ അന്യോന്യം സ്നേഹി
ച്ചിരുന്നു എന്നു കാണാവുന്നതാണ്. ഇതര മതങ്ങളും ക്രി
സ്തീയ മതവുമായുള്ള വ്യത്യാസം ക്രിസ്തീയസഭ അന്യോന്യം
സ്നേഹബന്ധത്തിലാണ് സ്ഥിതിചെയ്യുന്നതു എന്നുള്ളതാണ്.
ക്രിസ്ത്യാനികളിൽ പ്രത്യക്ഷപ്പെടുന്ന സ്നേഹാവസ്ഥയാണ് എ
ല്ലായിടങ്ങളിലും അവരെ വേർതിരിച്ചു കാണിക്കുന്നതു്. ജ
പ്പാനിൽ ബുദ്ധമതം, ഷിന്റോമതം മുതലായ മതങ്ങളുണ്ടു്.
ഈ മതങ്ങളൊന്നും വീണ്ടെടുപ്പിൻ സ്നേഹത്തെക്കുറിച്ചു പ്രതി
പാദിക്കുന്നില്ല. വീണ്ടെടുപ്പിൻ സ്നേഹത്തെക്കുറിച്ചു സവിസ്ത
രം പറയുന്ന ഏക മതം ക്രിസ്തുമതമാണ്. നമുക്കുള്ള വിശേ
ഷത നമ്മിൽ സ്നേഹമുണ്ടെന്നുള്ളതാണ്. ഇവിടെ കൂടിയിരി
ക്കുന്ന സകലമാനപേർക്കും ഈ സ്നേഹമുണ്ടായിരിക്കേണ്ടയാവ
ശ്യമുണ്ടു്. പൗലൂസു് എഴുതിയ രണ്ടാമത്തെ എഴുത്തു് തെസ്സ
ലോനിക്യർക്കുള്ളതാണ്. ഇതിനെ തെസ്സലോനിക്യരുടെ ര
ണ്ടാം ലേഖനം എന്നു പറയപ്പെടുന്നു. ഇതിലെ പ്രതിപാദ്യ
വിഷയം നിങ്ങൾ സ്നേഹത്തോടുകൂടി പെരുമാറാത്ത പക്ഷം
യഥാർത്ഥക്രിസ്ത്യാനികളല്ലെന്നാണ്. തെസ്സലോനിക്യക്കെഴുതി
യ ലേഖനം 3-ാം അദ്ധ്യായം 8-ാം വാക്യം മുതൽ വായിക്കുന്നു.
ഒരു പരീശനായിരുന്ന വി: പൗലൂസ് ക്രിസ്തുമാർഗ്ഗത്തെ വെറു
ത്തിരുന്നു എന്നുള്ള കഥ നിങ്ങൾ വിസ്മരിക്കയില്ലല്ലോ. ത
ന്റെ ജീവിതമാർഗ്ഗത്തിലാണ് താൻ ക്രിസ്ത്യാനിയായി രൂപാന്ത
രപ്പെടുന്നതു്. അവൻ യെരൂശലേമിൽ നിന്നുപോയി തിരി
കെ വരുമ്പോൾ അവനെ ആരെങ്കിലും വിശ്വസിക്കയൊ ശ
രിയാകരിക്കയോ ചെയ്യുന്നില്ല. അവൻ അവിടെനിന്നും നി
രാശയോടെ പിൻവാങ്ങുകയാണ് ചെയ്തതു്. കുറെ കഴിഞ്ഞു
തർശീശിലുള്ള സഭവനത്തിൽ എത്തിച്ചേരുന്നു. അവിടെ

14 വർഷം താമസിച്ചതായിട്ടാണ് തോന്നുന്നത്. കോലാട്ട രോമംകൊണ്ടു കൂടാരനിർമ്മാണം സാധിക്കുന്നതു് എങ്ങനെയെന്നു് അഭ്യസിപ്പിച്ചു. താൻ പകൽ സമയം കൂടാരം നിർമ്മിക്കയും സന്ധ്യയാകുമ്പോൾ മാർഗ്ഗസംബന്ധമായിപ്രസംഗിക്കയും ചെയ്യുന്നു. തന്റെ വേലസമയത്തു് തനിക്കൊന്നും പ്രവർത്തിപ്പാൻ മാർഗ്ഗം ഉണ്ടായിരുന്നില്ല. സുവിശേഷം പ്രസംഗിക്കണമെന്നുള്ള ഹൃദയവാഞ്ഛ അവനെ എപ്പോഴും ഉദ്യോഗിപ്പിച്ചുകൊണ്ടു് ഇരുന്നു

ക്രിസ്ത്യാനിമാർഗ്ഗം സുഗമമായി വളരുമെന്നുള്ള പ്രതീക്ഷയാൽ പലരും പ്രവർത്തിക്കാതെ ഇരിക്കുകയാണു്. അവരൊടു അപ്പസ്തോലൻ പറയുന്നതു് ഞാൻ പ്രവർത്തിക്കുന്നതുപോലെ നിങ്ങളും പ്രവർത്തിക്കണം എന്നാണു് സുറിയാനിക്രിസ്ത്യാനികളായ നിങ്ങളേവരും ശക്തിയുക്തം പ്രവർത്തിക്കേണ്ടതാണ്. ക്രിസ്തുവിനെ നാം സ്നേഹിക്കുന്നു എങ്കിൽ അവനേപ്പോലെ നാമും കഴിവതു പ്രവർത്തിക്കേണ്ടതല്ലെ?

ജപ്പാനിൽ രാപ്പകൽ പ്രവർത്തിക്കേണ്ടവരുണ്ടു്. എന്നാൽ പകൽ പ്രവർത്തിക്കയും, രാത്രിയിൽ ക്രിസ്തീയവേല ചെയ്കയും ചെയ്യുന്ന പലരും അവിടെയുണ്ടെന്നു നിശ്ചയം അറിഞ്ഞിരിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു 25 വർഷങ്ങൾക്കു മുമ്പാണു ഞാൻ ക്രിസ്തീയ വേല ആരംഭിച്ചതു്. ക്രിസ്തീയ വേല ചെയ്യുന്നതിനു എനിക്കു് ആരും പ്രതിഫലം ഒന്നും തന്നിരുന്നില്ല. ഇവിടെക്കൂടിയിരിക്കുന്ന മുപ്പതിനായിരത്തോളം വരുന്ന ജനസംഖ്യ പകലുള്ള സമയം അദ്ധ്വാനിക്കയും രാത്രികാലങ്ങളിൽ സുവിശേഷ വേലയിൽ കഴിവതു താല്പര്യമായി വർത്തിക്കയും ചെയ്യണമെന്നു് ഞാൻ അപേക്ഷിക്കയും ചെയ്യുന്നു. ഇൻഡ്യയിലുള്ള അനേകായിരങ്ങൾ ക്രിസ്ത്യാനികളാകേണ്ടയാവശ്യമുണ്ടു്. നിങ്ങളിൽ ചിലർ ദരിദ്രരായിരിക്കാം. ധനത്തിനായി നിങ്ങൾ കഠിനാദ്ധ്വാനം ചെയ്യുമ്പോൾ ദൈവവേലയ്ക്കായി കൊടുപ്പാൻ മനസ്സുള്ളവരായിരിക്കുക

പഴയ കാലങ്ങളിൽ ദൈവത്തിനായി ദശാംശം കൊടുക്കുന്ന ഏർപ്പാടു് ഉണ്ടായിരുന്നു ഇപ്പോൾ നമ്മുടെ വരവി

ന്റെ 90 % കൊടുക്കേണ്ടതാണെന്നു ഞാൻ പറയും. ഞാൻ ഇന്നലെ ചർച്ചയ്ക്കു പോയിരുന്നു. അവിടുത്തെ രണ്ടു ലക്ഷത്തോളം ആളുകൾ കൊതുകുകടിയാൽ കഷ്ടപ്പെടുന്നു. അവർക്കു മന്തുണ്ട്. അവിടെ ഒരാളിന്റെ വകയ്ക്ക് ഒരു രൂപാ ചിലവാക്കാമെങ്കിൽ കൊതുകുകടിയിൽനിന്നു രക്ഷപെടുവാൻ വലവാങ്ങി ഉപയോഗിക്കാവുന്നതാണ്. ആ വിധം അവരെ സഹായിക്കാമെങ്കിൽ അവരെ കൊതുകിന്റെ ഉപദ്രവത്തിൽ നിന്നും രക്ഷിക്കാവുന്നതാണ്. നിങ്ങൾ അവരെ പണംകൊണ്ടു സഹായിക്കുമെങ്കിൽ നിങ്ങളോടു അവർക്കു നന്ദിതോന്നുന്നതാണ്. ഗലാത്യന്മാരുടെ ലേഖനമാണ്. പൗലൂസിന്റെ മൂന്നാം ലേഖനം ഗലാത്യർ സ്വാർത്ഥതല്പരരായിരുന്നു. വീണ്ടെടുപ്പിൽ സ്നേഹം നമ്മുടെ പ്രമാണത്തിൽ സ്വീകരിക്കുന്നില്ലെങ്കിൽ ശരിയായ സ്വാതന്ത്ര്യം ലോകത്തിൽ സാദ്ധ്യമല്ലെന്നു അപ്പോസ്തോലൻ പറയുന്നു. വ്യക്തിപരമായ സ്വാതന്ത്ര്യത്തെയാണ് ഇവിടെ സ്വാതന്ത്ര്യം എന്ന വാക്കുകൊണ്ടു വിവക്ഷിക്കുന്നത്. ഈ മേശപ്പുറത്തിരിക്കുന്ന പുസ്തകം എടുക്കാൻ എനിക്കു സാധിക്കും. എന്നാൽ ഒരു പള്ളിക്കൂടക്കെട്ടിടം കെട്ടിമേയുവാൻ എന്നെക്കൊണ്ടുമാത്രം സാധ്യമല്ല.

സ്വതന്ത്ര്യത്തിന്റെ അഭിപ്രായപ്രമാണമായിസ്ഥിതി ചെയ്യുന്നതു പുറമിലുമുള്ള സഹോദരങ്ങളോടു പ്രദർശിപ്പിക്കുന്ന സ്നേഹമത്രെ. നമ്മുടെ കൈപ്പത്തിയിലുള്ള വിരലുകൾ അഞ്ചും അന്യോന്യബന്ധമുള്ളതാണ്. തള്ളവിരിൽ പിതാവും അതിനടുത്ത വിരൽ മാതാവും ബാക്കിയുള്ളതു മക്കളുമാണ്. ഇവർ അന്യോന്യം സ്നേഹമായി വർത്തിക്കുന്നതുകൊണ്ടു നമുക്കു ആവശ്യമുള്ള കാര്യങ്ങൾ എടുക്കുന്നതിനു സാധ്യമായിതീരുന്നു. ഈ തത്വം എല്ലാവരും മനസ്സിലാക്കണം. ഇതുപോലെ കുടുംബാംഗങ്ങളും അന്യോന്യം സ്നേഹമായി വർത്തിക്കണം. അതുകൊണ്ടു മാത്രമെ സ്വാതന്ത്ര്യം സാധ്യമാകയുള്ളു. നമ്മുടെ വിരലിൽ ഒന്നിനു പഴുപ്പു പിടിച്ചാൽ നാം ഡാക്ടരെ സമീപിക്കുന്നു. ഈ വിരലിനു കേടു ഭവിച്ചതിൽ സഹതാപത്തോടു മറ്റുള്ള വിരലുകൾ യാതൊന്നും പ്രവർത്തിക്കാതെ ഉ

ചിതരായിരിക്കുന്നു. മനുഷ്യവർഗ്ഗത്തിലെ വിരലുകളായ നാം ഓരോരുത്തരെയും രക്ഷിപ്പാൻ ക്രിസ്തു ഭൂമിയിൽ വന്ന് രക്തം ചൊരിഞ്ഞവനാകുന്നു. കർത്താവിനോടു നാം യോജിച്ചു പ്രവർത്തിക്കണം. റഷ്യയിലെ ഭരണം വസ്തുക്കളെല്ലാം ഗവർമ്മെൻറിനിരിക്കണമെന്നുള്ളതാണ്. അവിടെ സ്വന്തസമ്പാദ്യം പാടില്ലെന്നു പറയുന്നു. ഇതിനു കമ്മൂണിസ്സം എന്നു പറയും. ഈ കമ്മൂണിസ്സം തനിയെ ഒരുവനിൽ ഉണ്ടാകേണ്ടതാണ്. പൗലൂസിൻെറ അഞ്ചാം ലേഖനം കൊരിന്ത്യർക്കുള്ളതാണ്. ഈ ലേഖനത്തിൻെറ 13-ാം അധ്യായം ശ്രേഷ്ഠമായ ഒന്നാണ്.

അതു നിങ്ങൾക്ക് കാണാതെ അറിയാമെന്നു ഞാൻ വിചാരിക്കുന്നു. അതുപോലെ ആശ്ചര്യകരമായ ഒന്നാണ്. പന്ത്രണ്ടാം അദ്ധ്യായം അവിടെ അപ്പോസ്തലൻ സ്നേഹത്തിൻെറ ആവശ്യത്തെ വിവരിക്കുന്നതായിട്ട് കാണുന്നുണ്ട്. ഞെരുക്കത്തെക്കുറിച്ചും അപ്പോസ്തോലൻ അവിടെ പറയുന്നുണ്ട്. ശരീരത്തിൻെറ പ്രധാന അവയവം വേർപെട്ട് അവ തമ്മിൽ തമ്മിൽ യോജിക്കാതെയിരുന്നാൽ അത് വളരെ കഴപ്പം ഉണ്ടാക്കും. ചെവി കണ്ണിനോടും കണ്ണ് ചെവിയോടും ബന്ധം ഇല്ലെന്നു പറഞ്ഞാൽ ശരീരം കഴപ്പത്തിലായിപോകുമെന്ന് അപ്പോസ്തോലൻ പറയുന്നു. അവയവങ്ങൾ പരസ്പരം ഉത്സരിച്ചു പറഞ്ഞാൽ വിഷമം ആയിരിക്കുമെന്ന് അപ്പോസ്തോലൻ പറയുന്നു.

നിങ്ങളിൽ ചിലക്ക് ശാസ്ത്രീയമായ കണ്ടുപിടുത്തങ്ങൾ കണ്ടുപിടിക്കാൻ സാമർത്ഥ്യം ഉണ്ടെന്നാണ് എൻെറ വിചാരം വേറെ ചിലക്ക് ചിലതെല്ലാം പ്രവർത്തിക്കുന്നതിന് സാമർത്ഥ്യമുണ്ടായിരിക്കാം. എല്ലാവരും ഒരുമിച്ചു പ്രവർത്തിക്കേണ്ടതാണ്. പതിമൂന്നാം അദ്ധ്യായത്തിൽ സ്നേഹത്തെപ്പറ്റിസവിസ്തരം പ്രതിപാദിക്കുന്നുണ്ട്. ഇതും അത്ഭുതകരമായ ഒന്നാണ്. യവനരാജ്യത്തു നാം നോക്കിയാൽ വിദ്വാന്മാർ ധാരാളം ഉള്ളതായി കാണാം. സോക്രട്ടീസും അരിസ്റ്റോട്ടലും അവിടത്തുകാരാണ് എങ്കിലും അവർക്ക് വീണ്ടെടുപ്പിൻ സ്നേഹത്തെക്കുറിച്ചു വർണ്ണിക്കുവാൻ സാധിക്കുന്നില്ല. നാം ക്രിസ്തുവിൻെറ വീണ്ടെടുപ്പിൻ സ്നേ

ഹമെന്താണെന്ന ശരിയായി ഗ്രഹിച്ചിരിക്കണം. അത് സുകൃത ളുടെ മാറ്റു് വർദ്ധിപ്പിച്ചിരിക്കുന്നു.

വി: മത്തായി 5-ാം അദ്ധ്യായത്തിൽ നമ്മുടെ കർത്താവു ചെയ്തിരിക്കുന്ന മലപ്രസംഗത്തിലേക്കു നോക്കുക. നാം ശത്രുക്ക ളുടെ നേരെ ദയയായി പ്രവർത്തിക്കണമെന്നു് അവിടെ പറയു ന്നു രാജ്യത്തിന്റെ ശത്രുക്കളെ ജയിച്ചടക്കണമെന്നു് സോക്രട്ടീ സു പറയുമ്പോൾ ഒരു ചീനയെഴുത്തുകാരനായ കൻഫ്യൂഷ്യസ് എന്ന മഹാനാകട്ടെ രാജ്യങ്ങൾക്കു കൊടുക്കുന്ന ഉപദേശം രാജ്യ ങ്ങൾ ശത്രുക്കളെ ജയിക്കണമെന്നാണു്. മഹമ്മദ് എന്ന ഒരു പ്രവാചകൻ കൊടുക്കുന്ന ഉപദേശവും ശത്രുക്കളെ ജയിക്കണ മെന്നത്രേ. എന്നാൽ ശത്രുക്കളെപ്പോലും സ്നേഹിക്കണമെന്നു നമ്മളെ പഠിപ്പിക്കുന്ന മനുഷ്യൻ ഭൂലോകത്തിന്റെ രക്ഷക്കുവേ ണ്ടി വന്ന യേശുക്രിസ്തു ആകുന്നു. സകല മനുഷ്യരേയും ദൈവ മാണു് സൃഷ്ടിച്ചിരിക്കുന്നതു്. അങ്ങനെയെങ്കിൽ ക്രിസ്തുവിൽ ക്കൂടെ നാം അവരെ രക്ഷിക്കേണ്ടതാണു്. സോക്രട്ടീസും കൻഫ്യൂഷ്യസ് മഹമ്മദും ക്രിസ്തുവിന്റെ വീണ്ടെടുപ്പിന്റെ അതിശയകരമായ സ്നേഹം അറിഞ്ഞിരുന്നില്ല. പൌലൂസ് പറയുന്നതു് ക്രിസ്തുവിൽ അതിശയകരമായി വ്യാപരിച്ചിരുന്ന സ്നേഹം അറിഞ്ഞുകൊണ്ടാണു് എന്നു് പ്രത്യേകം ഓർത്തിരിക്ക ണം. അതിന്റെ ഫലമായിട്ടു് 1 കോരന്തി 13 ാംഅദ്ധ്യായം എഴുതിയിരിക്കുന്നു. ഈ ആണ്ടിൻ പഞ്ചാബിൽ ഒരു വലിയ ക്ഷാമം ഉണ്ടായി അതുപോലെ പൌലൂസിന്റെ കാലത്തും ഒരു വലിയ ക്ഷാമം ഉണ്ടായി. ക്ഷാമനിവാരണത്തിനുള്ള കമ്മ റിയിൽ പൌലൂസും ഏർപ്പെട്ടു പ്രവർത്തിച്ചു. അതിനെപ്പറ്റി അപ്പോസ്തോലൻ 13-ാം അദ്ധ്യായം 28-ാം വാക്യത്തിൽ എഴു തിയിരിക്കുന്നു. അവൻ ക്ഷാമ നിവാരണത്തിനായി 12 വർഷം ആണു് പ്രവർത്തിതുടർന്നുകൊണ്ടിരുന്നതു്.

യവന ജാതിക്കാരായ മാസിഡോണിയാക്കാരുടെ ധനം പിരിച്ചു സുറിയാനിക്കാരായ ഞെരുക്കമുള്ളവർക്കു അവൻ വി തരണം ചെയ്തിരുന്നു. യവനന്മാർ പ്രത്യേകിച്ചു് കോറിന്ത്യർ പൌലൂസിന്റെഈ പ്രവർത്തിയെപ്പറ്റി ദുർവ്യാഖ്യാനംചെയ്തതു കൊണ്ടാണു് കോറിന്ത്യർക്കു് രണ്ടാമതും എഴുതുവാൻ ഇടയായ

ത്. പൌലൂസ് ശരീരംകൊണ്ടു വേല ചെയ്കയും സുവിശേഷം പ്രസംഗിക്കയും ചെയ്തിരുന്ന സമയത്തു തന്നെ ക്ഷാമനിവാരണത്തിനായി പ്രവർത്തിക്കയും ചെയ്തിരുന്നു എന്നുള്ളതു പ്രത്യേകം സ്മരണീയമാണു്.

2 കോറന്തി 8-ം 9-ം അദ്ധ്യായങ്ങളിൽ നിങ്ങളുടെ സ്നേഹം മറ്റുള്ളവർ കണ്ടിരിക്കുന്നു എന്നു പറഞ്ഞിരിക്കുന്നു. തന്നെ മറ്റുള്ളവർ കഠിനമായി കുറ്റം പറഞ്ഞതിന്റെ ഫലമായി വീണ്ടെടുപ്പിൻ സ്നേഹത്തെക്കുറിച്ചു പറയുന്നു. ഇതു കൊണ്ടാണു് റോമാക്കാർക്കുള്ള ലേഖനം ഉണ്ടായതു്.

റോമർ 8-ാം അദ്ധ്യായം വിശേഷമായ ഒരു അദ്ധ്യായമാണു് അതു് ക്രിസ്തുവിന്റെ വീണ്ടെടുപ്പിനെക്കുറിച്ചുള്ള സ്തോത്രംകൊണ്ടു് നിറഞ്ഞിരിക്കുന്നു. സമയമില്ലാത്തതുകൊണ്ടു് ആ ഭാഗം വിവരിക്കുന്നില്ല. താൻ യരൂശലേമിലേക്കു് പോകയും അവിടെ തന്നെ പിടിക്കുടുകയും ചെയ്യുന്നു. അവിടെയുള്ള യഹൂദന്മാർ താൻ ഒരുപദേശകനാണെന്നു് പറഞ്ഞു് തന്നെ തടവിൽ ഇടാൻ റോമയിലേക്കു കൊണ്ടുപോകുന്നു. അവിടെ കിടന്നുകൊണ്ടു നാലു ലേഖനങ്ങൾ എഴുതുന്നു. "അവ ഫിലേമോന്നും കൊലോസ്യക്കും എഫേസ്യക്കും, ഉള്ള ലേഖനങ്ങളാണു് താൻ തടവിൽ കിടക്കുന്നസമയം യജമാനനെ വിട്ടു ഓടിപോയ ഒരു അടിമയുണ്ടായിരുന്നു. ആ അടിമയുടെ യജമാനന്റെ പേരു് ഫിലെമോൻ എന്നായിരുന്നു. പൌലൂസ് യേശുക്രിസ്തുവിന്റെ സ്നേഹം എന്താണെന്നറിഞ്ഞിരുന്നു. അതുകൊണ്ടു താൻ അനുഭവിക്കുന്ന സ്നേഹത്തെ ഈ വിധത്തിൽ മറ്റുള്ളവക്കുവേണ്ടി പകരുകയാണു് ചെയ്യുന്നതു് ഫിലെമോൻ കൊലേസ്സിൽ താമസിച്ചിരുന്നതു കൊണ്ടു അവരുടെ പേക്കു് എഴുതുന്ന നമ്മുടെ ജീവിതത്തിന്റെ പൂർത്തീകരണത്തിനുള്ള വഴിയിൽ ക്രിസ്തുവിന്റെ വീണ്ടെടുപ്പിന്റെ സ്നേഹം തിരിച്ചറിഞ്ഞതുകൊണ്ടത്രെ താൻ കൊലോസ്യക്കു എഴുതിയിരുന്നതു് നിങ്ങൾ പരിപൂർണ്ണമായി ശുദ്ധീകരിക്കപ്പെടണം എന്നാണു് എഴുതിയിരിക്കുന്നതു്. ഞാൻ ഒരു മനുഷ്യൻ കുരങ്ങായി മാറുകയാണു്. ഏതു ചിന്തകൊണ്ടാണു് നിങ്ങൾ ഇതു പറയുന്നതെന്നു് ഓർമ്മിക്കുമായിരിക്കും. നമ്മെ വീണ്ടെടുക്കാൻ ക്രിസ്തു സ

ന്തം രക്തം ചിന്തിയത് എന്തിനാണ് നീ നിന്നെത്തന്നെ പരിശോധിച്ചു നോക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

കുറെ വർഷങ്ങൾക്കു മുമ്പിലത്തെ ജീവിതവും ഈ വർഷത്തെ ജീവിതവും തമ്മിൽ നീ താരതമ്യംചെയ്യുക. ക്രിസ്തുവിങ്കലേക്കു അടുത്തുവരുന്നില്ലെങ്കിൽ നീ നിന്റെ പാപത്തിൽ തന്നെ സ്ഥിതിചെയ്യുകയാണ്. നിന്റെ പാപം നീ ഏറ്റു പറഞ്ഞു ഉപേക്ഷിക്കണം. ഭർത്താവും ഭാര്യയും തമ്മിൽ യോജിപ്പില്ലായ്മ ഉണ്ടെങ്കിൽ നിങ്ങൾ തമ്മിൽ യോജിക്കണം. ക്രിസ്തുവിന്റെ വീണ്ടെടുപ്പിൻ സ്നേഹത്തിനു നിങ്ങളെ വീണ്ടെടുപ്പാൻ കഴിയുമെന്നു വിശ്വസിക്കുക. ദൈവത്തിന്റെ വീണ്ടെടുപ്പിൻ സ്നേഹം പരിപൂർണ്ണതയുണ്ടാക്കുന്ന ഒന്നാകുന്നു. ക്രിസ്ത്യാനികളായ നമുക്കു വീണ്ടെടുപ്പിൻസ്നേഹം ഉണ്ടായിരിക്കണം. സുറിയാനി ക്രിസ്ത്യാനികളാകുന്ന നിങ്ങൾക്കു സഹകരണമാകുന്ന സ്നേഹമില്ലെങ്കിൽ മറുള്ളവർ നിങ്ങളെ നോക്കി ചിരിക്കും. പൗലൂസ് തടവിൽ കിടക്കുമ്പോൾ എഴുതുന്നതു എഫേസ്യക്കാണ്. ഈ ലേഖനത്തിൽ അപ്പോസ്തോലൻ പറയുന്നതു ക്രിസ്തുവിന്റെ വീണ്ടെടുപ്പിൻസ്നേഹത്തിനു സമൂഹത്തെ തമ്മിൽ തമ്മിൽ യോജിപ്പിക്കാൻ ശക്തിയുണ്ടെന്നാണ്.

സമൂഹമദ്ധ്യത്തിൽ രണ്ടുവിധത്തിലുള്ള ചിന്തകൾ ഉണ്ട്. ചിലർ അങ്ങോട്ടുമിങ്ങോട്ടും പാഞ്ഞുപോകുന്നു. വേറെചിലർ പഴയതിനെ ഒട്ടിപ്പിടിക്കുന്ന യാഥാസ്ഥികന്മാരാണ്. ഇങ്ങനെ ഉല്പതിഷ്ണുക്കളും യഥാസ്ഥിതികന്മാരും തമ്മിൽ എപ്പോഴും മല്ലയുദ്ധമാണ്. സമൂഹത്തിൽ യോജിപ്പുണ്ടാകുന്നതിനായിട്ടു ക്രിസ്തുവിന്റെ വീണ്ടെടുപ്പിൻ സ്നേഹം നമുക്കുണ്ടാകണം. ഉല്പതിഷ്ണുക്കളും യാഥാസ്ഥികന്മാരും പരസ്പരം സ്നേഹിക്കണം. സമൂഹത്തെ കൂട്ടിബന്ധിക്കുന്ന ശക്തി സ്നേഹമാണ്. സ്നേഹത്തിനു നമ്മെ ഒരു ശരീരമാക്കാൻകഴിയും. ദൈവസ്നേഹം അഖിലാണ്ഡം നിറഞ്ഞിരിക്കുന്നു. സ്ഥാപിതാവായ ദൈവം നമ്മുടെ രക്ഷയ്ക്കായി തന്റെ പുത്രനായ യേശുക്രിസ്തുവിനെ ലോകത്തിലേക്കു അയച്ചതുകൊണ്ടു രക്ഷാമാർഗ്ഗം ലോകത്തിൽ ഉളവായി. അതുവീണ്ടെടുപ്പിൻ സ്നേഹമത്രേ.

വീണ്ടെടുത്ത ദൈവസ്നേഹത്തെക്കുറിച്ചു നമുക്കു യോജിക്കാൻ കഴിയുന്നതുകൊണ്ടാണു ഒരു ദൈവം, ഒരു വിശ്വാസം ഒരു സഭ എന്നപ്രമാണം സ്ഥാപിക്കപ്പെട്ടന്നത്. വീണ്ടെടുപ്പിൻസ്നേഹം നമ്മുടെ സ്നേഹത്തേക്കാൾ ഉന്നതമാണു്. അതു നമ്മുടെ ഉള്ളിൽ സ്ഥിതിചെയ്തു നമ്മിൽ കൂടെ പ്രവത്തിക്കുന്നു. ഇങ്ങനെ ത്രിത്വത്തിന്റെ യേശു നമുക്കു ലഭിക്കുന്നു സ്വർഗ്ഗസ്ഥനായ പിതാവുണ്ടു് പരിശുദ്ധാത്മാവു നമ്മോടു കൂടെ ഇരിക്കേണ്ടതാണു്. യേശുക്രിസ്തുവുമുണ്ടു്. അതുകൊണ്ടു് നമുക്കു ദൈവത്തെക്കുറിച്ചു ത്രിത്വവിശ്വാസമാണുള്ളതു്. വീണ്ടെടുപ്പിൻ സ്നേഹം എന്താണെന്നു നാം ഗ്രഹിക്കുന്നില്ലെങ്കിൽ ത്രിത്വത്തിൽ യേശുക്രിസ്തു എന്താണെന്നു മനസ്സിലാക്കുവാൻ കഴിയുന്നതല്ല മൂന്നു ദൈവമില്ലല്ലൊ. ഇതു ആശ്ചര്യകരമായ ഒരു സ്നേഹമാകുന്നു. ത്രിത്വത്തെക്കുറിച്ചു നാം ചിന്തിക്കുമ്പോൾ പിതാവും പുത്രനും പരിശുദ്ധാത്മാവും എന്നു മൂന്നു ദൈവമുണ്ടെന്നു തോന്നാം. എന്നാൽ സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും വീണ്ടെടുപ്പുകാരനായി ഏക ദൈവമേയുള്ളു നാലാമതു് അപ്പോസ്തോലൻ ലേഖനം ഫിലിഫ്യക്കാണു് എഴുതുന്നു. ഈ എഴുത്തു വളരെ അതിശയകരമായതാണു്. പൌലൂസു തടവിൽ കിടക്കുമ്പോൾ ചില ആളുകൾ പ്രസ്താവിച്ചു സ്വീകരിച്ച അപ്പോസ്തോലനു ചിലസമ്മാനങ്ങൾ കൊടുക്കുന്നതിനെ വാങ്ങിയശേഷം അവർക്കു നന്ദിപറയുന്ന ഒരു എഴുത്താണു. എന്നാൽ തടവിൽ കിടക്കുമ്പോൾ ദൈവസ്നേഹംകൊണ്ടു താൻ സംപൂർണ്ണനായിതീരുന്നു. തടവുകാർക്കു അപ്പം അപ്പവും ഉപ്പും വെള്ളവുമേ ലഭിച്ചിരുന്നുള്ളു. ക്രിസ്തുവിന്റെ വീണ്ടെടുപ്പിൻ സ്നേഹത്താൽ അപ്പോസ്തോലൻ തൃപ്തനായിരിക്കുന്നു. തടവിൽ ഞെരുക്കങ്ങൾ അനുഭവിക്കുന്നെങ്കിലും സന്തുഷ്ടനായിരിക്കുന്നതായി കാണാവുന്നതാണു് ദൈവത്തിന്റെ സ്നേഹം നമ്മിലുണ്ടാകുമ്പോൾ അതു നമുക്കു ഏറ്റവും വിലയുള്ളതായി ഭവിക്കുന്നു. അതുകൊണ്ടു അവനു ഹൃദയത്തിൽ സന്തോഷമുണ്ടാകുന്നു.

ക്രിസ്തുവിന്റെ സുവിശേഷം നമ്മെ സന്തോഷംകൊണ്ടു നിറക്കുന്നുണ്ടോ? നിനക്കു ഇന്നു സന്തോഷമുണ്ടോ? സന്തോഷമില്ലെങ്കിൽ നീ ഒരു സത്യക്രിസ്ത്യാനിയല്ല. അവന്റെ വി

ണ്ടെടുപ്പിൻസ്നേഹത്തിൽ നിനക്കു വിശ്വാസം ഉണ്ടെങ്കിൽ നിനക്കു സന്തോഷമുണ്ടാകും സകല ബന്ധനങ്ങളിൽ നിന്നും സ്വതന്ത്രനായിഭവിക്കും. തടവിൽ നിന്നു വിട്ടതിന്റെ ശേഷമാണു തന്റെ പതിനൊന്നാമത്തെ ലേഖനമായ തീത്തൂസിനുള്ള ലേഖനം എഴുതുമ്പോൾ പറയുന്നത്: ക്രേത്തയിലുള്ള ക്രിസ്ത്യാനികൾ പ്രവർത്തിപ്രിയത്തിൽ സംഗതികൾ വരുത്തണമെന്നാണ് അവർ മടിയന്മാരായിരുന്നതിനേക്കുറിച്ചാണു പൌലൂസു തീത്തൂസിനു എഴുതുന്നത്

തീത്തൂസിന്റെ അപ്പൻ പുറജാതിവർഗ്ഗത്തിൽപെട്ടവനാണ്. അമ്മ യഹൂദസ്ത്രീയുമായിരുന്നു. തീമോത്യോസ് ഒരു വലിയ പട്ടണപ്പള്ളിയുടെ പ്രമുഖനായിരുന്നതുകൊണ്ടു അവനു ക്രിസ്തുവിന്റെ വീണ്ടെടുപ്പിൻ സ്നേഹത്തെക്കുറിച്ചെഴുതുന്നതു ചിലപ്പോൾ നമ്മുടെ സ്നേഹം സ്ഥിരമായിരിക്കയില്ല. നാം അന്ത്യമായി നമ്മുടെ സ്നേഹിതരെ സ്നേഹിക്കുന്നു. താൻ രണ്ടാമതു തടവിൽ കിടക്കുമ്പോഴാണ് അവസാനത്തെ ലേഖനമായ 2 തിമോ: എഴുതിയതു് താൻ ക്രിസ്തുവിനുവേണ്ടി ഒരു രക്തസാക്ഷിയാകാൻ തുടങ്ങിയെന്നു അതിൽ എഴുതിയിരിക്കുന്നു. ക്രിസ്തുവിനുവേണ്ടി മരണമനുഭവിക്കാൻ സന്നദ്ധനായിരിക്കുന്നു. ക്രിസ്തുവിൽ വെളിപ്പെട്ട ദൈവത്തിന്റെ വീണ്ടെടുപ്പിൻ സ്നേഹത്തിൽ പൌലൂസ് ആദ്യമായിട്ടു വിശ്വസിക്കയും അതു പ്രവർത്തിയിൽ വരുത്തുകയും ചെയ്യുന്നു. ഈ 13 ലേഖനങ്ങളിൽ മൂന്നിലും വിശ്വാസത്തെപ്പറ്റി ഒന്നും താൻ പറയുന്നില്ല. വിശ്വാസം, പ്രത്യാശ, സ്നേഹം ഇവ മൂന്നും നില്ക്കുന്നു. ഇവയിൽ വലിയതു സ്നേഹമാണു്. അതുകൊണ്ടു നിങ്ങളുടെ സഹോദരന്മാരെ സ്നേഹിക്കുന്നില്ലെങ്കിൽ ക്രിസ്ത്യാനി എന്ന പേരിനു യോഗ്യനല്ല. ആ പേരിനു നാം അർഹരല്ല നിങ്ങൾ എന്നോടു ചോദിച്ചേക്കാം കഴുവാ ജപ്പാൻ ഒരു ക്രിസ്തീയരാജ്യമാകുമോ? നിശ്ചയമായും തീരും എന്നാണു മറുപടി എന്തുകൊണ്ടെന്നാൽ ക്രിസ്തുവിന്റെ സ്നേഹം നാം അറിയുന്നില്ലെങ്കിൽ ജപ്പാനു ഒരു രാജ്യമായിരിപ്പാൻ സാധിക്കയില്ല നിങ്ങൾ ആവർത്തിച്ചാവർത്തിച്ചു് സ്നേഹം പഠിക്കണം ദിവസംതോറും പ്രവർത്തിയിൽ വരുത്തുകയും ചെയ്യുക.

സി. പി. എം. എം പ്രസ്സ്, കോഴഞ്ചേരി.

നമ്പർ 8

മാരാമൺ കൺവൻഷൻ പ്രസംഗങ്ങൾ.



വ്യാഴാഴ്ച രാത്രിയോഗം 11—7—1114.

പ്രാസംഗികൻ, ഡാക്ടർ കഗാവാ.

പരിഭാഷകൻ, റവ: കെ. ഇ. ഉമ്മൻ ബി. എ.

പ്രസാധകൻ.

എ. എം. മാമ്മൻ.

ഇന്നരാത്രി യേശുക്രിസ്തുവിന്റെ സുവിശേഷം ജപ്പാൻ സാമ്രാജ്യത്തെ ഏതു വിധത്തിലാണു് മാറിക്കൊണ്ടിരിക്കുന്നതെന്നു നിങ്ങളോടുപറയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഫ്രാൻസിസ്സ് സേവ്യർ (ശൗരിയാർ പുണ്യവാളൻ) ഈ മലയാളത്തിൽ വേലചെയ്തു ജീവിച്ചിരുന്ന ആളാണല്ലോ. അദ്ദേഹം ഒരുവർഷം ആറുമാസം ജപ്പാനിൽ താമസിച്ചു. അദ്ദേഹത്തിന്റെ കാലത്തു ഫ്രാൻസിസ്കൻ മിഷ്യനറിമാരും പിന്നീടു് ജസ്വീറു് മിഷ്യനറിമാരും ജപ്പാനിൽ വന്നിട്ടുണ്ടു്. ഇതിന്റെ ഫലമായി 4 നൂറാണ്ടുകൾക്കു മുമ്പു് ജപ്പാനിൽ ക്രിസ്ത്യാനികൾ ഉണ്ടായിരുന്നു. ജസ്വീറുകാരും ജപ്പാൻ ഗവമ്മെണ്ടും തമ്മിൽ വിരോധമുണ്ടായി. ഈ വിരോധത്തിന്റെ ഫലമായി ജസ്വീറുകാരെ ഓടിച്ചുകളകയുംചെയ്തു. അതിന്റെ ശേഷം ക്രിസ്തുവിൽ വിശ്വസിക്കുന്നവരായി ഒരുത്തരും ജപ്പാനിൽ ഉണ്ടായിരുന്നുകൂടാ എന്നു നിർബന്ധംവച്ചു. എഴുപതു വർഷങ്ങൾക്കു മുൻപു് ഒരു അമേരിക്കൻ മിഷ്യനറി ജപ്പാനിൽ വന്നു അതിന്റെശേഷം വിശ്വാസിയെസംബന്ധിച്ചു ഞങ്ങൾക്കു ചില മാറ്റങ്ങൾ ഉണ്ടായി. കുടുംബജീവിതത്തിൽ സ്നേഹം ഉണ്ടാകേണ്ടതിന്റെ ആവശ്യം ഞങ്ങൾക്കു ബോധപ്പെട്ടു ക്രി

ലിഭവലക്കാരെ ബഹുമാനിക്കണം എന്നുള്ള ചിന്ത ഞങ്ങൾക്കുണ്ടായി. ആകാശത്തിന്റെയും ഭൂമിയുടെയും സൃഷ്ടാവായ ദൈവത്തെ ഞങ്ങൾ ആദ്യമായിട്ടു കണ്ടറിഞ്ഞു. കഴിഞ്ഞ എഴുപതുവർഷങ്ങൾക്കു മുമ്പു ഒരു ജപ്പാൻകാരന് എത്ര ഭാര്യമാരെ വേണമെങ്കിലും സ്വീകരിക്കാമായിരുന്നു. ജപ്പാനിലെ മന്ത്രിസഭയിലെ ഒരംഗമായിരുന്ന എന്റെ പിതാവിനു രണ്ടു ഭാര്യമാരുണ്ടായിരുന്നു. ആദ്യഭാര്യക്കു മക്കളില്ലായിരുന്നു. രണ്ടാമത്തെ ഭാര്യയിൽ നിന്നു ഞങ്ങൾ സന്താനങ്ങൾ ഉണ്ടായിരുന്നു. എന്റെ പിതാവിന്റെ സ്നേഹം അനുഭവിക്കുവാൻ ആദ്യഭാര്യ എന്നെ ദത്തെടുത്തു. വലിയൊരു ഭവനത്തിലാണു ഞാൻ താമസിച്ചിരുന്നതു്. എങ്കിലും സ്നേഹമില്ലായിരുന്നതുകൊണ്ടു ജീവിതം ഭയങ്കരമായിതീർന്നു. അതുകൊണ്ടു ഒരു നല്ലപൈതലായി ജീവിക്കണമെന്നു എനിക്കു ചിന്തയുണ്ടായി. അമേരിക്കൻ മിഷ്യനറി ഒരു ഇംഗ്ലീഷുവേദപുസ്തകം എന്നെ പഠിപ്പിച്ചു.

ഞാൻ എന്റെ ചാർച്ചക്കാരെ നോക്കുമ്പോൾ അവർ എല്ലാം ധനപുഷ്ടിയുള്ളവരായിരുന്നു. അവർക്കു സന്മാർഗ്ഗനിഷ്ഠ കുറഞ്ഞിരുന്നു. 12-ാം വയസ്സിൽ ഞാൻ ഗവർമ്മെൻറ്സ്കൂളിൽ പ്രവേശിച്ചു. ആ സ്കൂളിൽ 1,50 കുട്ടികൾ ഉണ്ടായിരുന്നു. അവർക്കു ധാർമ്മികജീവിതം കുറഞ്ഞിരുന്നു. അതുകൊണ്ടു ഞാൻ ദൈവത്തിൽ വിശ്വസിക്കാൻ തുടങ്ങി. ക്രിസ്തുവിന്റെ നാമത്തിൽ പ്രാർത്ഥിക്കാൻ തുടങ്ങി. എന്റെ പിതാവും മാതാവും മരിച്ചുപോയി. എന്റെ അമ്മാവൻ ഗവർമ്മെൻറു തീവണ്ടിപ്പാതയിലെ ഒരുദ്യോഗസ്ഥനായിരുന്നു. അദ്ദേഹം ബുദ്ധമതവിശ്വാസി ആയിരുന്നതുകൊണ്ടു ക്രിസ്തുമാർഗ്ഗത്തോടു വിരോധമായിരുന്നു. ഞാൻ അദ്ദേഹത്തോടുകൂടെയാണു് താമസിച്ചിരുന്നതു്. അതുകൊണ്ടു ഞാൻ പ്രാർത്ഥിക്കാൻ പോകുന്നതു് പരസ്യമാകാൻ പാടില്ലായിരുന്നു കാരണം ആ വീട്ടിലുള്ളവർക്കു ക്രിസ്തുമാർഗ്ഗത്തോടു വിരോധമായിരുന്നു. അതുകൊണ്ടു ഞാൻ എന്റെ കിടപ്പുമുറിയിൽ പ്രവേശിച്ചു് പുതപ്പുകൊണ്ടു മൂടിപ്പിടിച്ചു് ദൈവമേ എന്നെ ഒരു നല്ലപൈതലാക്കണമേ എന്നപ്രാർത്ഥിക്കുകപതിവായിരുന്നു. ഏഴുമാസം കഴിഞ്ഞു എനിക്കു ഒരു പുസ്തകം തന്ന അമേരിക്കൻ മി

ഷ്യനറിയുടെ അടുക്കൽ ഞാൻ പോയി ആ മിഷ്യനറി എ
ന്നോടു പല ചോദ്യങ്ങൾ ചോദിച്ചു. "മി: കഗാവാ നിങ്ങൾ
ദൈവത്തിൽ വിശ്വസിക്കുന്നുവാ?" അതേ, ഞാൻ ദൈവ
ത്തിൽ വിശ്വസിക്കുന്നു. "നിങ്ങൾ ക്രിസ്തുവിൽ വിശ്വസിക്കു
ന്നോ?" ഞാൻ വിശ്വസിക്കുന്നു. "പ്രാർത്ഥിക്കുന്നുണ്ടോ" എ
ന്നു ചോദിച്ചു. പ്രാർത്ഥിക്കുന്നുണ്ടെന്നു ഞാൻ പറഞ്ഞു 'എ
ങ്ങിനെയാണു നിങ്ങൾ പ്രാർത്ഥിക്കുന്നതു്. കിടക്കുമുറിയിൽ ക
ടന്നു വാതിലടച്ചാണെന്നു പറയേണ്ടിവന്നു. എന്നാൽ
ആ മറുപടി പറവാൻ ഞാൻ വളരെ മടിച്ചു "നീ ദൈവ
ത്തിൽ വിശ്വസിക്കുന്നു. യേശുക്രിസ്തുവിൽ വിശ്വസിക്കുന്നു
പ്രാർത്ഥിക്കയുംചെയ്യുന്നു പിന്നെയെന്താണു പള്ളിയിൽ വ
രാത്തതു്? എന്നെ വീട്ടിൽ നിന്നു പുറത്താക്കുമെന്നു അറി
ഞ്ഞാൻ മറുപടി പറഞ്ഞു ഉടനെ അദ്ദേഹം "മിസ്റ്റർ ക
ഗാവാ നിങ്ങൾ ഒരു ഭീരുവാണല്ലൊ" എന്നുപറഞ്ഞു ഒരു
പ്പാൻ യുവാവിനെ ഭീരുവെന്നു പറയുന്നതു് അഭിമാനക്ഷയമാ
ണു്. അതുകേട്ടിട്ടു് ഞാൻ അദ്ദേഹത്തോടു നിങ്ങൾക്കു ആ
പദം ഒന്നുകൂടെ പറയാമോ എന്നു ചോദിച്ചു. അദ്ദേഹം
"അതേ മിസ്റ്റർ കഗാവാ നിങ്ങൾ ഒരു ഭീരുവാണെന്നു" ഉറ
പ്പിച്ചു പറഞ്ഞു. അങ്ങിനെയാണെങ്കിൽ സ്നാനമേ
ല്ക്കാൻ ഞാൻ തയ്യാറാണെന്നു പറഞ്ഞു. അതിന്റെ ശേഷം
ഞാൻ സ്നാനമേറ്റു പള്ളിയിൽപോയി. അതിൽപിന്നെ
ഞാൻ ഒരു നല്ലക്രിസ്ത്യാനിയായി ജീവിക്കണമെന്നും പുറംപന്തിയിൽ,
കിടക്കുന്നവരുടെ രക്ഷയ്ക്കായിട്ടു് ആയുസ്സിനെ വിനിയോഗിക്ക
ണമെന്നും തീരുമാനിച്ചു.

എന്റെ സ്വന്ത അനുഭവത്തെപ്പറ്റി പ്രശംസയായി
സാക്ഷി പറക വളരെ പ്രയാസമാണു്. എങ്കിലും ക്രിസ്തുവി
നുവേണ്ടി ഞാൻ അതു ചെയ്യുന്നു. മുപ്പതു വർഷങ്ങൾക്കു മു
മ്പിൽ ക്രിസ്തുവിനുവേണ്ടി ജീവിപ്പാൻ വീടുവിട്ടു ജപ്പാനിലെ
പുറംപന്തിയിലുള്ള ഒരു തെരുവിൽ ഞാൻ താമസമാക്കി. ഇ
തു കോബെ-എന്ന പട്ടണമാണു് അതു ജപ്പാനിലെ നാലാ
മത്തെ പട്ടണമാകുന്നു. എട്ടുവാരിപ്പും ഫിലിയത്തു-ടോക്കിയോ-
പട്ടണങ്ങൾ. അവിടെ 60 ലക്ഷം ജനങ്ങളുണ്ടു്. കോബെ
ബോംബെ പട്ടണം പോലെയാണു്. അവിടെ 10 ലക്ഷം ജ

നങ്ങളെയുള്ളൂ. അവിടെ വളരെ ഇടുങ്ങിയ ഒരു സ്ഥലത്തു ഞാൻ പോയി പാർത്തു. അവിടെ ഉണ്ടായിരുന്ന പതിനൊന്നു തെരുവുകളിലുംക്രൂടി പതിനോരായിരം പേർ താമസിച്ചിരുന്ന ശിക്ഷ അനുഭവിച്ച ശേഷം ജയിലിൽനിന്നു വിമോചനം ലഭിച്ച 800 പേർ അവിടെ താമസിച്ചിരുന്നു. അതു ചൂതുകളിക്കാരുടെ ഒരു പ്രധാന സ്ഥാനമായിരുന്നു. 70 ആളുകൾ ആ സംഘത്തിൽ ഉണ്ടായിരുന്നു. ഒരു വലിയ കുറവാളിയായിരുന്ന ആ ചൂതുകളി സംഘത്തിന്റെ നായകൻ അവിടെയുള്ള അനേകരുടെ വീടുകൾ വളരെ ചെറുതായിരുന്നു. 6 അടി നീളവും 6 അടി വീതിയുമുള്ള ഒരു മുറിയിൽ 9 പേർ ഉറങ്ങുമായിരുന്നു ഇവിടെ ഈ പന്തൽ ഞാൻ നോക്കിയിട്ട് 6 അടി നീളവും 6 അടി വീതിയുമുള്ള സ്ഥലത്തു ഒൻപതു പേർ ഇരിക്കുന്നതായി കാണുന്നു. നമ്മുടെ മുട്ടു മടക്കാൻ കഴിയുന്നതുകൊണ്ടു ഇങ്ങനെ ഇരിക്കാവുന്നതാണ്. അവിടെയുള്ള ചെറിയ മുറിയിൽ 9 പേർ ഉറങ്ങുമായിരുന്നു. മൂന്നു ആളുകൾ അങ്ങോട്ടും മൂന്നു ആളുകൾ ഇങ്ങോട്ടും മൂന്നുപേർ വേറൊരു വശത്തേക്കും തലവച്ചു കിടക്കും. കുടിയന്മാരായിട്ടുള്ളവരും ഉന്മാർഗ്ഗികളായിട്ടുള്ളവരും മോഷ്ടാക്കളും ആയി ധാരാളം ആളുകൾ അവിടെയുണ്ടായിരുന്നു. ആ സ്ഥലത്തു ആണ്ടുതോറും 10 പേർ എങ്കിലും കൊല്ലപ്പെടുമായിരുന്നു. അവിടെ ഒരുത്തൻ കൊല്ലപ്പെട്ടതായ ഒരു വീടുണ്ട്. ആ ആൾ കൊല്ലപ്പെട്ടതിന്റെ ശേഷം പീഡിപ്പിക്കുന്ന ഒരു ഭ്രതം ആ വീട്ടിൽ വരുന്നതായി അവിടെയുള്ളവർ അറിഞ്ഞിരുന്നു. അതുകൊണ്ടു അവിടെ ആരും താമസിക്കയില്ല. ഈ വീടിന് ദിവസം ഒരണ കൊടുത്താൽ മതിയായിരുന്നു. ഇതു വളരെ നല്ലതെന്നു കണ്ട് ദിവസം ഒരണവീതം കൊടുത്തു ഞാൻ ആ വീടു കൂലിക്കെടുത്തു. ഒൻപതടി നീളം ആറടി വീതിയുള്ള രണ്ടു മുറികൾ അവിടെ ഉണ്ടായിരുന്നു ഞാൻ ആ മുറി എടുത്തശേഷം ആ മനുഷ്യൻ കൊല്ലപ്പെട്ടതായ ആ സ്ഥാനത്തുതന്നെ എന്റെ കിടക്ക ഞാൻ വിരിച്ചു അവന്റെ ആത്മാവു് ഉണ്ടെങ്കിൽ വരട്ടെ എന്നു ഞാൻ ആലോചിച്ചു പക്ഷേ എന്തുചെയ്യാം ആത്മാവു് വന്നില്ല. അവിടെ ചൂതുകളിക്കാരുടെ സഖിയായിരുന്ന ഒ

രാഠം എന്റെറ അടുക്കലേക്കു ഒരു കൈത്തോക്കുമായിട്ടു വന്നു കയറി. മി: കഗാവാ നിങ്ങഠം ഇവിടെ പാക്കാൻ വിചാരിച്ചിരിക്കുന്നവല്ലൊ. ഞങ്ങളുടെ ക്രൂട്ടത്തിൽ ഒരു കുടിയനായ മനുഷ്യൻ ഉണ്ടു്. അവൻ കുടിച്ചുകഴിഞ്ഞാൽ അങ്ങോട്ടുമിങ്ങോട്ടും നീങ്ങാതെ നില്ക്കും. ഈ വീടു പിശാചുക്കഠം ഉള്ളതാണല്ലൊ. അതിനാൽ ഇവനെക്കൂടി നിങ്ങഠംക്കു ഒരു ക്രൂട്ടുകാരനായിട്ടു തരാം. അതിന്റെറ ശേഷം ഈ കൈത്തോക്കും കയ്യിൽ എടുക്കുക എന്നു പറഞ്ഞു കൈത്തോക്കു എന്നെ കാണിച്ചു. അവന്റെറ ക്രൂട്ടുകാരൻ ഒരു തടിയനാകയാൽ അയാളെ എല്ലാവരും ബിംബം എന്നാണു വിളിച്ചുവരുന്നതു ഞാൻ അദ്ദേഹത്തോടു ബിംബത്തെ ഞാൻ സ്വീകരിച്ചുകൊള്ളാം. പക്ഷെ കൈത്തോക്കു വേണ്ടാ എന്നു പറഞ്ഞു. ഞാൻ അയാളെ അംഗീകരിച്ചു. അതിന്റെറ ശേഷം ആ ബിംബം അവനു കിടക്കാൻ ഒരു സ്ഥലം കൊടുക്കണമെന്നു് ആവശ്യപ്പെട്ടു പിശാചിനെപ്പററിയുള്ള ഭീതികൊണ്ടു അവൻ എന്റെറ ക്രൂടെ കിടക്കണം എന്നു നിർബന്ധമായി. എന്റെറ കട്ടിലിൽത്തന്നെ ഞാൻ കയററി കിടത്തി. പക്ഷേ അവന്റെറ തൊലിയിൽ ഒരു രോഗം ഉണ്ടായിരുന്നതു് ഞാൻ മനസ്സിലാക്കിയിരുന്നില്ല. ഞാൻ ഉണർന്നു നോക്കിയപ്പോഠം ആ രോഗം എന്റെറ തൊലിമേലും പിടിച്ചിരിക്കുന്നതായി കണ്ടു. ഞാൻ അതിരാവിലെ എഴുനേല്ക്കും പക്ഷേ അവൻ ആ കിടപ്പിൽത്തന്നെ കിടക്കുന്നു. ഞാൻ അവനെ ഉണർത്താനും പോയില്ല. നേരം വെളുത്തു വളരെ നേരം കഴിഞ്ഞിട്ടും ആ ബിംബം ഉണർന്നു എഴുനേല്ക്കാൻ ഭാവമില്ല നിങ്ങഠം എന്താണെഴുനേൽക്കാത്തതെന്നു ഞാൻ ചോദിച്ചു ഞാൻ എഴുന്നേററാൽ ഉടൻ ഭക്ഷണം വേണം അല്ലാത്തപക്ഷം അതിനു ബദ്ധപ്പെട്ടനാശകുതി നഷ്ടമായിപോകുമെല്ലൊ എന്നു വിചാരിച്ചാണെന്നു മറുപടി പറഞ്ഞു.

പിന്നീടു് കയറിവന്നതു ഒരു കൊച്ചുനെ കുത്തികൊന്നവൻ ആയിരുന്നു അവൻ മനഃപൂർവ്വമായി ഈ കുല ചെയ്തതല്ല എന്നു് കച്ചേരിയിൽ അവനു വിപരീതമായി ആരും സാക്ഷിപറയാഞ്ഞതുകൊണ്ടു് മനസ്സിലാക്കാം. അതുകൊണ്ടു് ഒരു വർഷവും ആറു മാസത്തെ ശിക്ഷയും കഴിഞ്ഞു അവനെ ഇറക്കിവിട്ട തടവിൽ കിടന്നിരുന്ന ഓരോരോ രാത്രിയും പിശാ

ചിനെ സ്വപ്നം കാണുക പതിവായിരുന്നു. അവൻ അന്ന് എന്നോട് പറഞ്ഞു മി: കഗാവാ നിങ്ങൾ പിശാചു പീഡിപ്പിക്കുന്ന വീട്ടിലാണല്ലോ പാർക്കുന്നത്. എന്നാൽ എന്റെ കൂടെ രാവും പകലും ഒരു പിശാചുണ്ട്. അതിനെ മാറ്റാൻ നിങ്ങൾ ശ്രമിക്കണമെന്നു പറഞ്ഞു. ഇങ്ങനെ ഞാൻ എന്റെ കിടക്കയുടെ നടുക്കും എന്റെ ഒരുഭാഗത്തു് മുമ്പിലത്തെ ബിംബവും മറുവശത്തു് ഈ കൊലപാതകനും കിടക്കും. അദ്ദേഹം വിശ്വസിച്ചിരിക്കുന്നത് ദൈവം അത്ഭുതകരമായി എന്നെ പിശാചിൽ നിന്നു് രക്ഷിക്കുന്നുവെന്നാണു്. ഓരോവം എന്റെ അടുക്കൽവന്നു പിശാചിനെ ഓടിക്കുമ്പോൾ എന്റെ ശരീരത്തിൽ അവൻ മുറുകെ പിടിച്ചിരുന്നാൽ അവന്റെ ശരീരത്തിലേക്കു കടന്നു് അവന്റെ പിശാചിനേയും ഓടിക്കുമെന്നായിരുന്നു അവന്റെ വിശ്വാസം. അതിനാൽ അവൻ എന്റെ കയ്യിൽ മുറുകെ പിടിക്കും. ദൈവശക്തി വന്നിലേക്കു വരുമ്പോൾ ആ അവന്റെ കയ്യിൽക്കൂടെ കടന്നു പിശാചിനേയും ഓടിക്കുമെന്നാണു്. അവൻ വിചാരിച്ചതു് എന്നാൽ ചിലപ്പോൾ അവൻ പെട്ടെന്നു ഞെട്ടി ഉണർന്നു് നിലവിളിക്കുക അവന്റെ പതിവാണു്. അപ്പോൾ ഞാൻ അവനെ കുലുക്കി നല്ലവണ്ണം ഉണർത്തി കർത്താവു ലോകരക്ഷകനാണെന്നും മറും പറയുമായിരുന്നു. അപ്പോൾ ഞാൻ അവനെ വിശ്വസിച്ചുകൊള്ളാം എന്നാൽ ഇപ്പോൾ എന്റെ കയ്യിൽ ഒന്നു പിടിച്ചുകൊള്ളണേ എന്നു പറയും. ഞാൻ എന്റെ കൈ കൊടുക്കുമ്പോൾ അവൻ കയ്യിൽ പിടിച്ചു് ഉറങ്ങും. നാലു വർഷംകൊണ്ടു് അവൻപൂർണ്ണ സുഖപ്രാപ്തിയിൽ എത്തിച്ചേർന്നു.

19 വർഷമായി പുണ്ണുകൊണ്ടു വലഞ്ഞിരുന്ന ഒരുവൻ എന്റെ അടുക്കൽവന്നു ഇപ്രകാരം പറഞ്ഞു, "മി: കഗാവാ, നിങ്ങൾക്കു ഈ ബിംബവും ഈ കൊലപാതകനുമുണ്ടല്ലോ. പിന്നെ എന്തുകൊണ്ടാണു് എന്നെക്കൂടി താമസിപ്പിക്കാൻ പാടില്ലാത്തതു്." വരണം നമുക്കെല്ലാംകൂടി ഒരുമിച്ചു പാർക്കാം എന്നു ഞാൻ പറഞ്ഞു. ആ കാലത്തു എനിക്കു 11 രൂപാ മാത്രമെ കിട്ടുമായിരുന്നുള്ളൂ. ഈ 11 രൂപാ കൊണ്ടു പ്രായപൂർത്തിയായ 4 ആളുകൾ കഴിച്ചുകൂട്ടുന്നതു് പ്രയാസമാണെന്നറി

യാമല്ലോ. അതിനാൽ കഞ്ഞിയിൽ ക്കൂടുതൽ വെള്ളമൊഴി
ച്ചു കഞ്ഞിവെള്ളം കൊണ്ടു ഞങ്ങൾം വയർ നിറച്ചുതുടങ്ങി.
ഞങ്ങൾക്കു ദിവസംപ്രതിയുള്ള ആഹാരം ഇന്നും തരേണമേ
എന്നാണല്ലോ കർത്താവിന്റെ പ്രാർത്ഥനയിൽ നമ്മെ പഠിപ്പി
ച്ചിട്ടുള്ളതു്. അവിടെ പറയുന്നതു ഞങ്ങളുടെ ആഹാരം എ
ന്നതിനു എന്റെ ആഹാരം എന്നല്ലാ പിന്നയോ ഞങ്ങളുടെ
ആഹാരം എന്നതു് ബിംബത്തിന്റെയും കൊലപാതകന്റെ
യും പുണ്ണുപിടിച്ചവന്റെയും എന്റെയും ആഹാരമാണു്.
അതുകൊണ്ടു, കർത്താവിന്റെ പ്രാർത്ഥന ഞാൻ ചൊല്ലുന്നതു
അർത്ഥവത്തായിരുന്നു എന്നതു സത്യംതന്നെ. അങ്ങനെ മൂന്നു
മാസത്തേക്കു കഞ്ഞിയിൽ വെള്ളമൊഴിച്ചു രണ്ടു നേരത്തെ
ആഹാരംമാത്രം കഴിച്ചു ഞങ്ങൾം വിശപ്പടക്കി പ്രായാധിക്യമു
ള്ള സ്ത്രീകളുടെ ഒരു സംഘടന അവിടെയുണ്ടു്. അതിന്റെ
പ്രസിഡൻറു് ഞങ്ങളുടെ അടുക്കൽ വന്നു അഞ്ചു രൂപാ ത
ന്നു. അന്നു് അരി വാങ്ങി ചോറുവച്ചു് ഉണ്ടു. എന്റെ ആ
യുസ്സിൽ ചോറു് ഇത്ര രുചികരമെന്നു് അന്നാണു് ഞാൻ അ
റിഞ്ഞതു്. മറുള്ളവരെ ആശ്രയിക്കുന്നതു എനിക്കു് ഇഷ്ടമ
ല്ല. അതുകൊണ്ടു ഞങ്ങളുടെ ആവശ്യങ്ങൾം നിർവഹിപ്പാൻ
ചിമ്മിനിയുടെ പുക തുടയ്ക്കുന്ന ജോലിയിൽ ഞാൻ പ്രവേശി
ച്ചു. അതിനു പത്തു രൂപ പ്രതിഫലംകിട്ടുമായിരുന്നു.

എന്റെ അടുത്ത വീട്ടിൽ താമസിച്ചിരുന്ന ഒരുവൻ തു
റമുഖത്തു് സാമാനങ്ങൾം കയറ്റി ഇറക്കാൻ പോകുമായിരുന്നു.
അവനു അതിനു പ്രതിഫലമായി മാസം 120 രൂപാവീതം
കിട്ടുമായിരുന്നു. എന്നാൽ അവൻ ഒരു കുടിയനായിരുന്നതി
നാൽ ദിവസം നാലുരൂപാ അവനു കുടിക്കാൻ മതിയാകയില്ലാ
യിരുന്നു. തണുപ്പുകാലം ഇവിടുത്തെ മഞ്ഞുകാലത്തേക്കാൾം
തണുപ്പാണു്. അവന്റെ കുടി വർദ്ധിച്ചു അവനുണ്ടായിരു
ന്ന രണ്ടു പെൺകുട്ടികളെ 70 രൂപ വിലയ്ക്കു അവൻ ഒരു ചീ
നക്കാരനു വിറ്റു കിട്ടിയ തുക ക്രൂടി കുടിക്കാൻ ഉപയോഗിച്ചു.
ഞാൻ എനിക്കു കിട്ടിയ 21 രൂപകൊണ്ടു എന്റെ ആവശ്യ
ങ്ങളും കഴിച്ചു മൂന്നുപേരേയും ക്രൂടി രക്ഷിച്ചു. അതേസമയത്തു
എന്റെ അയൽവാസി അയാൾക്കു കിട്ടിയ 120 രൂപകൊ
ണ്ടു് അവന്റെ കാര്യങ്ങൾം സാധിക്കാഞ്ഞിട്ടു് അവന്റെ രണ്ടു

കുട്ടികളെ ക്രൂടി വിറ്റു. ഇതാണ് കുടിയാന്മാരുടെ അനുഭവം എന്നു് ഓക്കേണമേ.

ഈ പുറംതെരുവിൽ ചീത്തസ്ത്രീകൾ ധാരാളമുണ്ടു്. അവക്കു ഗർഭധാരണമുണ്ടായാൽ അവർ പ്രസവിക്കുന്ന കുഞ്ഞുങ്ങളെ കൊല്ലാൻ ഈ തെരുവിൽ കൊണ്ടുവരും. ഇപ്രകാരം കൊല്ലുന്ന പല സ്ത്രീകളും അവിടെയുണ്ടായിരുന്നു. അവിടെ ഒരു മോഷ്ടാവിന്റെ ഭാര്യയുണ്ടായിരുന്നു. അവൾ രണ്ടുപ്രാവശ്യം തടവിൽ കിടന്നവളാണു്. അവളുടെ കുഞ്ഞിനെ കൊല്ലുവാൻ അവൾ ശ്രമിച്ചു. അതിനെ വിഷംകൊടുത്തോ മറേറാ കൊന്നാൽ പോലീസുകാർ പിടിക്കുമല്ലോ എന്നു വിചാരിച്ചു അവൾ അതിനു നല്ല ഭക്ഷണം കൊടുക്കാതെയിട്ടു കൊല്ലാൻ നിശ്ചയിച്ചു. അങ്ങനെയെങ്കിൽ ഭക്ഷണമില്ലാതെ മരിച്ചു എന്നു സർട്ടിഫിക്കേറു കിട്ടും, അതിനെ ദഹിപ്പിക്കയും ചെയ്യാം അവൾ ഒരു കൊള്ളരുതാത്തവളായിരുന്നു എങ്കിലും അവൾക്കും മനസ്സാക്ഷി ഉണ്ടായിരുന്നു. ആഴ്ചയിൽ ഒരു തകരം പാൽ വീതം ഞാൻ ഈ കുട്ടിയ്ക്കു തരാം, അതിനെ കൊല്ലെണ്ടാ എന്നു ഞാൻ പറഞ്ഞു. ഇപ്രകാരം കുറെയാഴ്ചകൾകഴിഞ്ഞു് കർക്കടകമാസത്തിലെ മൂടുകാലത്തു അവൾ എവിടെയൊപോയി കുറെ കഴിഞ്ഞപ്പോൾ പോലീസുസ്റ്റേഷ്യനിൽ ചെല്ലുവാൻ എനിക്കു ഒരുത്തരവു കിട്ടി. ഇതിനുമുമ്പു് ഞാൻ പോലീസുസ്റ്റേഷ്യനിൽ പോയിട്ടില്ലായിരുന്നു അവരുടെ നായകൻ എന്നോടു "നിങ്ങൾ കഗാവാ അല്ലേ?" അതേ. "നിങ്ങൾക്കൊരു ഭാര്യയില്ലെ? ഇല്ല "നിങ്ങൾ പുറംതെരുവിൽ ഒരു ഭാര്യയോടുകൂടെ താമസിച്ചിരുന്നില്ലേ" ഇല്ല "നിങ്ങൾ കള്ളം പറയരുതു്. നിങ്ങൾക്കു ഒരു കുട്ടിയില്ലേ?" ഭാര്യയില്ലതെ എങ്ങിനെ കുട്ടിയുണ്ടാകും എന്നു ഞാൻ പറഞ്ഞു. പോലീസു നായകൻ "നിങ്ങൾ കള്ളം പറയുന്നു. നിങ്ങളുടെ കുട്ടി ഇവിടെയുണ്ടു്" അങ്ങിനെയാണെങ്കിൽ ആ കുട്ടിയെ എനിക്കൊന്നു കാണണമെന്നു ഞാൻ പറഞ്ഞു. ഒരുപോലീസുകാരൻ എന്നെ വിളിച്ചു കൊണ്ടുപോയി കുട്ടിയെ കാണിച്ചു. അതു് ഞാൻ ഒരു തകരം പാൽവീതം കൊടുത്തുകൊണ്ടിരുന്ന ബലഹീനപ്പെട്ട കുട്ടിയും തള്ളയും ആയിരുന്നു. ആ കൊള്ളരുതാത്ത സ്ത്രീ പോലീസിൽചെന്നു അവൾ എന്റെ ഭാര്യയും

8 തുടർച്ച

കുട്ടിയെന്റേതുമാണെന്നും പറഞ്ഞിരുന്നു ഞാൻ ഉള്ളതുപോലെ പറഞ്ഞെങ്കിൽ അവർക്കു നാലു വർഷം തടവുശിക്ഷ കിട്ടുമായിരുന്നു. എന്നാൽ ഞാൻ ഒന്നും പറയാതെ ഈ കുട്ടിയെ ഞാൻ കൊണ്ടുപൊയ്ക്കോള്ളാമെന്നുപറഞ്ഞു അവരുടെ കൂടെ കൊണ്ടുപോന്നു. എന്നാൽ ഇതിന്റെശേഷം ഞാൻ ഒരുതള്ളയായിത്തീർന്നു. ഈ കുട്ടിക്കു ആവശ്യമുള്ള പാൽ ഞാനാണല്ലോ കൊടുക്കേണ്ടതു്. അതുകൊണ്ടു യഥാർത്ഥമായും തള്ള ഞാനാണു്.

ഞാൻ ഈ ശിശുവിനെ മുറിയിൽ കൊണ്ടുചെന്നാപ്പോൾ എന്റെ കൂട്ടുകാരായ ബിംബത്തിനും കൊലപാതകനും പുണ്യകാരനും തീരെ ഇഷ്ടമായില്ല. രാത്രി മുഴുവൻ ആ കുട്ടി കരയും അടുത്ത രാത്രി ആ പെൺകുട്ടിക്കു ഒരു ജ്വരം ഉണ്ടായി. മിക്കവാറും നാഡിനിന്നു. എന്താണു ചെയ്യേണ്ടതെന്നു എനിക്കറിഞ്ഞുകൂടാ. ശവപ്പെട്ടിക്കുപോലും എന്റെ കൈവശം പണമില്ലായിരുന്നു. ഞാൻ കരയാൻ തുടങ്ങി. അവളുംകൂടെ കരയേണ്ടതാണെല്ലോ എന്നു ഞാൻ വിചാരിച്ചു. എന്റെ കണ്ണുനീർ തുടച്ചു അതിന്റെ കണ്ണിൽ വച്ചു. അതുതൊട്ടു കഴിഞ്ഞപ്പോഴും കുട്ടി കരവാൻ തുടങ്ങി. ഹാ! കുട്ടിക്കു ജീവനുണ്ടല്ലോ എന്നു ഓർത്തു ഞാൻ സന്തോഷിച്ചു. ഞാനിതു് ഒരു കവിതയായി എഴുതി പരസ്യപ്പെടുത്തി, കണ്ണുനീർ രണ്ടായി വിഭാഗിച്ചു എന്നാണു അതിന്റെ തലക്കെട്ടു. ഞാൻ അതെഴുതി ഒരു ബുക്ക്ഷോപ്പുകാരനുകൊടുത്തു അതിന്റെ പ്രതിഫലമായി എനിക്കു മൂന്നു വർഷം കാര്യങ്ങൾ നടത്താനുള്ള പണം കിട്ടി. ഈ കാലംകൊണ്ടു പുറംതെരുവിനെപ്പറ്റി പലതും ഞാൻ എഴുതികൂടിയന്മാരെയും ധർമ്മബോധമില്ലാത്തവരെപ്പറ്റിയും ഞാൻ അതിൽഎഴുതിയിരുന്നു.

ഒരിക്കൽ ഒരു തെണ്ടിക്കാരൻ എന്റെ അടുക്കൽവന്നു "മിസ്റ്റർ കഗാവാ നിങ്ങൾ പലരേയും രക്ഷിക്കുന്നുണ്ടല്ലോ എന്നെയുംകൂടെ രക്ഷിക്കേണമെന്നു" പറഞ്ഞു അവൻ ഒരു കുടിയനായിരുന്നതുകൊണ്ടു് കുടിനിർത്താമെങ്കിൽ സ്വീകരിക്കാമെന്നു പറഞ്ഞു. അവൻ കുടി നിർത്താമെന്നുസമ്മതിച്ചു. അതുകൊണ്ടു അവനെ ഞാൻ സ്വീകരിച്ചു. ഏകദേശം നാലുമാസം കഴിഞ്ഞു ജനുവരി ഒന്നാം തീയതി വന്നു. ജപ്പാനിൽ ആതീയതി വളരെ പ്രധാനമാണു്. അവരുൻ എവിടെനിന്നോ

ഒരു വീഞ്ഞു കൂപ്പി കൈക്കലാക്കി. കിടക്കയിൽ കിടന്നു കുടിച്ചതിന്റെ ശേഷം അവൻ ഗാഢമായി ഉച്ചവരെ കിടന്നുറങ്ങി ഞാൻ ഉണർത്തിയില്ല. അനന്തരം ഉണർന്നു കഗാവാ എനിക്കു കുറെ പണം തരണമെന്നാവശ്യപ്പെട്ടു. തരികയില്ലെന്നു പറഞ്ഞപ്പോൾ ഞാൻ ഒരു കൊള്ളത്തലവനാണ് ഇവിടെയുള്ള കൊള്ളരുതാത്തവർ എന്നെ പേടിച്ചാണു നിന്നെ ഉപദ്രവിക്കാത്തതു്. ഞാൻ നാലു മാസമായി നിന്നെ കാത്തുരക്ഷിക്കുന്നു. പ്രതിമാസം 20 രൂപാ വീതം 80 രൂപാ തരണം. എനിക്കു പണമില്ലെന്നുപറഞ്ഞപ്പോൾ അവൻ എന്റെ മുഖത്തു ഒരു ഇടി ഇടിച്ചു എന്റെരണ്ടു പല്ലുതാഴെവീഴുകയും അസ്ഥിക്കു കേടു പറ്റുകയും ചെയ്തു. അതുകൊണ്ടു് നിങ്ങളോടു ഇംഗ്ലീഷിൽ ശരിയായി സംസാരിക്കുന്നതിനു എനിക്കു നിവൃത്തിയില്ല. ഈ സംഭവം എന്നെ മധുവർജ്ജനത്തിനു പ്രേരിപ്പിച്ചു. ഇതിനോടൊപ്പം പ്രധാനമായി മനുഷ്യരെ രക്ഷിപ്പാൻ വേറെ മാർഗ്ഗമില്ലല്ലോ ഈ പ്രസ്ഥാനത്തിന്റെ ഫലമായിട്ടു ജപ്പാനിൽ പുകവലിയും കുടിയും ഇല്ലാതെയായി തീർന്നിരിക്കുന്നു. എന്റെ പ്രവർത്തനത്തെ പരസ്യപ്പെടുത്തുന്ന ഒരു പുസ്തകം ജപ്പാനിലെ പ്രധാനമന്ത്രി വായിച്ചതിന്റെ ശേഷം അതിലെ ചില ഭാഗങ്ങൾ പ്രത്യേകം അച്ചടിച്ചു് പാർലിമെന്ററി മെമ്പറന്മാർക്കു് അയച്ചുകൊടുക്കുകയും തൽഫലമായി ജപ്പാനിലെ പുറന്തെരുവുകൾ നന്നാക്കാൻ രണ്ടു കോടി പവൻ അവിടുത്തെ നിയമസഭകൾ രണ്ടുംകൂടി പാസ്സാക്കുകയും ചെയ്തു. എന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാണ്.

ദൈവരാജ്യപ്രസ്ഥാനം ആരംഭിക്കുന്നതിനുമുമ്പു ജപ്പാനിൽ പതിനായിരംപേർ മാത്രമേ സത്യക്രിസ്ത്യാനികളായി തീർന്നിരുന്നൊള്ളു. എന്നാൽ ദൈവരാജ്യ പ്രസ്ഥാനത്തിന്റെ വേലയുടെ ഫലമായി ഇപ്പോൾ പ്രതിവർഷം 19000 പേർവീതം ക്രിസ്തേതരരിൽനിന്നും ക്രിസ്ത്യാനികളായി തീരുന്നുണ്ടു് ചൈനാ,ജപ്പാൻ യുദ്ധം ഒരു പ്രതിബന്ധമാണെന്നു പറയേണ്ടിയിരിക്കുന്നു തൊഴിലാളികളുടെ സ്ഥിതി നന്നാക്കുന്നതിനും ജപ്പാൻകാർക്രിസ്തുമാർഗ്ഗത്തിലേക്കു വരുന്നതിനും നിങ്ങളും പ്രാർത്ഥിക്കണം.

സീ. ചി. എം. എം. പ്രസ്സ്, കോഴഞ്ചേരി